# വിശ്വാസ വീഥി

## (റാഹെ ഈമാൻ)

അഹ്മദി കുട്ടികൾക്കുള്ള പ്രാരംഭ മത വിദ്യാഭ്യാസ
പഠന സഹായി

ശൈഖ് ഖുർശീദ് അഹ്മദ്
വിവർത്തനം:
ജുവൈരിയ ഗൗഹർ ശംസ്

പ്രസാധകർ:
ഇസ്‌ലാം ഇന്റർനാഷനൽ പബ്ലിക്കേഷൻസ്, കേരള
കണ്ണൂർ

Malayalam
VISHWASA VEEDHI
(MALAYALAM TRANSLATION OF RAHE IMAN-URDU)

Author:
SHAIKH KHURSHID AHMAD

Translated by:
JUVAIRIYA GOUHAR SHAMS

Printed at:

Published by:
ISLAM INTERNATIONAL PUBLICATIONS LTD
KERALA, KANNUR-670001

Price : 30/-

2011 DECEMBER

بِسْمِ اللهِ الرَّحْمٰنِ الرَّحِيمِ
نَحْمَدُهُ وَ نُصَلِّى عَلٰى رَسُولِهِ الْكَرِيمِ

# പ്രസ്താവന

കുട്ടികൾക്ക് ഇസ്‌ലാം അഹ്മദിയ്യത്തിന്റെ വിശ്വാസങ്ങൾ, കാർമ്മശാസ്ത്ര വിഷയങ്ങൾ, സുപ്രധാനമായി അറിഞ്ഞിരിക്കേണ്ട മതകാര്യങ്ങൾ എന്നിവയെക്കുറിച്ച് പ്രഥമമായ അറിവ് നൽകുന്നതിനായി ശൈഖ് ഖുർശീദ് അഹ്മദ് സാഹിബ് ഉറുദുവിൽ തയ്യാറാക്കിയ പുസ്തകത്തിന്റെ മലയാള വിവർത്തനമാണ് നിങ്ങളുടെ കൈകളിൽ ഇപ്പോഴുള്ളത്. **റാഹെ ഇമാൻ** എന്നതാണ് ഉറുദുവിൽ ഇതിന്റെ പേര്. ഖാദിയാനിലെ നസാറത്ത് നശ്റോ ഇശാഅത്ത് വിഭാഗമാണ് ഇത് ഉറുദുവിൽ പ്രസിദ്ധീകരിച്ചിരിക്കുന്നത്.

ഈ പുസ്തകത്തെ രണ്ടു ഭാഗങ്ങളാക്കിത്തിരിച്ചിരിക്കുന്നു. ആദ്യ ഭാഗം ഇസ്‌ലാമിന്റെ അടിസ്ഥാന വിശ്വാസങ്ങൾ, ഇസ്‌ലാം കാര്യങ്ങൾ, മസ്ജിദുകളിൽ പാലിക്കേണ്ട മര്യദകൾ, തിരുനബി (സ)യുടെ ജീവിതം ഒരു ചെറു വിവരണം, സചരിതരായ ഖലീഫമാർ, ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെയും ഖലീഫമാരുടെയും ജീവ ചരിത്രം, അഹ്മദിയ്യാ ജമാഅത്തിന്റെ രൂപീകരണ ലക്ഷ്യം, അഹ്മദിയ്യാ വിശ്വാസങ്ങൾ, ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ എന്നിവ ഉൾകൊള്ളുന്നതാണ്.

രണ്ടാം ഭാഗം അഹ്മദിയ്യാ ജമാഅത്തിന്റെ പ്രത്യേകതകൾ, അല്ലാഹുവിന്റെ ഗുണനാമങ്ങൾ, ചില ദുആകൾ, തിരു

നബി(സ)യുടെ തിരുചര്യകൾ, ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സ്വഭാവഗുണങ്ങൾ, അറിഞ്ഞിരിക്കേണ്ട മറ്റു ചില കാര്യങ്ങൾ എന്നിവ ഉൾകൊള്ളുന്നു.

ഈ പുസ്തകം മലയാളത്തിലേക്ക് വിവർത്തനം ചെയ്തത് ജുവൈരിയ ഗൗഹർ ശംസ് സാഹിബയാണ്. അല്ലാഹു അവരിൽ നിന്ന് ഇതൊരു സ്വാലിഹായ അമലമായി സ്വീകരിക്കുമാറാകട്ടെ. ഇത് പ്രസിദ്ധീകരിക്കാനാവശ്യമായ സാമ്പത്തിക സഹായം നൽകിയത് കണ്ണൂർ ടൗൺ, കണ്ണൂർ സിറ്റി, കൂടാളി, കടലായി ലജ്നാ ഇമാ ഇല്ലാ സഹോദരിമാരാണ്. അവരുടെ ഈ ത്യാഗപൂർണ്ണമായ സേവനത്തിന് അല്ലാഹുവിൽനിന്ന് തക്കതായ പ്രതിഫലം ലഭിക്കുമാറാകട്ടെ. മലയാള വിവർത്തനം പരിശോധിക്കുകയും വേണ്ട മാറ്റങ്ങൾ കേന്ദ്രത്തിന്റെ അംഗീകാരത്തോടെ വരുത്തുകയും ചെയ്തത് കേരള റിവ്യൂ കമ്മിറ്റിയാണ്. അതിനായി റിവ്യൂ കമ്മിറ്റി അംഗങ്ങളായ മൗലവി എം. നാസിർ അഹ്മദ് സാഹിബ് സദ്ർ റിവ്യൂ കമ്മിറ്റി, മൗലവി ടി.കെ. മഹ്മൂദ് സാഹിബ്, മൗലവി ടി. എം. അബ്ദുൽ മുജീബ് സാഹിബ്, മൗലവി മുഹമ്മദ് നജീബ് ഖാൻ സാഹിബ് എന്നിവരോടുള്ള കൃതജ്ഞത ഇവിടെ അറിയിക്കുകയാണ്.

അല്ലാഹു ഈ പുസ്തകം കുട്ടികൾക്ക് മതപഠനത്തിന് സഹായകരമാക്കിത്തീർക്കട്ടെ എന്ന് പ്രാർഥിക്കുന്നു.

എന്ന്

1/12/2011 യു. മൻസൂർ അഹ്മദ്

Kannur സദ്ർ

പബ്ലിക്കേഷർ കമ്മിറ്റി കേരള

# ഭാഗം ഒന്ന്

## എട്ടു വയസ്സു മുതൽ പത്തു വയസ്സുവരെ
## യുള്ള കുട്ടികൾക്ക്

അധ്യായം - 1

# ആരാണ് മുസ്‌ലിം?

കുട്ടികളെ! അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹത്താൽ നിങ്ങളെല്ലാം മുസ്‌ലീങ്ങളാകുന്നു. ആരാണ് യഥാർത്ഥ മുസ്‌ലിം എന്ന് നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ?

## വിശ്വാസ പ്രമാണങ്ങൾ

**താഴെ കൊടുത്തിട്ടുള്ള ആറ് കാര്യങ്ങളിൽ വിശ്വസിക്കുന്നവ രാണ് യഥാർത്ഥ മുസ്‌ലിം.**

1. അല്ലാഹു ഏകാനാകുന്നു.
2. അല്ലാഹുവിന്റെ മലക്കുകൾ സത്യമാകുന്നു .
3. അല്ലാഹുവിന്റെ എല്ലാ നബിമാരും സത്യമാകുന്നു.
4. അല്ലാഹുവിന്റെ എല്ലാ ഗ്രന്ഥങ്ങളുംസത്യമാകുന്നു.
5. അന്ത്യനാൾ നിശ്ചയമായും സംഭവിക്കുന്നതാണ്.
6. എല്ലാ നന്മതിന്മകളും അല്ലാഹുവിൽ നിന്നുള്ളതാകുന്നു.

## ലഘു വിവരണം

**1. അല്ലാഹുവിലുള്ള വിശ്വാസം.**

لَآ اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

" ആരാധനയ്ക്കർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ല. മുഹമ്മദ് നബി (സ) അല്ലാഹുവിന്റെ റസൂലാകുന്നു."

അല്ലാഹുവിന് യാതൊരു പങ്കുകാരനുമില്ല എന്നതാണ് അവൻ ഏകനാണെന്നതുകൊണ്ടുള്ള വിവക്ഷ. അവന് സമനായി ആരുമില്ല. എല്ലാ നന്മകളുടെയും ഉറവിടം അവനാകുന്നു. അവൻ ആരുടെയും ആശ്രിതനല്ല. എന്നാൽ

നാമെല്ലാവരും അവനെ ആശ്രയിക്കുന്നവരാണ്. അവൻ എന്നെന്നും ജീവിച്ചിരിക്കുന്നവനാണ്. നമ്മെ സൃഷ്ടിച്ചതും പരിപാലിക്കുന്നതും അവൻ തന്നെയാണ്. ഇഹലോക ജീവിതത്തിനു ശേഷം എല്ലാവരുടെയും മടക്കം അവനിലേക്കാണ്. അല്ലാഹുവിന്റെ നബിയും റസൂലുമായ ഹദ്റത്ത് മുഹമ്മദ് നബി (സ) തിരുമേനിയെ നമ്മുടെ മാർഗ ദർശനത്തിനായി അയച്ചതും അവൻ തന്നെയാണ്.

## 2.മലക്കുകൾ:

അല്ലാഹുവിന്റെ ആത്മീയ സൃഷ്ടികളാണ് മലക്കുകൾ. അവർ അല്ലാഹുവിന്റെ ഇച്ഛയ്ക്കനുസരിച്ച് പ്രവർത്തിക്കുന്നു. അവർ എല്ലാ തിന്മകളിൽ നിന്നും പരിശുദ്ധരാണ്. ഹദ്റത്ത് ജിബ്രീൽ (അ), ഹദ്റത്ത് മീഖായീൽ (അ) എന്നിവർ പ്രസിദ്ധരായ രണ്ടു മലക്കുകളാണ്.

## 3.അല്ലാഹുവിന്റെ നബിമാർ

മാനവസമൂഹത്തെ നേർമാർഗത്തിൽ നടത്തുന്നതിന്നായി അല്ലാഹു അയക്കുന്ന അവന്റെ ദൂതന്മാരാണ് നബിമാർ. അവർ സത്യസന്ധരും നന്മകളുടെ ഉറവിടവുമാണ്. നബിമാർക്ക് എല്ലായ്പ്പോഴും അല്ലാഹുവിന്റെ സഹായം ഉണ്ടായിരിക്കുന്നതാണ്. ഹദ്റത്ത് മുഹമ്മദ് നബി (സ) മുഴുവൻ പ്രവാചകന്മാരുടെയും നേതാവും പ്രവാചകശ്രേഷ്ഠനുമാകുന്നു. നബി തിരുമേനി (സ) യുടെ സ്ഥാനത്തോടുകൂടിയുള്ള ഒരു നബിയും ഇതുവരെ വന്നിട്ടില്ല. ഇനി വരികയുമില്ല. പ്രസിദ്ധരായ മറ്റു ചില നബിമാരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1. ഹദ്റത്ത് ആദം (അ), 2.ഹദ്റത്ത് നൂഹ് (അ), 3. ഹദ്റത്ത് ഇബ്റാഹീം (അ), 4. ഹദ്റത്ത് ഇസ്മാഈൽ (അ), 5. ഹദ്റത്ത് ഇസ്ഹാഖ് (അ), 6. ഹദ്റത്ത് യഅ്ഖൂബ് (അ), 7. ഹദ്റത്ത് യൂസുഫ് (അ), 8. ഹദ്റത്ത് മൂസാ (അ), 9. ഹദ്റത്ത് ഇസാ (അ).

## 4. അല്ലാഹുവിന്റെ ഗ്രന്ഥങ്ങൾ

നമ്മുടെ നന്മയ്ക്കായുള്ള മാർഗനിർദേശങ്ങൾ അടങ്ങിയ ഗ്രന്ഥങ്ങൾ അല്ലാഹു അവന്റെ നബിമാരിലൂടെ

ഇറക്കുകയുണ്ടായി. അല്ലാഹുവിന്റെ പ്രീതി ലഭ്യമാകുന്ന കർമ്മങ്ങളും അവന്റെ ക്രോധത്തിന് പാത്രമാകുന്ന കർമ്മങ്ങളും ഏതൊക്കെ എന്ന കാര്യം ഈ ഗ്രന്ഥങ്ങൾ നമുക്ക് പറഞ്ഞു തരുന്നു. അല്ലാഹുവിനാൽ ഇറക്കപ്പെട്ട മുഴുവൻ ഗ്രന്ഥങ്ങളിലും വിശ്വസിക്കൽ ഓരോ മുസ്ലിമിനും നിർബന്ധമാണ്. ശരീഅത്തോടുകൂടിയുള്ള രണ്ടു ഗ്രന്ഥങ്ങളാണ് തൗറാത്തും വിശുദ്ധ ഖുർആനും. പരിപൂർണ്ണവും അവസാനത്തേതുമായ അല്ലാഹുവിന്റെ ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. ഇതിന്റെ അവതരണത്തോടുകൂടി മുൻകഴിഞ്ഞ മുഴുവൻ ഗ്രന്ഥങ്ങളും കാലഹരണപ്പെടുകയുണ്ടായി. മറ്റു ഗ്രന്ഥങ്ങളിലുള്ള എല്ലാ നന്മകളും ഉപദേശ നിർദ്ദേശങ്ങളും ഖുർആനിൽ സമാഹരിച്ചിട്ടുണ്ട്. അത്യുന്നതവും അതിമഹത്തായതുമായ ഈ ഗ്രന്ഥത്തിൽ വിശ്വസിക്കുന്നതിലൂടെ മാത്രമേ ലോകത്തിന് നേർമാർഗ്ഗം സിദ്ധിക്കുകയുള്ളൂ.

### 5.അന്ത്യനാൾ:

സകല ജീവജാലങ്ങളുടെയും അന്തിമമായ മടക്കം അല്ലാഹുവിലേക്കാണ്. നമ്മളോരോരോരുത്തരുടെയും കർമ്മങ്ങൾക്കനുസൃതമായ വിധികല്പിക്കുന്ന ഒരുനാൾ തീർച്ചയായും വരുന്നതാണ്. സൽപ്രവർത്തനങ്ങൾക്കുള്ള പ്രതിഫലവും ദുഷ്പ്രവർത്തനങ്ങൾക്കുള്ള ശിക്ഷയും അല്ലാഹു നല്കുന്നതാണ്. ഈ ദിനത്തെയാണ് ഖിയാമത്ത് നാൾ അഥവാ അന്ത്യനാൾ എന്നു പറയുന്നത്.

### 6. നന്മതിന്മകളിലുള്ള വിശ്വാസം.

എല്ലാ നന്മതിന്മകളും വിധിനിർണ്ണയങ്ങളും അല്ലാഹുവിൽ നിന്നുള്ളതാണെന്ന് വിശ്വസിക്കൽ ഒരു മുസ്ലിമിന് നിർബന്ധമാണ്.

## ഇസ്ലാം കാര്യങ്ങൾ

ഇസ്ലാം കാര്യങ്ങൾ അഞ്ചാണ്. അതിൽ വിശ്വസിച്ച് പ്രവർത്തിക്കുകയെന്നത് ഓരോ മുസ്ലിമിന്റെയും കടമയാണ്. താഴെ പറയുന്നവയാണ് അഞ്ച് ഇസ്ലാം കാര്യങ്ങൾ.

1.കലിമ ശഹാദത്ത് 2. നമസ്കാരം 3.നോമ്പ് 4 . സക്കാത്ത് 5. ഹജ്ജ്.

## 1. കലിമ ശഹാദത്ത്

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ
وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

“ അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് നബി (സ) അല്ലാഹുവിന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.”

## 2. നമസ്കാരം

ദിവസവും അഞ്ചുനേരങ്ങളിലായി അനുഷ്ഠിക്കുന്ന ഇസ്ലാമിലെ സുപ്രധാന ആരാധനാ കർമ്മമാണ് നമസ്കാരം. അഞ്ചുനേരവും മുറപ്രകാരം നമസ്കാരം അനുഷ്ഠിക്കേണ്ടത് ഓരോ മുസ്‌ലിമിനും നിർബന്ധമാക്കപ്പെട്ടിരിക്കുന്നു.

## 3. നോമ്പ്

എല്ലാ വർഷവും റമദാൻ മാസത്തിലെ നോമ്പനുഷ്ഠിക്കേണ്ടത് നിർബന്ധമാണ്.

## 4.സക്കാത്ത്

സക്കാത്ത് എന്ന വാക്കിന്റെ അർത്ഥം പരിശുദ്ധത, അനുഗ്രഹം എന്നിങ്ങനെയാണ്. പണമോ, സമ്പത്തോ, വസ്തുവഹകളോ ഒരു നിശ്ചിത അളവിൽ നിശ്ചിത കാലംവരെ സമ്പാദ്യമായിട്ടുണ്ടെങ്കിൽ ഓരോ മുസ്‌ലിമും അതിൽ നിന്നും ഒരു നിശ്ചിത വിഹിതം വരിപ്പണമെന്ന നിലയിൽ നല്കേണ്ടതാണ്. ഇതിനെയാണ് സക്കാത്ത് എന്ന് പറയുന്നത്. ദരിദ്രരുടെയും പട്ടിണിപ്പാവങ്ങളുടെയും സഹായത്തിന്നായോ, ദീനിന്റെ മറ്റു സുപ്രധാന ആവശ്യങ്ങൾക്കായോ ഈ തുക ചെലവഴിക്കപ്പെടുന്നു.

## 5. ഹജ്ജ്

മറ്റൊരു പ്രധാന ആരാധനാ കർമ്മമാണ് ഹജ്ജ്. ഒരു പ്രത്യേക ദിവസം പരിശുദ്ധ മക്കയിലെ കഅബ മന്ദിരത്തെ ത്വവാഫ് ചെയ്യുകയും മറ്റു ആരാധനകൾ നിർവ്വഹിക്കുകയും ചെയ്യുന്നു. മുതലും വഴിയും ശരീരാരോഗ്യവുമുള്ള ഒരു മുസ്‌ലിമിന് ജീവിതകാലത്തിന്നിടയിൽ ഒരു തവണയെങ്കിലും ഹജ്ജ് കർമ്മം നിർവ്വഹിക്കേണ്ടത് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു.

### അദ്ധ്യായം 2

# നമസ്കാരം

## ബാങ്ക്

ജമാഅത്തായ നമസ്കാരത്തിന് മുമ്പായി പള്ളിയിൽ ഉച്ചത്തിൽ ബാങ്ക് വിളിക്കുന്നു. നമസ്കാരത്തിനുള്ള സമയമായെന്നും അതിന്നുവേണ്ടി തയ്യാറായി പള്ളിയിൽ എത്തിച്ചേരണമെന്നും ജനങ്ങളെ അറിയിക്കുന്നതിന്നാണ് ബാങ്ക് വിളിക്കുന്നത്. ബാങ്ക് വിളിക്കുന്നയാൾ ഖിബ്‌ലയുടെ നേരെ മുഖം തിരിച്ചു നിൽക്കേണ്ടതാണ്. ബാങ്ക് ഇപ്രകാരമാണ്.

اَللهُ اَكْبَرُ اَللهُ اَكْبَرُ. اَللهُ اَكْبَرُ اَللهُ اَكْبَرُ. اَشْهَدُ اَنْ لَّا اِلٰهَ
اِلَّا اللهُ اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللهُ. اَشْهَدُ اَنَّ مُحَمَّدًا رَّسُوْلُ اللهِ.
اَشْهَدُ اَنَّ مُحَمَّدًا رَّسُوْلُ اللهِ. حَيَّ عَلَى الصَّلٰوةِ حَيَّ عَلَى الصَّلٰوةِ. حَيَّ
عَلَى الْفَلَاحِ حَيَّ عَلَى الْفَلَاحِ. اَللهُ اَكْبَرُ اَللهُ اَكْبَرُ لَا اِلٰهَ اِلَّا اللهُ.

حَيَّ عَلَى الصَّلٰوةِ. എന്നു പറയുമ്പോൾ വലതു ഭാഗത്തേക്കും حَيَّ عَلَى الْفَلَاحِ. എന്നും പറയുമ്പൾ ഇടതു ഭാഗത്തേക്കും മുഖം തിരിക്കേണ്ടതാണ്.

സുബഹി നമസ്കാരത്തിനുള്ള ബാങ്കിൽ حَيَّ عَلَى الْفَلَاحِ. എന്നതിനു ശേഷം അസ്വലാത്തു ഖൈറുമ്മിനന്നൗം (നമസ്കാരം നിദ്രയേക്കാൾ ഉത്തമമാകുന്നു) എന്നു രണ്ടു

തവണ പറയേണ്ടതാണ്.

## വുളു (അംഗശുദ്ധി)

നമസ്കാരത്തിന് മുമ്പായി 'വുളു' (അംഗശുദ്ധി) ചെയ്യൽ നിർബന്ധമാണ്. വുളു ചെയ്യാതെയുള്ള നമസ്കാരം അനുവദനീയമല്ല.

## നമസ്കാരം

ദിവസവും അഞ്ചു നേരങ്ങളിലായുള്ള നമസ്കാരം നിർബന്ധമാണ്. ഫജ്ർ (സുബഹി), ളുഹർ, അസ്ർ, മഗ്രിബ്, ഇശാഅ് എന്നിവയാണ് അഞ്ചു നിർബന്ധ നമസ്കാരങ്ങൾ. ഓരോ നമസ്കാരത്തിന്റെയും റകഅത്തുകളുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

സുബഹി - രണ്ട് സുന്നത്ത്, രണ്ട് ഫർള്

ളുഹർ - നാല് സുന്നത്ത്, നാല് ഫർള്, ശേഷം രണ്ട് അല്ലെങ്കിൽ നാല് സുന്നത്ത്.

അസ്ർ - നാല് ഫർള്

മഗ്രിബ്- മൂന്ന് ഫർള്, രണ്ട് സുന്നത്ത്

ഇശാഅ് - നാല് ഫർള്, രണ്ട് സുന്നത്ത്, മൂന്ന് വിത്റ്

ളുഹർ, മഗ്രിബ്, ഇശാഅ്, എന്നീ നമസ്കാരങ്ങൾക്കു ശേഷം രണ്ട് റക്കഅത്ത് നഫൽ നമസ്കരിക്കാവുന്നതാണ്.

### നമസ്കാര സമയങ്ങൾ

ഓരോ നമസ്കാരത്തിന്റെയും സമയക്രമം താഴെ വിവരിക്കും വിധമാണ്.

സുബ്ഹി - പ്രഭാതം മുതൽ സൂര്യോദയം വരെ

ളുഹർ - സൂര്യൻ മധ്യാഹ്നത്തിൽ നിന്നും മാറിയതു മുതൽ സൂര്യൻ മങ്ങുന്നതു വരെ.

അസ്ർ - സൂര്യൻ മങ്ങിയതു മുതൽ സൂര്യാസ്തമയത്തിന് മുമ്പു വരെ

മഗ്രിബ് - സൂര്യൻ അസ്തമിക്കുന്നതോടെ

ഇശാഅ് - സൂര്യൻ അസ്തമിച്ച് വെളിച്ചം മുഴുവൻ അപ്രത്യക്ഷമായതു മുതൽ ഇശാന്റെ സമയം ആരംഭിക്കുന്നു.

## നമസ്കാരത്തിൽ പാലിക്കേണ്ട മര്യാദകൾ

1. അല്ലാഹുവിന്റെ തിരുസന്നിധിയിലാണ് നില്ക്കുന്നതെന്ന ബോധത്തോടെ മുഴുവൻ ശ്രദ്ധയും അല്ലാഹുവിൽ കേന്ദ്രീകരിച്ചുകൊണ്ട് നമസ്കാരത്തിന്നായി നില്ക്കുക.

2.എല്ലാ നമസ്കാരങ്ങളും നിശ്ചിത സമയത്തുതന്നെ അനുഷ്ഠിക്കുക. കഴിയുന്നതും പള്ളിയിൽചെന്ന് ജമാഅത്തായി നമസ്കരിക്കേണ്ടതാണ്.

3. നമസ്കാരത്തിൽ ഓതുന്നത് സാവധാനത്തിലും അർത്ഥം ഗ്രഹിച്ചുകൊണ്ടും ആയിരിക്കണം.

4.നമസ്കാര സമയത്ത് കണ്ണുകൾ സുജൂദ് ചെയ്യുന്ന സ്ഥലത്ത് കേന്ദ്രീകരിക്കേണ്ടതാണ്. ഒരിക്കലും കണ്ണുകളടച്ചുകൊണ്ട് നമസ്കരിക്കരുത്. മറ്റു സ്ഥലങ്ങളിൽ നോക്കുകയുമരുത്.

5.മതിലിന്മേലോ മറ്റോ ചാരിനിന്നുകൊണ്ട് നമസ്കാരിക്കരുത്. ഭാരം ഒരു കാലിൽ മാത്രം ഊന്നിക്കൊണ്ടുള്ള നമസ്കാരവും അനുവദനീയമല്ല.

6.നമസ്കാരത്തിൽ സ്വന്തം ഭാഷയിൽ അല്ലാഹുവിനോട് പ്രാർത്ഥിക്കാവുന്നതാണ്. മാത്രമല്ല ഇത് അല്ലാഹുവിന്ന് ഇഷ്ടമുള്ള കാര്യവുമാണ്.

7. പള്ളിയിൽ നമസ്കാരത്തിന്നായി കാത്തിരിക്കുമ്പോൾ ദിക്റെ ഇലാഹി ചൊല്ലിക്കൊണ്ടിരിക്കുക. പള്ളിയിൽവെച്ച് ഉച്ചത്തിൽ സംസാരിക്കുന്നത് വിരോധിക്കപ്പെട്ടിരിക്കുന്നു.

8. രോഗാവസ്ഥയിൽ ഇരുന്നോ കിടന്നോ നമസ്കാരിക്കാവുന്നതാണ്. എന്നാൽ ഒരവസ്ഥയിലും നമസ്കാരം ഒഴിവാക്കാവുന്നതല്ല.

9. നമസ്കരിക്കുന്നയാളിന്റെ മുന്നിൽകൂടി കടന്നുപോകാൻ പാടില്ല.

10. പള്ളിയിൽ പ്രവേശിക്കുമ്പോൾ നമസ്കാരം നടന്നു കൊണ്ടിരിക്കുകയാണെങ്കിൽ ഉടൻതന്നെ അതിൽ ചേരേണ്ടതും ഇമാം നമസ്കാരം അവസാനിപ്പിച്ചയുടനെ വിട്ടുപോയ റകഅ ത്തുകൾ പൂർത്തീകരിക്കേണ്ടതുമാണ്. അത്തരം സന്ദർഭങ്ങളിൽ ആദ്യം അനുഷ്ഠിക്കേണ്ട സുന്നത്തുകൾ ജമാഅത്തായ നമസ്കാ രത്തിനു ശേഷം അനുഷ്ഠിക്കുക.

11. റുക്കൂഇലുള്ള അവസ്ഥയിൽ ഇമാമിനോടൊപ്പം ചേർന്നാൽ ആ റക്കഅത്ത് മുഴുവനും ലഭിച്ചതായി കണക്കാക്കാ വുന്നതാണ്.

## നമസ്കാര ക്രമം

നമസ്കാരത്തിന് ഖിബ്‌ലക്കുനേരെ നിന്നുകൊണ്ട് ഏതു നമസ്കാരമാണ് അനുഷ്ഠിക്കുന്നത് എന്ന് നിയ്യത്ത് ചെയ്തതിനു ശേഷം കൈകെട്ടി താഴെ കാണുന്ന ദുആ ചൊല്ലുക.

وَجَّهْتُ وَجْهِيَ لِلَّذِيْ فَطَرَ السَّمٰوٰتِ وَالْأَرْضَ
حَنِيْفًا وَّمَا أَنَا مِنَ الْمُشْرِكِيْنَ ○

അർത്ഥം:- "ആകാശഭൂമികളെ സൃഷ്ടിച്ചവന്റെ ഭാഗത്തേക്ക് ഞാനെന്റെ മുഖം തിരിക്കുന്നു. ഞാൻ മുശ്‌രിക്കീങ്ങ ളിൽ (ബഹുദൈവ വിശ്വാസികളിൽ) പെട്ടവനല്ല."

## സ്തുതിവചനം

തുടർന്ന് താഴെ കാണുന്ന സ്തുതിവചനം ചൊല്ലുക.

سُبْحَانَكَ اللّٰهُمَّ وَبِحَمْدِكَ وَتَبَارَكَ
اسْمُكَ وَتَعَالٰى جَدُّكَ وَلَآ إِلٰهَ غَيْرُكَ

"അല്ലാഹുവേ, നിന്നെ സ്തുതിക്കുന്നതോടൊപ്പം നിന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു. നിന്റെ നാമം അനുഗൃഹീതമാകു ന്നു. നീയല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല."

അനന്തരം സൂറ: ഫാത്തിഹയും മറ്റൊരു സൂറത്തും ഓതു ക.

**തഅവ്വുദ്** أَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ

"ശപിക്കപ്പെട്ട പിശാചിന്റെ ഉപദ്രവചത്തിൽ നിന്നും ഞാൻ അല്ലാഹുവിങ്കൽ രക്ഷ തേടുന്നു."

**തസ്മീയ്യ** بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ

"പരമ കാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ"

**സൂറ:ഫാത്തിഹ**

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝٢ الرَّحْمٰنِ الرَّحِيْمِ ۝٣
مٰلِكِ يَوْمِ الدِّيْنِ ۝٤ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ۝٥
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝٦ صِرَاطَ الَّذِيْنَ اَنْعَمْتَ
عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝٧

"എല്ലാ സ്തുതിയും സർവ്വലോക രക്ഷിതാവായ അല്ലാഹുവിന്നാകുന്നു. അവൻ പരമകാരുണികനും കരുണാമയനുമാണ്. പ്രതിഫലം നല്കുന്ന നാളിന്റെ ഉടമസ്ഥൻ. ഞങ്ങൾ നിന്നെ മാത്രം ആരാധിക്കുകയും നിന്നോടു മാത്രം സഹായമഭ്യർത്ഥിക്കുകയും ചെയ്യുന്നു. നീ ഞങ്ങളെ നേർവഴിയിൽ നടത്തേണമേ. നീ അനുഗ്രഹിച്ചവരുടെ വഴിയിൽ. കോപത്തിനു പ്രാതമായവരുടേയോ വഴിപിഴച്ചവരുടേയോ വഴിയിലല്ല. എന്റെ പ്രാർത്ഥന സ്വീകരിക്കേണമേ."

**സൂറ: ഇഖ്ലാസ്**

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ
قُلْ هُوَ اللّٰهُ اَحَدٌ ۝ اَللّٰهُ الصَّمَدُ ۝ لَمْ يَلِدْ ۙ
وَلَمْ يُوْلَدْ ۝ وَلَمْ يَكُنْ لَّهٗ كُفُوًا اَحَدٌ ۝

"പറയുക, അവൻ അല്ലാഹു ഏകനാകുന്നു. അല്ലാഹു

സർവ്വാധിനാഥനാകുന്നു. അവൻ ആരുടെയും പിതാവല്ല. ആരുടെയും പുത്രനുമല്ല. അവനു സമനായി ആരും തന്നെയില്ല."

ഇതിനു ശേഷം ***അല്ലാഹു അക്ബർ*** എന്ന് തക്ബീർ ചൊല്ലി റുകൂഇൽ പോവുക. റുകൂഇൽ കുറഞ്ഞത് മൂന്നു തവണയെങ്കിലും തസ്ബീഹ് ചൊല്ലുക. മൂന്നിൽ കൂടുതലാണെങ്കിൽ ഒറ്റയെണ്ണമായി ചൊല്ലുക. റുകൂഇൽ ചൊല്ലേണ്ട തസ്ബീഹ് ഇപ്രകാരമാണ്.

سُبْحَانَ رَبِّيَ الْعَظِيْمِ "മഹാനായ എന്റെ രക്ഷിതാവിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു."

തുടർന്ന് തസ്മീഅ് ചൊല്ലിക്കൊണ്ട് നിവർന്നു നില്ക്കുക. അതിപ്രകാരമാണ്. سَمِعَ اللّٰهُ لِمَنْ حَمِدَهُ

"അല്ലാഹുവിനെ സ്തുതിച്ചവന്റെ സ്തുതി അവൻ കേട്ടു."

തുടർന്ന് താഴെ കാണുന്ന തഹ്മീദ് (സ്തുതി വാക്യം) ചൊല്ലുക. رَبَّنَا وَلَكَ الْحَمْدُ حَمْدًا كَثِيْرًا طَيِّبًا مُبَارَكًا فِيْهِ

"ഞങ്ങളുടെ നാഥാ പരിശുദ്ധവും അനുഗൃഹീതവുമായ എല്ലാ സ്തുതിയും നിനക്കാകുന്നു."

ഇതിനു ശേഷം അല്ലാഹു അക്ബർ എന്ന് ചൊല്ലികൊണ്ട് സുജൂദ് ചെയ്യുക. സുജൂദിൽ മൂന്നോ അതിലധികം ഒറ്റയെണ്ണമായോ താഴെ കാണുന്ന തസ്ബീഹ് ചൊല്ലുക.

سُبْحَانَ رَبِّيَ الْأَعْلَى "അത്യുന്നതനായ എന്റെ രക്ഷിതാവിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു."

ഒരോ റക്അത്തിനും രണ്ട് സുജൂദുകൾ വീതമുണ്ട്.

## രണ്ടു സുജൂദുകൾക്കിടയിലുള്ള ദുആ

اَللّٰهُمَّ اغْفِرْلِيْ وَارْحَمْنِيْ وَاهْدِنِيْ وَعَافِنِيْ
وَاجْبُرْنِيْ وَارْزُقْنِيْ وَارْفَعْنِيْ

"അല്ലാഹുവേ എനിക്ക് പൊറുത്തു തരേണമേ, എന്നോട് കരുണയുണ്ടാകണമേ. എന്നെ നേർമാർഗ്ഗത്തിൽ നടത്തേണമേ.

എനിക്ക് സൗഖ്യം നല്കേണമേ. എന്റെ ന്യൂനതകളെ പരിഹരിച്ചു തരേണമേ. എനിക്ക് ആഹാരം നല്കേണമേ. എന്നെ ഉയർത്തേണമേ."

ഇതിനു ശേഷം ആദ്യത്തെ സുജൂദുപോലെ രണ്ടാമത്തെ സുജൂദും ചെയ്യുക. രണ്ടു സുജൂദുകൾക്കു ശേഷം ***അല്ലാഹു അക്ബർ*** എന്നു പറഞ്ഞുകൊണ്ട് എഴുന്നേറ്റു നിലക്കുകയും സ്തുതി വചനവും തഅവ്വുദും ഒഴികെ ആദ്യ റകഅത്തിൽ ചൊല്ലിയതുപോലെ സൂറ: ഫാതിഹായും മറ്റേതെങ്കിലും സൂറത്തോ മറ്റു ഖുർആനിക ആയത്തുകളോ ചൊല്ലുകയും റുക്കൂഉം സുജൂദും നിർവ്വഹിക്കുകയും ചെയ്യുക. രണ്ടാമത്തെ റകഅത്തിൽ രണ്ടു സുജൂദുകൾക്കു ശേഷം വലതു കാൽവിരൽ ഖിബ്ലയുടെ നേരെ വരത്തക്കവണ്ണം ഇരിക്കുക. ഇതിനെ അത്തഹിയ്യാത്തിനിരിക്കുക എന്നു പറയുന്നു. അത്തഹിയ്യാത്തിനിരുന്നതിനു ശേഷം തശഹ്ഹുദും സ്വലാത്തും ദുആയും ചൊല്ലുക.

**<u>തശഹ്ഹുദ്</u>**

اَلتَّحِيَّاتُ لِلّٰهِ وَالصَّلَوٰتُ وَالطَّيِّبٰتُ اَلسَّلَامُ عَلَيْكَ اَيُّهَا النَّبِيُّ وَرَحْمَةُ اللّٰهِ وَبَرَكَاتُهُ اَلسَّلَامُ عَلَيْنَا وَعَلٰى عِبَادِ اللّٰهِ الصّٰلِحِيْنَ ، اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ ،

"എല്ലാ അഭിവാദ്യങ്ങളും എല്ലാ പ്രാർഥനകളും എല്ലാ പരിശുദ്ധ കർമ്മങ്ങളും അല്ലാഹുവിന്നാകുന്നു. പ്രവാചകരേ, രക്ഷയും സമാധാനവും അവന്റെ അനുഗ്രഹങ്ങളും അങ്ങേയ്ക്കുണ്ടാകട്ടെ. രക്ഷയും സമാധാനവും ഞങ്ങൾക്കും അല്ലാഹുവിന്റെ സജ്ജനങ്ങളായ ദാസന്മാർക്കും ഉണ്ടാകട്ടെ. ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് നബി(സ) അല്ലാഹുവിന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു."

## സ്വലാത്ത്

اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَّعَلٰى اٰلِ مُحَمَّدٍ كَمَا صَلَّيْتَ عَلٰى
اِبْرَاهِيْمَ وَعَلٰى اٰلِ اِبْرَاهِيْمَ اِنَّكَ حَمِيْدٌ مَّجِيْدٌ. اَللّٰهُمَّ
بَارِكْ عَلٰى مُحَمَّدٍ وَّعَلٰى اٰلِ مُحَمَّدٍ كَمَا بَارَكْتَ عَلٰى اِبْرَاهِيْمَ
وَعَلٰى اٰلِ اِبْرَاهِيْمَ اِنَّكَ حَمِيْدٌ مَّجِيْدٌ.

"അല്ലാഹുവേ ഇബ്റാഹീം നബിക്കും അദ്ദേഹത്തിന്റെ കുടുംബത്തിനും നീ എപ്രകാരം സവിശേഷ കാരുണ്യം നല്കിയിരുന്നുവോ അപ്രകാരം മുഹമ്മദ് നബി(സ) ക്കും അദ്ദേഹത്തിന്റെ കുടുംബത്തിനും സവിശേഷ കാരുണ്യം നല്കേണമേ. നിശ്ചയമായും നീ സ്തുതിക്കപ്പെടുന്നവനും മഹത്വമുള്ളവനുമാകുന്നു. അല്ലാഹുവേ, ഇബ്റാഹീം നബിക്കും അദ്ദേഹത്തിന്റെ കുടുംബത്തിനും നീ അളവറ്റ അനുഗ്രഹം നല്കിയതുപോലെ മുഹമ്മദ് നബി(സ)ക്കും അദ്ദേഹത്തിന്റെ കുടുംബത്തിനും നീ അളവറ്റ അനുഗ്രഹം നല്കേണമേ. നിശ്ചയമായും നീ സ്തുതിക്കപ്പെടുന്നവനും മഹത്വമുള്ളവനുമാകുന്നു."

## ദുആകൾ

رَبَّنَا اٰتِنَا فِى الدُّنْيَا حَسَنَةً وَّفِى الْاٰخِرَةِ حَسَنَةً وَّقِنَا
عَذَابَ النَّارِ

"ഞങ്ങലുടെ നാഥാ! ഞങ്ങൾക്ക് ഈ ലോകത്തും പരലോകത്തും നന്മ തരേണമേ. ഞങ്ങളെ നരക ശിക്ഷയിൽ നിന്നും രക്ഷിക്കേണമേ."

رَبِّ اجْعَلْنِىْ مُقِيْمَ الصَّلٰوةِ وَمِنْ ذُرِّيَّتِىْ رَبَّنَا وَتَقَبَّلْ دُعَآءِ.
رَبَّنَا اغْفِرْ لِىْ وَلِوَالِدَىَّ وَلِلْمُؤْمِنِيْنَ يَوْمَ يَقُوْمُ الْحِسَابُ

"ഞങ്ങളുടെ നാഥാ! എന്നെയും എന്റെ സന്താനങ്ങളെയും നമസ്കാരത്തെ നിലനിർത്തുന്നവരാക്കേണമേ. ഞങ്ങളുടെ നാഥാ ഞങ്ങളുടെ പ്രാർത്ഥന നീ സ്വീകരിക്കേണമേ. ഞങ്ങ

ളുടെ നാഥാ! വിചാരണ ദിവസം എനിക്കും എന്റെ മാതാപിതാക്കൾക്കും എല്ലാ സത്യവിശ്വാസികൾക്കും നീ പൊറുത്തുതരേണമേ."

اَللّٰهُمَّ إِنِّي ظَلَمْتُ نَفْسِي ظُلْمًا كَثِيرًا
وَلَا يَغْفِرُ الذُّنُوبَ إِلَّا أَنْتَ فَاغْفِرْ لِي
مَغْفِرَةً مِنْ عِنْدِكَ وَارْحَمْنِي إِنَّكَ
أَنْتَ الْغَفُورُ الرَّحِيمُ

"അല്ലാഹുവേ, ഞാൻ എന്റെ ആത്മാവിനോടുതന്നെ വളരെയധികം കുറ്റം ചെയ്തിരിക്കുന്നു. നീയല്ലാതെ മറ്റാരും കുറ്റം പൊറുത്തുതരില്ല. നീ എനിക്ക് പൊറുത്തുതന്നാലും. എന്റെ തെറ്റുകുറ്റങ്ങൾ പൊറുത്തുതന്ന് എന്നെ അനുഗ്രഹിക്കേണമേ. നിശ്ചയമായും നീ പൊറുത്തുകൊടുക്കുന്നവനും കരുണയുള്ളവനുമാകുന്നു."

ഈ ദുആകൾക്കു ശേഷം ആദ്യം വലതുഭാഗത്തും പിന്നീട് ഇടതുഭാഗത്തത്തും മുഖം തിരിച്ച് اَلسَّلَامُ عَلَيْكُمْ وَرَحْمَةُ اللهِ (നിങ്ങൾക്ക് അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവും ഉണ്ടാകട്ടെ.) എന്ന് ചൊല്ലി നമസ്കാരം അവസാനിപ്പിക്കുക.

ഫർള് നമസ്കാരത്തിനു ശേഷം മുപ്പത്തിമുന്ന് പ്രാവശ്യം താഴെ പറയും പ്രകാരം ചൊല്ലേണ്ടതാണ്.

سُبْحَانَ اللهِ - اَلْحَمْدُ لِلّٰهِ - اَللهُ أَكْبَرُ.

ഇതിനു ശേഷം താഴെ കാണുന്ന ദുആ ചൊല്ലുക.

لَا إِلٰهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ - لَهُ الْمُلْكُ وَالْحَمْدُ
وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ -

"ആരാധനയ്ക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ല. അവന് യാതൊരു പങ്കുകാരനുമില്ല. സർവ്വാധിപത്യം അവനുള്ളതാണ്. സർവ്വ സ്തുതിയും അവനുള്ളതാകുന്നു. അവൻ സർവ്വ കാര്യങ്ങൾക്കും പൂർണ്ണമായും കഴിവുള്ളനാകുന്നു.

اَللّٰهُمَّ أَنْتَ السَّلَامُ وَمِنْكَ السَّلَامُ
تَبَارَكْتَ يَاذَا الْجَلَالِ وَالْإِكْرَامِ

"അല്ലാഹുവേ, എല്ലാതരത്തിലുള്ള രക്ഷയും നിന്നിൽനിന്നുണ്ടാകുന്നു. നീ രക്ഷയുടെ ഉറവിടമാണ്. അത് നിന്നിലേക്കു തന്നെ എത്തുന്നു. മഹിതപ്രതാപത്തിന്റെയും ആദരവിന്റെയും ഉടമസ്ഥനായ ഞങ്ങളുടെ നാഥാ, നീ അളവറ്റ അനുഗ്രഹമുടയവനും അത്യുന്നതനുമാകുന്നു."

## വിത്റ് നമസ്കാരം

വിത്റ് നമസ്കാരത്തിന്റെ സമയം ഇശാഅ് നമസ്കാരത്തിനു ശേഷം മുതൽ പ്രഭാതത്തിനു മുമ്പു വരെയാകുന്നു. രാത്രിയുടെ അവസാന യാമങ്ങളിൽ തഹജ്ജുദ് നമസ്കരിക്കുന്നവർക്ക് അതിനു ശേഷം വിത്റ് നമസ്കരിക്കാവുന്നതാണ്. (തഹജ്ജുദിന് ശേഷം വിത്റ് നമസ്കരിക്കുന്നവർ ഇശാക്ക് ശേഷം വിത്റ് നമസ്ക്കരിക്കരുത്) തഹജ്ജുദ് നമസ്കാരത്തിന്നായി എഴുന്നേൽക്കാൻ സാധ്യമല്ലെന്ന് ഭയമുള്ളവർ ഇശാഅ് നമസ്കാരാനന്തരം വിതിറ് നമസ്കരിക്കേണ്ടതാണ്.

വിത്റ് നമസ്കാരത്തിന് മൂന്ന് റകഅത്തുകളാണുള്ളത്. ഇവ ഒന്നിച്ചോ അല്ലെങ്കിൽ രണ്ടു റകഅത്തുകൾക്കു ശേഷം സലാം വീട്ടി മൂന്നാമത്തെ റകഅത്ത് വേറെ നമസ്കരിക്കാവുന്നതാണ്. (ഒന്നിച്ചു നമസ്കരിക്കുമ്പോൾ മൂന്നാമത്തെ റകഅത്തിൽ സൂറാ ഫാത്തിഹാക്ക് ശേഷം ഏതെങ്കിലും സൂറത്ത് ഓതേണ്ടതാണ്.) മൂന്നാമത്തെ റകഅത്തിൽ സമിഅല്ലാഹുലിമൻ ഹമിദ എന്ന് പറഞ്ഞു കൊണ്ട് റുകൂഇൽനിന്ന് എഴുന്നേറ്റ് നിന്ന് തസ്ബീഹ് ചൊല്ലിയതിനുശേഷം ഖുനൂത്തിന്റെ ദുആ ചൊല്ലേണ്ടതാണ്.

## ഖുനൂത്തിന്റെ ദുആ

اَللّٰهُمَّ إِنَّا نَسْتَعِيْنُكَ وَنَسْتَغْفِرُكَ وَنُؤْمِنُ
بِكَ وَنَتَوَكَّلُ عَلَيْكَ وَنُثْنِيْ عَلَيْكَ الْخَيْرَ وَنَشْكُرُكَ

وَلَا نَكْفُرُكَ وَ نَخْلَعُ وَ نَتْرُكُ مَنْ يَفْجُرُكَ ، اَللّٰهُمَّ
اِيَّاكَ نَعْبُدُ وَلَكَ نُصَلِّيْ وَنَسْجُدُ وَاِلَيْكَ نَسْعٰى وَ
نَحْفِدُ وَنَرْجُوْ رَحْمَتَكَ وَ نَخْشٰى عَذَابَكَ اِنَّ عَذَابَكَ
بِالْكُفَّارِ مُلْحِقٌ ،

“അല്ലാഹുവേ നിന്നോട് ഞങ്ങൾ സഹായമഭ്യർത്ഥിക്കുകയും മാപ്പിനപേക്ഷിക്കുകയും ചെയ്യുന്നു. ഞങ്ങൾ നിന്നെ വിശ്വസിക്കുകയും നിന്നെ ആശ്രയിക്കുകയും ചെയ്യുന്നു. ഞങ്ങൾ നിന്റെ നന്മകളെ പ്രകീർത്തിക്കുന്നു.നിന്നോട് ഞങ്ങൾ നന്ദി കാണിക്കുന്നു. ഞങ്ങൾ ഒരിക്കലും നിന്നോട് നന്ദികേട് കാണിക്കില്ല. നിന്നെ അനുസരിക്കാത്തവരിൽ നിന്ന് ഞങ്ങൾ വിട്ടു നില്ക്കുകയും അവരോട് ഒരു സംബന്ധവും പുലർത്താതിരിക്കുകയും ചെയ്യുന്നതാണ്. അല്ലാഹുവേ, നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുകയും നിനക്കായി മാത്രം നമസ്കരിക്കുകയും സുജൂദ് ചെയ്യുകയും നിന്നിലേക്ക് ഓടിവരികയും നിന്റെ കാരുണ്യത്തെ പ്രതീക്ഷിക്കുകയും നിന്റെ ശിക്ഷയെ ഭയപ്പെടുകയും ചെയ്യുന്നു. നിശ്ചയമായും നിന്റെ ശിക്ഷ നിന്നെ അവിശ്വസിച്ചവരുമായി ചേർന്നു നില്ക്കുന്നു.”

## ഖുനൂത്തിന്റെ മറ്റൊരു ദുആ

اَللّٰهُمَّ اهْدِنِيْ فِيْمَنْ هَدَيْتَ وَعَافِنِيْ
فِيْمَنْ عَافَيْتَ وَتَوَلَّنِيْ فِيْمَنْ تَوَلَّيْتَ
وَبَارِكْ لِيْ فِيْمَا اَعْطَيْتَ وَقِنِيْ شَرَّ مَا
قَضَيْتَ فَاِنَّكَ تَقْضِيْ وَلَا يُقْضٰى عَلَيْكَ
فَاِنَّهُ لَا يَذِلُّ مَنْ وَّالَيْتَ وَ اِنَّهُ لَا يَعِزُّ
مَنْ عَادَيْتَ تَبَارَكْتَ رَبَّنَا وَتَعَالَيْتَ وَ
صَلَّى اللّٰهُ عَلَى النَّبِيِّ ،

“അല്ലാഹുവേ, നീ നേർമാർഗ്ഗം നല്കിയവരോടൊപ്പം എനിക്കും നേർമാർഗ്ഗം നല്കേണമേ. നീ സൗഖ്യം നല്കിയവ

രോടൊപ്പം എനിക്കും സൗഖ്യം നല്കേണമേ. നീ മിത്രങ്ങളാക്കിയവരോടൊപ്പം എന്നെയും മിത്രമാക്കേണമേ. നീ നല്കിയ വസ്തുക്കളിൽ എനിക്ക് അനുഗ്രഹം ന്ലകേണമേ. നീ നല്കിയ ദോഷഫലങ്ങളിൽ നിന്നും എന്നെ കാത്തു രക്ഷിക്കേണമേ. എന്തെന്നാൽ നീ വിധി കൽപ്പിക്കുന്നു. നിനക്കെതിരെ വിധി കല്പിക്കപ്പെടുന്നതല്ല. നീ മിത്രമാക്കിയവൻ നിന്ദ്യനാവുകയില്ലെന്ന് ഉറപ്പാണ്. നീ ശത്രുവാക്കിയവർ അന്തസ്സാർജ്ജിക്കയില്ലെന്നും ഉറപ്പാണ്. ഞങ്ങളുടെ നാഥാ നീ അളവറ്റ അനുഗ്രഹമുടയവനും അത്യുന്നതനുമാകുന്നു. നമ്മുടെ നബിനായകർ മുഹമ്മദ് നബി(സ) തിരുമേനിയുടെമേൽ അനുഗ്രഹം ചൊരിയേണമേ."

## ജുമുഅ നമസ്കാരം

ഇമാമിനെ കൂടാതെ ചുരുങ്ങിയത് രണ്ടാളെങ്കിലും ഉണ്ടെങ്കിൽ ജുമുഅ നമസ്കാരം നിർവ്വഹിക്കേണ്ടതാണ്. ജുമുഅ നമസ്കാരത്തിനു മുമ്പ് ഖുത്വുബ ഉണ്ടായിരിക്കും. ഖുത്വുബ കേൾക്കൽ നിർബന്ധമാണ്. ജുമുഅ നമസ്കാരത്തിൽ ഫർള് രണ്ടു റകഅത്തുകളാണ്. ഖുത്വുബ ആരംഭിക്കുന്നതിനു മുമ്പ് നാല് റകഅത്തുകൾ സുന്നത്ത് നമസ്കരിക്കേണ്ടതാണ്. ഇമാം ഖുത്വുബ ആരംഭിച്ചെങ്കിൽ രണ്ട് റക്കഅത്ത് സുന്നത്ത് നമസ്കരിച്ച് ഖുത്വുബ ശ്രവിക്കേണ്ടതാണ്. ഫർള് നമസ്കാരാനന്തരം രണ്ടോ നാലോ റക്കഅത്തുകൾ സുന്നത്ത് നമസ്കരിക്കേണ്ടതുണ്ട്. ഇമാം ഖുത്വുബക്കായി തയ്യാറായാൽ മുഅദ്ദിൻ ബാങ്ക് വിളിക്കുന്നു. ഖുത്വുബ ആരംഭിച്ചുകഴിഞ്ഞാൽ അത് പൂർത്തിയാകുന്നതുവരെ നിശ്ശബ്ദമായി കേട്ടുകൊണ്ടിരിക്കേണ്ടത് അത്യാവശ്യമാണ്.

## ഈദ് (പെരുന്നാൾ) നമസ്കാരം

വർഷത്തിൽ രണ്ട് പെരുന്നാളുകളാണ് മുസ്ലിംകൾക്കുള്ളത്. റമദാൻ മാസത്തിലെ നോമ്പുകൾക്കു ശേഷം ശവ്വാൽ ഒന്നിന് വരുന്ന പെരുന്നാളാണ് ആദ്യത്തേത്. ഇതിനെ ***ഈദുൽ ഫിത്ർ*** എന്നു പറയുന്നു. ദുൽഹജ്ജ് മാസം പത്താം തിയ്യതി ഹജ്ജിനോടനുബന്ധിച്ചുള്ള പെരുന്നാളാണ് രണ്ടാമത്തേത്. ഇതിനെ ***ഈദുൽ അസ്ഹാ*** എന്നു പറയുന്നു. ഈദു നമസ്കാ

രങ്ങളുടെ സമയം സൂര്യൻ ഉദിച്ചതിനു ശേഷമാണ്. ഈദ് നമ സ്കാരങ്ങൾക്ക് ബാങ്കും ഇഖാമത്തും ഇല്ല. രണ്ടു നമസ്കാര ങ്ങളിലും ഖുർആൻ ഉച്ചത്തിൽ ഓതേണ്ടതാണ്.

## ഈദ് നമസ്കാര ക്രമം

ഈദ് നമസ്കാരം രണ്ട് റകഅത്തുകളാണ്. നമസ്കാര ത്തിനു ശേഷം ഇമാം ഖുത്വുബ നടത്തുന്നു. ഖുത്വുബയിൽ സന്ദർഭമനുസരിച്ച് കാര്യങ്ങൾ വിവരിക്കേണ്ടതാണ്. ആദ്യ റക അത്തിൽ നിയ്യത്ത് ചെയ്തു കൊണ്ട് കൈകെട്ടി മറ്റ് നമസ്കാ രങ്ങളെപ്പോലെ ആദ്യം വജ്ജഹ്ത്തുവും സനായും ചൊല്ലുക. പിന്നീട് കയ്യഴിച്ചിട്ടുകൊണ്ട് ആദ്യത്തെ റകഅത്തിൽ ഏഴ് തക്ബീറുകളും രണ്ടാമത്തേതിൽ അഞ്ചു തക്ബീറുകളും ചൊല്ലുക. ഓരോ തവണയും തക്ബീർ ചൊല്ലുമ്പോഴും കൈകൾ ചെവിവരെ ഉയർത്തി താഴ്ത്തിയിടേണ്ടതാണ്. കൈകെട്ടുന്നതും അനുവദനീയമാണ്. ഒന്നാമത്തെ റകഅത്തിൽ ഏഴാമത്തേതിനും രണ്ടാമത്തെ റകഅത്തിൽ അഞ്ചാമത്തെ തക്ബീറുനും ശേഷം കൈ കെട്ടേണ്ടതാണ്.

ഈദ് ഗാഹിലേക്ക് ഒരു വഴിയിലൂടെ പോകുന്നതും മറ്റൊരു വഴിയിലൂടെ തിരിച്ചുവരുന്നതും സുന്നത്താണ്. മഴ കാരണം ഈദ് ഗാഹിൽ പെരുന്നാൾ നമസ്കാരം അനുഷ്ഠി ക്കാൻ സാധിച്ചില്ലെങ്കിൽ പള്ളിയിൽ വെച്ച് നമസ്കരിക്കാവു ന്നതാണ്. ആദ്യം ദിവസം നമസ്കരിക്കാൻ കഴിഞ്ഞിട്ടില്ലെ ങ്കിൽ രണ്ടാമത്തെ ദിവസവും ഇത് നമസ്കരിക്കാവുന്നതാണ്. ഈദ് ഖുത്വുബ നമസ്കാരത്തിനു ശേഷമാണ് നിർവ്വഹിക്കപ്പെ ടുന്നത്. (ഈദ് നമസ്കാരം ജമാഅത്തായിട്ടാണ് അനുഷ്ഠിക്കേ ണ്ടത്)

## ഖസ്ർ നമസ്കാരം

**യാത്രാവേളകളിൽ നാല്** റകഅത്തുള്ള ഫർള് നമ സ്കാരം രണ്ട് റകഅത്തുകളാക്കി ചുരുക്കി നമസ്കരിക്കുക. ഇങ്ങനെ ചുരുക്കി നമസ്കരിക്കുന്നതിനെ ഖസ്ർ ആക്കി നമ സ്കരിക്കൽ എന്നു പറയുന്നു. യാത്രയിൽ സുന്നത്ത് നമസ്കാ രങ്ങൾ നിർബന്ധമല്ല. എന്നാൽ സുബ്ഹിയുടെ സുന്നത്തും വിത്റ് നമസ്കാരവും നിർബന്ധമാണ്. പട്ടണത്തിൽ നിന്നും

പതിനൊന്നു മൈൽ ദൂരത്തേക്ക് യാത്ര ചെയ്യുമെന്ന് നിയ്യത്ത് വെച്ചുകൊണ്ട് യാത്ര തുടരുകയും പട്ടണത്തിനു പുറത്തേക്ക് പോവുകയുമാണെങ്കിൽ ഖസ്ർ ആക്കി നമസ്കരിക്കാവുന്നതാണ്. ഏതെങ്കിലും ഒരു സ്ഥലത്ത് പതിനഞ്ചു ദിവസം വരെ തങ്ങാൻ ഉദ്ദേശിക്കുന്നെണ്ടെങ്കിൽ അവിടെ ഒരു നമസ്കാരവും ഖസ്ർ ആക്കാൻ അനുവാദമില്ല. പ്രാദേശിക ഇമാമിനു പിന്നിൽ നിന്നാണ് നമസ്കരിക്കുന്നതെങ്കിൽ യാത്രക്കാരനാണെങ്കിലും മുഴുവൻ റകഅത്തുകളും അനുഷ്ഠിക്കേണ്ടതാണ്.

## ജംഅ് ആക്കി നമസ്കരിക്കൽ

യാത്രാവേളയിലോ, രോഗാവസ്ഥയിലോ, മഴ കാരണമായോ, മഴ മൂലം മസ്ജിദിലേക്കുള്ള വഴി ചെളികെട്ടിനിൽക്കുകയോ, മറ്റെന്തെങ്കിലും നിർബന്ധ സാഹചര്യങ്ങൾ കാരണത്താലോ ളുഹറും അസറും അതുപോലെ മഗ്രിബും ഇശായും ഒരുമിച്ച് നമസ്കരിക്കാവുന്നതാണ്. ഇത്തരത്തിൽ ഒരിമിച്ച് നമസ്കരിക്കുന്നതിനെ ജംആക്കി നമസ്കരിക്കൽ എന്നു പറയുന്നു. ജംആക്കി നമസ്കരിക്കുമ്പാൾ മുമ്പും പിമ്പുമുള്ള സുന്നത്ത് അനുഷ്ഠിക്കേണ്ടതില്ല.

# അദ്ധ്യായം-3

## പള്ളിയിൽ പാലിക്കേണ്ട മര്യാദകൾ

പള്ളി അല്ലാഹുവിന്റെ ഭവനമാണ്. അവിടം അവനെ ആരാധിക്കുന്ന സ്ഥലമാണ്. പള്ളിയെ ആദരിക്കുകയും അതിന് പവിത്രത കൽപ്പിക്കുകയും ചെയ്യേണ്ടതാണ്. പള്ളിയുടെ പവിത്രതക്ക് ഭംഗം വരുത്തുന്ന യാതൊരു പ്രവർത്തനവും അവിടെ വെച്ച് ചെയ്യാൻ പാടില്ല. താഴെ കാണുന്ന കാര്യങ്ങൾ പള്ളിയിൽ പാലിക്കേണ്ടതാണ്.

1. പള്ളിയിൽ പ്രവേശിക്കുമ്പോൾ താഴെ കാണുന്ന ദുആ ചൊല്ലേണ്ടതാണ്.

بِسْمِ اللهِ الصَّلٰوةُ وَالسَّلَامُ عَلٰى رَسُوْلِ اللهِ
اَللّٰهُمَّ اغْفِرْ لِيْ ذُنُوْبِيْ وَافْتَحْ لِيْ اَبْوَابَ رَحْمَتِكَ

"ഞാൻ അല്ലാഹുവിന്റെ നാമത്തിൽ പള്ളിയിൽ പ്രവേശിക്കുന്നു. അല്ലാഹുവിന്റെ റസൂലിന് ശാന്തിയും സമാധാനവും ഉണ്ടാകട്ടെ. അല്ലാഹുവേ, നീ എന്റെ തെറ്റുകൾ പൊറുത്തുതരേണമേ. നിന്റെ അനുഗ്രഹത്തിന്റെ കവാടം എനിക്കായി തുറന്നു തരേണമേ."

2. "അസ്സലാമു അലൈക്കും" എന്നു പറഞ്ഞുകൊണ്ട് പള്ളിയിൽ പ്രവേശിക്കുക. പള്ളിയിൽ ഇരിക്കുന്നത്രനേരം നിശ്ശബ്ദമായി ഇരിക്കേണ്ടതാണ്. അത്യാവശ്യമാണെങ്കിൽ ശബ്ദം താഴ്ത്തി മാത്രം സംസാരിക്കുക. യാതൊരു കാരണവശാലും നമസ്കരിക്കുന്നവർക്ക് ബുദ്ധിമുട്ടുണ്ടാകരുത്.

3. പള്ളിയിൽ വെച്ച് അനാവശ്യവും വ്യർത്ഥവുമായ സംസാരങ്ങൾ പാടില്ല. നമസ്കാരം, ദിക്റെ ഇലാഹി ചൊല്ലൽ, ഖുർആൻ പാരായണം എന്നിവയോ മറ്റു മതപരമായ കാര്യങ്ങളോ മാത്രമാണ് പള്ളിയിൽ നിർവ്വഹിക്കാൻ അനുവാദമുള്ളത്.

4. പള്ളിയിൽ പോകുമ്പോൾ വൃത്തിയുള്ള വസ്ത്രങ്ങൾ ധരിക്കണം. മറ്റുള്ളവരുടെ നമസ്ക്കാരത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിൽ ദുർഗന്ധം പരത്തുന്ന ഉള്ളി, വെള്ളുള്ളി മുതലായവ തിന്നുകൊണ്ട് പള്ളിയിൽ പോകരുത്.

5. പള്ളിക്കകത്ത് തുപ്പുന്നതും മൂക്ക് വൃത്തിയാക്കുന്നതും പള്ളിയുടെ ആദരവിന് വിരുദ്ധമായതുമായ പ്രവൃത്തികൾ കർശനമായും നിരോധിച്ചിട്ടുണ്ട്.

6. നമസ്കരിക്കുന്ന ആളുടെ മുന്നിലൂടെ ഒരിക്കലും തന്നെ നടക്കരുത്. അതുപോലെ മറ്റുള്ളവരുടെ തലക്കും തോളിനും മീതെ ചാടിക്കടന്നു പോകുന്നതും വളരെ ദുഷിച്ച പ്രവൃത്തിയാണ്. എവിടെയാണോ ഇരിക്കാൻ സ്ഥലം കിട്ടുന്നത് അവിടെ നിശബ്ദമായി ഇരിക്കുക.

7. പള്ളിയിൽ നിന്നും പുറത്തുകടക്കുമ്പോൾ ഈ ദുആ

ചൊല്ലേണ്ടതാണ്.

اَللّٰهُمَّ اِنِّيْ اَسْئَلُكَ مِنْ فَضْلِكَ وَرَحْمَتِكَ

"അല്ലാഹുവേ, ഞാൻ നിന്നോട് നിന്റെ കാരുണ്യവും അനുഗ്രഹവും തേടുന്നു."

**അദ്ധ്യായം-4**

# പരിശുദ്ധ കലിമകൾ

## കലിമ ത്വയ്യിബ

لَآ اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

"ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ല. മുഹമ്മദ് നബി(സ) അല്ലാഹുവിന്റെ ദൂതനാകുന്നു."

## കലിമ ശഹാദത്ത്

اَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ
وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

"ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് നബി(സ) അല്ലാഹുവിന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു."

## കലിമ തംജീദ്

سُبْحَانَ اللّٰهِ وَالْحَمْدُ لِلّٰهِ وَلَآ اِلٰهَ اِلَّا اللّٰهُ
وَاللّٰهُ اَكْبَرُ وَلَا حَوْلَ وَلَا قُوَّةَ اِلَّا
بِاللّٰهِ الْعَلِيِّ الْعَظِيْمِ

“അല്ലാഹു പരിശുദ്ധനാകുന്നു. എല്ലാ സ്തുതിയും അവനുള്ളതാകുന്നു. അവനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. അവൻ ഏറ്റവും വലിയവനാകുന്നു. തിന്മകളിൽ നിന്നും രക്ഷപ്പെടാനും നന്മകൾ പ്രവൃത്തിക്കാനുമുള്ള ശക്തി പ്രതാപവാനും മഹത്വമുടയവനുമായ അല്ലാഹുവാണ് നല്കുന്നത്”

## കലിമ തൗഹീദ്

لَآ اِلٰـهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَـهٗ
لَهُ الْمُلْكُ وَلَهُ الْحَمْدُ يُحْيِيْ وَيُمِيْتُ
وَهُوَ حَيٌّ لَّا يَمُوْتُ اَبَدًا، ذُو الْجَلَالِ
وَالْاِكْرَامِ، بِيَدِهِ الْخَيْرُ، وَهُوَ
عَلٰى كُلِّ شَيْءٍ قَدِيْرٌ،

“ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ല. അവന് യാതൊരു പങ്കുകാരനുമില്ല. സർവ്വാധിപത്യവും അവനുള്ളതാകുന്നു. സർവ്വ സ്തുതിയും അവനുള്ളതാകുന്നു. അവൻ തന്നെയാണ് ജീവിപ്പിക്കുന്നവനും മരിപ്പിക്കുന്നവനും. അവൻ എന്നെന്നും ജീവിച്ചിരിക്കുന്നവനാണ്. അവൻ ഒരിക്കലും മരിക്കുന്നില്ല. അവൻ പ്രതാപവാനും മഹത്വമുടയവനുമാകുന്നു. എല്ലാ തരത്തിലുള്ള നന്മകളും അവനിലൂടെ വരുന്നു. അവൻ സർവ്വകാര്യങ്ങൾക്കും പൂർണ്ണമായും കഴിവുള്ളവനാകുന്നു.”

## കലിമ ഇസ്തിഗ്ഫാർ

اَسْتَغْفِرُ اللّٰهَ رَبِّيْ مِنْ كُلِّ ذَنْبٍ اَذْنَبْتُهٗ
عَمَدًا اَوْ خَطَاً سِرًّا اَوْ عَلَانِيَةً وَّ
اَتُوْبُ اِلَيْهِ مِنَ الذَّنْبِ الَّذِيْٓ اَعْلَمُ

وَمِنَ الذَّنْبِ الَّذِي لَا أَعْلَمُ إِنَّكَ
أَنْتَ عَلَّامُ الْغُيُوبِ وَسَتَّارُ الْعُيُوبِ
وَغَفَّارُ الذُّنُوبِ وَلَا حَوْلَ وَلَا قُوَّةَ إِلَّا
بِاللهِ الْعَلِيِّ الْعَظِيمِ

" എന്നിൽ നിന്നും അറിഞ്ഞോ അറിയാതെയോ, പ്രത്യക്ഷമോ പരോക്ഷമോ ആയി വന്ന എല്ലാ തെറ്റുകൾക്കും ഞാനെന്റെ നാഥനായ അല്ലാഹുവിനോട് പൊറുക്കലിനെ തേടുന്നു. ഞാനറിഞ്ഞും അറിയാതെയും ചെയ്ത എല്ലാ തെറ്റുകളിൽ നിന്നും ഞാൻ അവനിലേക്ക് പശ്ചാതപിച്ച് മടങ്ങുകയും ചെയ്യുന്നു. അദൃശ്യ കാര്യങ്ങൾ ഏറ്റവും കൂടുതൽ അറിയുന്നവനും ന്യൂനതകളെ മറച്ചു വെക്കുന്നവനും തെറ്റുകൾക്ക് മാപ്പു നൽകുന്നവനും നീ തന്നെയാകുന്നു. തിന്മകളിൽ നിന്ന് രക്ഷപ്പെടാനും നന്മ പ്രവർത്തിക്കുവാനുമുള്ള കഴിവ് സർവ്വ പ്രതാപിയായ അല്ലാഹുവിന്റെ സഹായത്തോടെ മാത്രമേ ലഭിക്കുകയുള്ളൂ." ○

അദ്ധ്യായം-5

## ഹദ്റത്ത് മുഹമ്മദ് നബി(സ) തിരുമേനിയും ഖലീഫമാരും

ഹദ്റത്ത് മുഹമ്മദ് നബി (സ) നമ്മുടെ ഏറ്റവും പ്രിയ യജമാനരും എല്ലാ നബിമാരുടെയും നേതാവുമാകുന്നു. നബി(സ) മുഖേനയാണ് സമ്പൂർണ്ണമതമായ ഇസ്‌ലാം നമുക്ക് ലഭിച്ചത്. തിരുമേനി (സ) യിലൂടെയാണ് വിശുദ്ധഖുർആൻ മാനവ ലോകത്തിന് ലഭിച്ചിട്ടുള്ളത്. നമ്മുടെ നന്മക്കായുള്ള എല്ലാ നല്ല കാര്യങ്ങളും വിശുദ്ധഖുർആനിൽ അടങ്ങിയിരിക്കുന്നു.

ഏ.ഡി 570 ഏപ്രിൽ 20-ന് അറേബ്യയിലെ മക്കാപട്ടണത്തിലാണ് നബി(സ) തിരുമേനി ജനിച്ചത്. അദ്ദേഹം ഉന്നത കുലജാതനായിരുന്നു. പിതാവിന്റെ പേര് അബ്ദുല്ല എന്നും മാതാവിന്റെ പേര് ആമിന എന്നുമാണ്. നബിതിരുമേനിയുടെ ജനനത്തിനു മുമ്പു തന്നെ പിതാവും നന്നേ ചെറുപ്രായത്തിൽ തന്നെ മാതാവും ചരമം പ്രാപിച്ചിരുന്നു. മാതാപിതാക്കളുടെ വഫാത്തിനു ശേഷം തീർത്തും അനാഥനായിത്തീർന്ന നബി, പിതാമഹൻ അബ്ദുൽ മുത്തലിബിന്റെ സംരക്ഷണത്തിലും പിതാമഹന്റെ വഫാത്തിനുശേഷം പിതൃസഹോദരൻ അബൂതാലിബിന്റെ സംരക്ഷണത്തിലുമാണ് വളർന്നത്. ചെറുപ്രായം മുതൽക്കുതന്നെ അവിടുന്ന് നന്മകൾ മാത്രമേ പ്രവർത്തിച്ചിരുന്നുള്ളൂ. ചീത്ത കൂട്ടുകെട്ടുകളിൽ നിന്നും പ്രവൃത്തികളിൽനിന്നും എപ്പോഴും വേറിട്ടുനിന്നു. ഏകദൈവത്തെ മാത്രം ആരാധിക്കുകയും പാവപ്പെട്ടവരെയും അഗതികളെയും സഹായിക്കുകയും ചെയ്തു. അവിടുന്ന് സത്യം മാത്രമേ പറഞ്ഞിരുന്നുള്ളൂ. നാല്പത് വയസ്സായപ്പോൾ ജനസമൂഹത്തെ നന്മയിലേക്കു നയിക്കുന്നതിന് അല്ലാഹു തിരുമേനിയെ തന്റെ നബിയും റസൂലുമാക്കി. ലോകത്തെ നന്മയിലേക്കാനയിക്കുന്നതിനുള്ള ചുമതല അദ്ദേഹത്തിൽ അർപ്പിക്കപ്പെട്ടു.

ലോകത്ത് അതിനു മുമ്പുവന്ന മുഴുവൻ പ്രവാചകന്മാരെയും പോലെ അദ്ദേഹത്തെയും ജനങ്ങൾ കഠിനമായെതിർത്തു. ബിംബങ്ങളെ ആരാധിക്കരുതെന്നും ഏകനായ അല്ലാഹുവിനെ മാത്രമേ ആരാധിക്കാവൂ എന്നും ഉദ്ബോധിച്ചപ്പോൾ ബിംബാരാധാകരായ മക്കാനിവാസികൾ നബിയുടെ കഠിന ശത്രുക്കളായി മാറി. അവർ നബിയെയും അദ്ദേഹത്തിൽ വിശ്വസിച്ച മുസ്ലിംകളെയും കഠിമായി ദ്രോഹിക്കാൻ തുടങ്ങി. പല തരത്തിലുള്ള ദുരിതങ്ങളിലും ദു:ഖങ്ങളിലും അകപ്പെടുത്തി. എന്നാൽ നബിതിരുമേനിയും സഹചരരും അതൊന്നും തന്നെ ഗൗനിച്ചതേയില്ല. ഏകദേശം പതിമൂന്ന് കൊല്ലക്കാലം ഈ അക്രമങ്ങളും ദ്രോഹങ്ങളും സഹിച്ചുകൊണ്ടുതന്നെ അദ്ദേഹം ഇസ്ലാംമത പ്രചരണം നടത്തിക്കൊണ്ടിരുന്നു. അവസാനം അതിക്രമങ്ങൾ വർദ്ധിച്ചപ്പോൾ അല്ലാഹുവിന്റെ ആജ്ഞാനുസരണം നബിയും സഖാക്കളും മക്കയിൽ നിന്നും മദീനയി

ലേക്ക് പലായനം ചെയ്യുകയുണ്ടായി. ഈ സംഭവമാണ് ***ഹിജ്റത്ത്*** എന്നാണറിയപ്പെടുന്നത്. ആ മഹാത്മാവ് പത്തുകൊല്ലക്കാലം വരെ മദീനയിൽ വസിക്കുകയും ഇസ്ലാംമതത്തെ പ്രചരിപ്പിക്കുകയും ചെയ്തു. ഈ കാലയളവിൽ നബിക്ക് ശത്രുക്കളുമായി നിരവധി യുദ്ധങ്ങൾ നടത്തേണ്ടി വന്നിട്ടുണ്ട്. എന്നാൽ ഓരോ യുദ്ധവും മുസ്ലിങ്ങളുടെ പുരോഗതിക്ക് കാരണമായി. എല്ലാത്തിലും വിജയം മുസ്ലിങ്ങൾക്ക് തന്നെയായിരുന്നു. ഇതിനനുസരിച്ച് ശത്രുക്കളുടെ ശക്തി ക്ഷയിച്ചുകൊണ്ടിരുന്നു. അവസാനം മക്കാ വിജയമുണ്ടാകുകയും നബിതിരുമേനിയും സംഘവും വിജയശ്രീലാളിതരായി മക്കാപട്ടണത്തിൽ പ്രവേശിക്കുകയും ചെയ്തു. അതുവരെ ചെയ്ത ദ്രോഹങ്ങൾക്ക് കടുത്ത പ്രതികാരം ലഭിക്കുമെന്ന് കരുതിയ ശത്രുക്കൾക്ക് നബിതിരുമേനി(സ) പൊതുമാപ്പ് നല്കുന്നതായാണ് കാണാൻ സാധിച്ചത്. ഇപ്രകാരം ആ മഹാത്മാവ് മിത്രങ്ങൾക്കും ശത്രുക്കൾക്കും കാരുണ്യമായി മാറുകയുണ്ടായി. അങ്ങയുടെ ഈ സദ്മാതൃകയുടെ ഫലമായി മുഴുവൻ അറേബ്യയും വളരെ വേഗത്തിൽ മുസ്ലിങ്ങളായി.

മക്കാവിജയത്തിന് ശേഷം രണ്ടു വർഷക്കാലം മാത്രമേ നബി(സ) ജീവിച്ചിരുന്നുള്ളു. ഹിജ്റത്തിന് 11 വർഷങ്ങൾക്ക് ശേഷം നബി (സ) എ.ഡി 632 ജൂൺ 8 ന് മദീനയിൽ വെച്ച് വഫാത്തായി. മദീനയിൽ തന്നെ ഖബറടക്കപ്പെടുകയും ചെയ്തു.

## നബിതിരുമേനിയുടെ ഖലീഫമാർ

നബിതിരുമേനി(സ)യുടെ വഫാത്തിനുശേഷം ഒന്നിനുപിറകെ മറ്റൊന്നായി നാലു ഖലീഫമാർ നബി (സ)യുടെ പ്രതിനിധികളാവുകയുണ്ടായി. ഇവരെ'***ഖുലഫാഉർറാശിദീൻ***' എന്നു വിളിക്കുന്നു. ഹദ്റത്ത് അബൂബക്കർ സിദ്ദീഖ് (റ), ഹദ്റത്ത് ഉമർ (റ), ഹദ്റത്ത് ഉസ്മാൻ (റ), ഹദ്റത്ത് അലി(റ), എന്നിവരാണ് ഈ നാലു ഖലീഫമാർ.

ഈ നാല് ഖലീഫമാരുടെയും അനുഗ്രഹീത കാലഘട്ടങ്ങളിൽ ഇസ്ലാം അസാധാരണമായ നിലയിൽ അഭിവൃദ്ധിപ്പെടുകയും മുസ്ലിംകൾ ലോകത്തിന്റെ ദൂരദിക്കുകളിൽപോലും

വ്യാപിക്കുകയും ചെയ്തു. ഈ നാലു ഖലീഫമാരും നബി(സ) തിരുമേനിയുടെ പ്രധാന സഹാബിമാരായിരുന്നു. നബി തിരുമേനിക്ക് അവരോട് വലിയ സ്നേഹബഹുമാനമായിരുന്നു. ഇസ്‌ലാമിനുവേണ്ടി അവർ വളരെയധികം സേവനം ചെയ്തിരുന്നു. അതിന് അവരെ അല്ലാഹു പ്രത്യേകമായ നിലയിൽ സഹായിക്കുകയുമുണ്ടായി. ഈ അനുഗ്രഹീത ഖിലാഫത്തിനെ ***ഖിലാഫത്തെ റാശിദ*** എന്നു പറയുന്നു.

അദ്ധ്യായം-6

## ഹദ്റത്ത് മസീഹ് മൗഊദ്(അ)

ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ പേര് മിർസാ ഗുലാം അഹ്മദ് സാഹിബ് എന്നാണ്. ഏ.ഡി.1835 ഫെബ്രുവരി 13 ന് ഇന്ത്യയിലെ പഞ്ചാബ് സംസ്ഥാനത്തിൽപെട്ട ഗുർദാസ്പൂർ ജില്ലയിലെ ഖാദിയാൻ എന്ന ഗ്രാമത്തിലാണ് വാഗ്ദത്ത മസീഹ് (അ) ജനിച്ചത്. പിതാവിന്റെ പേര് മിർസാ ഗുലാം മുർതസാ സാഹിബ് എന്നും മാതാവിന്റെ പേര് ചിറാഗ് ബീവി എന്നുമാണ്. വളരെ ചെറുപ്രായത്തിൽ തന്നെ അവിടുന്ന് ആരാധനയിലും മതപരമായ കാര്യങ്ങളിലും മുഴുകിയിരുന്നു. തന്റെ യജമാനനായ റസൂർ (സ) തിരുമേനിയെ അങ്ങേയറ്റം സ്നേഹിക്കുകയും തിരുമേനിയെ മാതൃകയാക്കി ജീവിക്കുകയും ചെയ്തു. എല്ലാ തിന്മകളിൽ നിന്നും അകന്നുനിന്ന അദ്ദേഹം പാവങ്ങളെയും അഗതികളെയും എന്നും സഹായിച്ചിരുന്നു. അല്ലാഹു അദ്ദേഹത്തെ വാഗ്ദത്ത മസീഹും മഹ്ദിയുമായി നിയോഗിച്ചുകൊണ്ട് ഇസ്‌ലാമിനെ അഭിവൃദ്ധിപ്പെടുത്താനും ഖുർആനിക അധ്യാപനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുവാനുമുള്ള ചുമതല ഏൽപ്പിച്ചു. മുസ്‌ലിംകൾ അധഃപതനത്തിന്റെ അടിത്തട്ടിലെത്തിയ കാലമായിരുന്നു അത്. മുസ്‌ലിംകളിൽ പലതരത്തിലുള്ള ദൗർബല്യങ്ങളും തെറ്റുകുറ്റങ്ങളും കടന്നുകൂടിയിരുന്നു. ഹദ്റത്ത്

മസീഹ് മൗഊദ്(അ) ഇവയൊക്കെ ദൂരീകരിച്ച് ഇസ്‌ലാമിന്റെ യഥാർത്ഥ അദ്ധ്യാപനം ലോകത്ത് വെളിപ്പെടുത്തി. തന്റെ ജമാഅത്തിൽ പ്രവേശിക്കുന്നവർക്ക് ***അഹ്മദി മുസ്‌ലിം*** എന്നു നാമകരണം ചെയ്തു. അദ്ദേഹത്തിന് വളരെയധികം എതിർപ്പുകളെ നേരിടേണ്ടി വന്നിരുന്നു.എതിരാളികൾ അദ്ദേഹത്തെയും അനുചരന്മാരെയും പലതരത്തിലും ദ്രോഹിച്ചുകൊണ്ടിരുന്നു. എന്നാൽ അല്ലാഹു എന്നും അദ്ദേഹത്തോടൊപ്പമായിരുന്നു. അതുകൊണ്ടുതന്നെ ജമാഅത്ത് അനുദിനം അഭിവൃദ്ധിപ്പെട്ടു വന്നു. ഇന്ന് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ലോകം മുഴുവനും വ്യാപിച്ചു കഴിഞ്ഞിരിക്കുന്നു. അല്ലാഹുവിൽ നിന്നുള്ള അനേകം അടയാളങ്ങളും ദൃഷ്ടാന്തങ്ങളും അദ്ദേഹം മുഖേന വെളിപ്പെടുകയുണ്ടായി. ഏകദേശം എൺപതോളം ഗ്രന്ഥങ്ങളെഴുതി. ഇസ്‌ലാമിന്റെ സത്യദൃഷ്ടാന്തങ്ങൾ കാണിച്ചുകൊണ്ടായിരുന്നു അദ്ദേഹം ശത്രുക്കളെ നേരിട്ടത്. ഏ.ഡി. 1908 മെയ് 26 ന് ലോഹോറിൽ വെച്ച് അദ്ദേഹം വഫാത്തായി. അദ്ദേഹത്തിന്റെ ഖബർ ഖാദിയാനിലെ ബിഹ്ശ്തി മഖ്ബറയിൽ സ്ഥിതിചെയ്യുന്നു. ○

## വാഗ്ദത്ത മസീഹിന്റെ ഖലീഫമാർ

## ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)

ഹദ്റത്ത് മസീഹ് മൗഊദ്(അ) വഫാത്തായപ്പോൾ അദ്ദേഹത്തിന്റെ ഏറ്റവും അടുത്തതും പ്രധാനപ്പെട്ട സഹാബിയുമായിരുന്ന ഹദ്റത്ത് മൗലവി ഹാഫിസ് ഹക്കീം നൂറുദ്ദീൻ സാഹിബ് (റ) അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ഒന്നാം ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. രാജ്യത്തെ പ്രസിദ്ധനായ വൈദ്യനും വലിയ മതപണ്ഡിതനുമായിരുന്നു അദ്ദേഹം. ഹദ്റത്ത് മസീഹ് മൗഊദ് (അ)ൽ ബൈഅത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ച പ്രഥമവ്യക്തി എന്ന പദവി ലഭിച്ചത് ഇദ്ദേഹത്തിനാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ന് അദ്ദേഹത്തോട് പ്രത്യേക

സ്നേഹമായിരുന്നു. ആറു വർഷക്കാലം നീണ്ടുനിന്ന അദ്ദേഹത്തിന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ അഹ്മദിയ്യാ പ്രസ്ഥാനം കൂടുതൽ പുരോഗതി പ്രാപിക്കുകയുണ്ടായി. 1914 മാർച്ച 13-ാം തീയതി ഖാദിയാനിൽവെച്ച് വഫാത്തായ ഒന്നാം ഖലീഫയുടെ ഖബർ ബിഹ്ശ്തി മഖ്ബറയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ ഖബറിന്നരികിലായി സ്ഥിതിചെയ്യുന്നു.

## ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)വിന്റെ വഫാത്തിനുശേഷം 1914 മാർച്ച് 14-ാം തീയ്യതി വാഗ്ദത്ത മസീഹിന്റെ വാഗ്ദത്ത പുത്രനായ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദഹ്മദ് (റ) അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ രണ്ടാം ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്ത് അസാധാരണമായ നിലയിൽ അഭിവൃദ്ധിപ്പെടുകയുണ്ടായി. അദ്ദേഹത്തിന്റെ 51 വർഷം നീണ്ടുനിന്ന ഖിലാഫത്ത് കാലഘട്ടത്തിൽ അഹ്മദിയ്യാ പ്രസ്ഥാനം എല്ലാതരത്തിലും ഉന്നതിയിലെത്തി. ജമാഅത്ത് വ്യവസ്ഥിതി ശക്തിപ്പെട്ടു. അദ്ദേഹം ജമാഅത്തിലെ എല്ലാവിഭാഗത്തിൽപ്പെട്ടവർക്കും ഉത്തമമായ ശിക്ഷണം നൽകുകയുണ്ടായി. ഇസ്ലാമിന്റെ പ്രചാരണത്തിന്നായി ആഫ്രിക്ക, യൂറോപ്പ്, അമേരിക്ക തുടങ്ങിയ വൻകരകളിലും മറ്റനേകം രാജ്യങ്ങളിലും മുബല്ലിഗുമാരെ അയച്ചു. അവിടങ്ങളിൽ പള്ളികൾ പണിയുകയും വിവിധ ഭാഷകളിൽ വിശുദ്ധ ഖുർആന്റെ പരിഭാഷ പ്രസിദ്ധപ്പെടുത്തുകയുമുണ്ടായി. അദ്ദേഹത്തിലൂടെ ലക്ഷക്കണക്കിനാളുകൾ സത്യത്തെ സ്വീകരിച്ചു. ലോകത്തിന്റെ കോണുകളോളം ജമാഅത്ത് സ്ഥാപിക്കപ്പെട്ടു. ഏതെല്ലാം പ്രവചനങ്ങളും അടയാളങ്ങളുമാണോ അല്ലാഹു അദ്ദേഹത്തെക്കുറിച്ച് അറിയിച്ചത് അതുമുഴുവനും അദ്ദേഹത്തിലൂടെ മഹത്തായ നിലയിൽ പൂർത്തിയാവുകയുണ്ടായി. തന്റെ മുഴുവൻ പ്രവർത്തനങ്ങളും പൂർത്തീകരിക്കുകയും വിജയം സ്വന്തം കണ്ണുകൾകൊണ്ട് ദർശിച്ചതിനുശേഷം 1965 നവമ്പർ 8ന് രാവിലെ

6-20ന് അദ്ദേഹം തന്റെ യഥാർത്ഥ നാഥനിലേക്ക് യാത്രയായി. (ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ). നവമ്പർ 9-ാം തീയ്യതി നടന്ന ജനാസ നമസ്കാരത്തിൽ എകദേശം അമ്പതി നായിരം അഹ്മദികൾ പങ്കെടുത്തു. അദ്ദേഹത്തെ പാക്കി സ്ഥാനിലുള്ള റബ്വയിലെ ബിഹ്ശ്തി മഖ്ബറയിൽ ഹദ്റത്ത് അമ്മാജാൻ(റ:അ) യുടെ ഖബറിനരികിൽ അമാനത്തായി അടക്കം ചെയ്തിരിക്കുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പദവി കൾ ഉയർത്തുമാറാകട്ടെ. (ആമീൻ)

## ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)വിന്റെ വഫാത്തിനുശേഷം 1965 നവമ്പർ 9-ാം തീയ്യതി അദ്ദേഹത്തിന്റെ സീമന്തപുത്രനായ ഹദ്റത്ത് മിർസാ നാസിർ അഹ്മദ് എം.എ അവർകളെ ജമാഅത്തിന്റെ മൂന്നാം ഖലീഫയായി തിരഞ്ഞെടു ത്തു. 1909 നവമ്പർ 16-ാം തീയതി അല്ലാഹുവിന്റെ സുവാർത്ത യനുസരിച്ചാണ് അദ്ദേഹം ജനിച്ചത്. പതിമൂന്നാം വയസ്സിൽ അദ്ദേഹം വിശുദ്ധ ഖുർആൻ മനഃപാഠമാക്കി. മതവിദ്യാഭ്യാസവും ഭൗതീകവിദ്യഭ്യാസവും പൂർത്തിയാക്കിയതിനുശേഷം മതസേ വനത്തിന്നായി അദ്ദേഹം സ്വജീവിതം ഉഴിഞ്ഞുവെക്കുകയായി രുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് ദീനീസേവകനായ ഒരു പൗത്രനെക്കുറിച്ചുള്ള സുവാർത്ത നല്കപ്പെട്ടിരുന്നു. കൂടാതെ ഹദ്റത്ത് ഖലീഫത്തുൽ മാസീഹ് സാനി(റ) നും അല്ലാഹു അദ്ദേഹത്തെക്കുറിച്ചുള്ള ധാരാളം സുവാർത്തകൾ നല്കിയിരുന്നു. ഈ എല്ലാ പ്രവചനങ്ങളും ഹദ്റത്ത് ഖലീഫ ത്തുൽ മസീഹ് സാലിസിൽ പൂർത്തിയാവുകയും നമ്മുടെ വിശ്വാ സത്തെ ബലപ്പെടുത്തുകയുമുണ്ടായി.

പതിനേഴുവർഷം നീണ്ടുനിന്ന ഖിലാഫത്ത് കാലഘട്ട ത്തിനുശേഷം 1982 ജൂൺ എട്ടിനും ഒമ്പതിനുമിടയ്ക്ക് അർദ്ധരാത്രി ഒരുമണിക്ക് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) വഫാത്തായി.(ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ) ജൂൺ 10ന് നടന്ന ജനാസ നമസ്കാരത്തിൽ ഏകദേശം അരുപ

തിനായിരത്തിനും എഴുപതിനായിരത്തിനുമിടക്കുള്ള ആളുകൾ പങ്കെടുക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ജനാസ റബ്വയിലെ ബിഹ്ശ്തി മഖ്ബറയിൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ ഖബറിന്റെ വലതുഭാഗത്ത് അമാനത്തായി അടക്കം ചെയ്തിരിക്കുന്നു.

## ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്)യുടെ വഫാത്തിനുശേഷം 1982 ജൂൺ 10-ാം തീയതി ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്) ജമാഅത്തിന്റെ നാലാം ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പൗത്രനും ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ)ന്റെ പുത്രനുമായിരുന്നു. 1928 ഡിസംബർ 18നാണ് അദ്ദേഹം ജനിച്ചത്. ഭൗതീക വിദ്യാഭ്യാസത്തിൽ ബിരുദം നേടിയതുകൂടാതെ ജാമിഅ അഹ്മദിയ്യായിലെ പഠനവും പൂർത്തിയാക്കിയിരുന്നു. ജാമിഅ അഹ്മദിയ്യായിൽ നിന്നും' ശാഹിദ്' ബിരുദം എടുത്തതിനുശേഷം ഉപരിപഠനാർഥം രണ്ടുവർഷക്കാലം ഇംഗ്ലണ്ടിൽ ചിലവഴിക്കുകയുണ്ടായി. ഉന്നത നിലവാരമുള്ള ഒരു ഗ്രന്ഥകാരനും മാസ്മരിക പ്രഭാഷകനുമായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ ***'മദ്ഹബ് കെ നാം പർ ഖൂൻ'*** (മതത്തിന്റെ പേരിൽ മനുഷ്യഹത്യ) എന്ന ഗ്രന്ഥം പണ്ഡിത ലോകത്ത് പ്രശംസകൾ കരസ്ഥമാക്കുകയുണ്ടായി. നാലാം ഖലീഫയുടെ അനുഗ്രഹീത ഖിലാഫത്തിൻ കീഴിൽ അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് രാജകീയ വിജയത്തോടെ മുന്നേറുകയുണ്ടായി. ജമാഅത്തിനുണ്ടായ അസാധാരണമായ ഈ വിജയം കണ്ട് അസൂയാലുക്കളായ പാക്കിസ്ഥാൻ ഭരണകൂടം ജമാഅത്തിൽ എല്ലാ വിധത്തിലുമുള്ള നിയന്ത്രണങ്ങളും ഏർപ്പെടുത്തുകയുണ്ടായി. എന്നാൽ അസാമാന്യ ധൈര്യം പ്രകടിപ്പിക്കുന്ന അഹ്മദികൾ എല്ലാ രംഗങ്ങളിലും ത്യാഗം ചെയ്തുകൊണ്ടിരിക്കുന്നു. അക്രമങ്ങളുടെ വേലിയേറ്റത്തിൽ അല്ലാഹുവിന്റെ നിർദ്ദേശാനുസരണം അദ്ദേഹത്തിന് പാക്കിസ്ഥാനിൽ നിന്നും ലണ്ടനിലേക്ക്

ഹിജ്റത്ത് ചെയ്യേണ്ടതായി വന്നു. അവിടെ നിന്നുകൊണ്ട് അദ്ദേഹം ജമാഅത്തിന്റെ വിജയത്തിനായുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി.

## അദ്ധ്യായം-7
## അഹ്മദിയ്യാ ജമാഅത്തിന്റെ രൂപീകരണ ലക്ഷ്യം

1. അല്ലാഹുവിൽ ജീവസുറ്റതും സത്യസന്ധവുമായ വിശ്വാസം പുലർത്തുക.

2. വിശുദ്ധഖുർആന്റെ അധ്യാപനങ്ങൾക്കെതിരായി മുസ്ലിംകളിൽ ഉണ്ടായിരിക്കുന്ന തെറ്റിദ്ധാരണകളും ദൗർബല്യങ്ങളും ന്യൂനതകളും പരിഹരിക്കുവാൻ ശ്രമിക്കുക.

3. വർത്തമാന കാലഘട്ടത്തിന്റെ ആവശ്യാർഥം വിശുദ്ധ ഖുർആന്റെ പാഠങ്ങൾ ലോകത്തിന്റെ മുമ്പിൽ എത്തിക്കുക.

4. ലോകത്തുള്ള എല്ലാ മതങ്ങൾക്കും മേൽ ഇസ്ലാമിന്റെ സത്യം വെളിപ്പെടുത്തുകയും വിജയിപ്പിക്കുകയും ചെയ്യുക. വിശേഷിച്ച് ക്രിസ്തുമതത്തിനും നിരീശ്വരത്വത്തിനുമെതിരിൽ.

5. അവസാനകാലത്തെ പുനരുദ്ധാരണത്തിനായി ലോകത്ത് പ്രത്യക്ഷനാകുമെന്ന് എല്ലാ മതഗ്രന്ഥങ്ങളിലും പ്രവചനം ചെയ്യപ്പെട്ട മഹാപ്രതാപശാലിയായ ആത്മീയ പരിഷ്കർത്താവ് ആഗതനായിരിക്കുന്നുവെന്നും അദ്ദേഹമാണ് വാഗ്ദത്ത മസീഹ്(അ) എന്നും ലോകത്തിന് വ്യക്തമാക്കിക്കൊടുക്കുക.

6. ലോകത്ത് നിലവിലുള്ള എല്ലാ തിന്മകളെയും ദുരാചാരങ്ങളെയും ദൂരപ്പെടുത്തി ജനങ്ങളെ ശാന്തിയിലും സമാധാനത്തിലും മൈത്രയിലും സ്നേഹത്തിലും നടത്തുന്നതിനുള്ള മത വ്യവസ്ഥിതി ലോകത്ത് സ്ഥാപിക്കുക.

# അദ്ധ്യായം-8
# അഹ്മദിയ്യാ ജമാഅത്തിന്റെ
# വിശ്വാസ പ്രമാണങ്ങൾ

വിശുദ്ധഖുർആനും മുഹമ്മദ് നബി(സ) തിരുമേനിയും മുന്നോട്ടുവെച്ച വിശ്വാസപ്രമാണങ്ങൾ തന്നെയാണ് അഹ്മദിയ്യാ മുസ്ലിം ജമാഅത്തും മുന്നോട്ട് വെച്ചിട്ടുള്ളത്. എന്നാൽ ഇന്നത്തെ മുസ്ലിംകൾ വിശുദ്ധഖുർആന്റെയും ഇസ്ലാംമതത്തിന്റെയും അദ്ധ്യാപനങ്ങളായി പ്രചരിപ്പിച്ച അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് വിശ്വസിക്കുന്നില്ല. നമ്മുടെ വിശ്വാസാദർശങ്ങൾ ഇവയാണ്.

1. അല്ലാഹു ഏകനാണ്. അവന് പങ്കുകാരനായി മറ്റാരുമില്ല.

2. ഹദ്റത്ത് മുഹമ്മദ് നബി(സ) അല്ലാഹുവിന്റെ സത്യപ്രവാചകനാണ്. അവിടുന്ന് എല്ലാ നബിമാരുടെയും നേതാവും ശ്രേഷ്ടനുമാണ്. ലോകത്ത് ഇറക്കപ്പെട്ട എല്ലാ ശരീഅത്ത് ഗ്രന്ഥങ്ങളേക്കാളും പരിപൂർണ്ണവും, പ്രബലവും ശാശ്വതവുമാണ് നബിതിരുമേനി(സ)യിലൂടെ ഇറക്കപ്പെട്ട വിശുദ്ധഖുർആൻ.

3. അല്ലാഹുവിന്റെ മലക്കുകളിലും എല്ലാ പ്രവാചകന്മാരിലും ഗ്രന്ഥങ്ങളിലും സത്യമാണ്.

4. അന്ത്യനാൾ തീർച്ചയായും വരുമെന്നും ആ വിധിനാളിൽ അല്ലാഹു ജനങ്ങൾക്ക് അവരുടെ പ്രവർത്തനങ്ങൾക്കുള്ള പ്രതിഫലം നല്കുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

5. വിശുദ്ധഖുർആൻ ലോകത്ത് അവതരിച്ച അവസാനത്തെ ദൈവീക ഗ്രന്ഥമാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ലോകാവസാനം വരെ മറ്റൊരു ശരീഅത്ത് ഗ്രന്ഥം ഇറങ്ങുകയില്ല.

6. ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) ഈ ലോകത്തവതരിച്ച ശരീഅത്തോടുകൂടിയ അവസാന പ്രവാചകനാണെന്നും

പുതിയ ശരീഅത്തോടുകൂടി ഇനിയൊരു നബിയും വരികയില്ലായെന്നും ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നു. അതുപോലെ അദ്ദേഹത്തിന്റെ ഉമ്മത്തിൽ നിന്നല്ലാതെ മറ്റൊരു നബി വരികയുമില്ല.

7. അവസാനകാലത്ത് വരുമെന്ന് ഹദ്റത്ത് നബി തിരുമേനി(സ) പ്രവചിച്ച മഹ്ദിയും മസീഹും ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) ആണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അദ്ദേഹം മുഖേനയായിരിക്കും ഇനി ഇസ്‌ലാമിന് അഭിവൃദ്ധി ഉണ്ടാകുക.

8. ലോകത്തവതരിച്ച മുഴുവൻ നബിമാരെയും പോലെ ഹദ്റത്ത് ഈസാ(അ) വഫാത്തായിരിക്കുന്നുവെന്നും അദ്ദേഹത്തിന്റെ ഖബർ കശ്മീരിലെ ശ്രീനഗറിൽ സ്ഥിതിചെയ്യുന്നുവെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

9. അല്ലാഹുവിന്റെ സിഫത്തുകൾ (ഗുണങ്ങൾ) ഒന്നും തന്നെ നഷ്ടപ്പെട്ടിട്ടില്ലെന്നും എല്ലാ ഗുണങ്ങളും ഇപ്പോഴും നിലനില്ക്കുന്നുവെന്നും ഞങ്ങൾ വിശ്വസിക്കുന്നു. അല്ലാഹു മുൻകാലങ്ങളിൽ തന്റെ ദാസരോട് സംസാരിക്കുകയും അവരുടെ ദുആകൾ കേൾക്കുകയും മറുപടി നൽക്കുകയും ചെയ്തിരുന്നതുപോലെ ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നു.

10. വിശുദ്ധഖുർആനിലെ യാതൊരു കല്പനയും ഭാഗവും കാലഹരണപ്പെട്ടിട്ടില്ല എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഖുർആനിക അധ്യാപനങ്ങൾ മുഴുവനും ലോകാവസാനംവരെ പ്രവർത്തനയോഗ്യമാണ്.

# അദ്ധ്യായം-9

## ചില പ്രധാന കവിതകൾ

## ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കവിതകൾ

(1)

### മുഹമ്മദ് നബി(സ) യുടെ മഹോന്നത സ്ഥാനം

വൊ പേശ്വാ ഹമാരാ ജിസ്സെ ഹെ നൂറ് സാരാ
നാം ഉസ് ക ഹെ മുഹമ്മദ് ദിൽബർ മെരാ യഹീഹെ

സബ് പാക് ഹെ പയമ്പർ ഇക് ദൂസ്രെ സെ ബെഹ്തർ
ലേക്കസ് ഖുദായെ ബർതർ ഖൈറുൽ വഹാ യഹീഹെ

വോ യാറെ ലാ മക്കാനീ വൊ ദിൽബരെ നിഹാനീ
ദേഖാ ഹെ ഹംനെ ഉസ്സെ ബസ് രഹ്നുമാ യഹീഹെ

വൊ ആജ് ശാഹെദീ(ൻ)ഹെ വൊ താജെ മുർസലീ(ൻ)ഹെ
വൊ തയ്യിബോ അമീ(ൻ) ഹെ ഉസ്കീ സനാ യഹീഹെ

ഉസ് നൂറ് പർ ഫിദാഹൂ(ൻ) ഉസ്കാഹീ മെ ഹുവാഹൂ(ൻ)
വൊഹെ മേ ചീസ് ക്യാഹൂ(ൻ) ബസ് ഫൈസലാ യഹീഹെ

വൊ ദിൽബറെ യഗാനാ ഇൽമോ(ൻ) ക ഹെ ഖസാനാ
ബാക്കീ ഹെ സബ് ഫസാനാ സച്ച് ബേഖത്വാ യഹീഹെ

ദിൽമെ യഹീ ഹെ ഹർ ദം തേരാ സ്വഹീഫ ചൂമൂ(ൻ)
ഖുർആ(ൻ) കെ ഗിർദ് ഘൂമൂ(ൻ) കഅബ മേരാ യഹീഹെ

(2)

## ദൈവ സഹായം
## (നുസ്റത്തെ ഇലാഹി)

ഖുദാ കെ പാക് ലോഗോ(ൻ) കൊ-
ഖുദാസെ നുസ്റത്ത് ആതീഹെ
ജബ് ആതീ ഹെ തൊ ഫിർ ആലം കൊ-
ഇക് ആലം ദിഖാതീഹെ
വൊ ബൻതീഹെ ഹവാ ഔർ ഹർ-
ഖസെ റാഹ് കൊ ഉഡാതീഹെ
വൊ ഹൊജാതീഹെ ആഗ് ഔർ-
ഹർ മുഖാലിഫ് കൊ ജലാത്തീ ഹെ
കഭീ വൊ ഖാക് ഹോകർ ദുശ്മനോ(ൻ)-
കെ സർപെ പഡ്തീഹെ
കഭീ ഹോ കർ വൊ പാനീ ഉൻപെ-
ഇക് തൂഫാന് ലാതീ ഹെ
ഗറസ് റുക്തെ നഹീ(ൻ) ഹർഗിസ്
ഖുദാ കെ കാമ് ബന്തോ(ൻ) സെ
ഭലാ ഖാലിക് കെ ആഗെ ഖൽക്
കീ കുഛ് പേശ് ജാതീ ഹെ
*********

(3)

## ജമാലോ ഹുസ്നെ ഖുർആൻ
## (ഖുർആന്റെ സൗന്ദര്യം)

ജമാലോ ഹുസ്നെ ഖുർആ(ൻ)
നൂറെ ജാനെ ഹർ മുസൽമാ(ൻ) ഹെ
ഖമർ ഹെ ചാന്ദ് ഔറോ(ൻ) കാ
ഹമാരാ ചാന്ദ് ഖുർആ(ൻ) ഹെ

നദീർ ഉസ്കീ നഹീ(ൻ) ജംതീ
നസർ മെ ഫിക്റ് കർ ദേഖാ
ഭലാ ക്യൂ(ൻ) കർ ന ഹോ യക് താ
കലാമെ പാക് റഹ്മാ(ൻ) ഹെ
ബഹാറെ ജാവിദാ(ൻ) പൈദാ ഹെ
ഉസ്കീ ഹർ ഇബാറത് മെ
നവോ ഖൂബീ ചമൻ മെ ഹെ
ന ഉസ്സാ കോയീ ബുസ്താ(ൻ) ഹെ
ഖുദാ കെ കൗല് സെ കൗലെ
ബശർ ക്യോ(ൻ) കർ ബറാബർ ഹൊ
വഹാ(ൻ) ഖുദ്റത്ത് യഹാ(ൻ) ദർമാന്തഗീ
ഫർക്കെ നുമായാ(ൻ) ഹെ
മലായിക് ജിസ്കീ ഹദ്റത്ത് മെ
കരേ(ൻ) ഇക്റാറെ ലാ ഇൽമീ
സുഖൻ മെ ഉസ്കെ ഹംതായി
കഹാ(ൻ) മക്ദൂറെ ഇൻസാ(ൻ) ഹെ
ബനാ സക്താ നഹീ(ൻ) ഇക് പാങാ(ൻ)
കീഡെ കാ ബശർ ഹർഗിസ്
തൊ ഫിർ ക്യോ(ൻ) കർ ബനാനാ
നൂറെ ഹക്ക് കാ ഉസ്പെ ആസാ(ൻ) ഹെ
ഹമേ(ൻ) കുഛ് കീ(ൻ) നഹീ(ൻ) ഭായിയോ
നസ്വീഹത് ഹെ ഗരീബാനാ
കൊയീ ജൊ പാക് ദിൽ ഹോവേ
ദിലോ ജാ(ൻ) ഉസ്പെ ഖുർബാ(ൻ) ഹെ

*********

## (4)

## ഖുർആൻ ശരീഫ് കീ ഖൂബിയാ(ൻ)

## (വിശുദ്ധഖുർആന്റെ മഹത്വങ്ങൾ)

നൂറെ ഫുർഖാ(ൻ) ഹെ ജൊ
സബ് നൂറോ(ൻ) സെ അജ്‌ലാ നിക്‌ലാ

പാക് വൊ ജിസ്സെ ഹെ
അൻവാറ്കാ ദരിയാ നിക്ലാ
ഹഖ് കീ തൗഹീദ് കാ
മുർഝാ ഹീ ചലാ ത്ഥാ പൗദാ
നാഗഹാ(ൻ) ഗൈബ് സെ
യെ ചശ്മയെ അസ്ഫാ നിക്ലാ
യാ ഇലാഹീ തേരാ ഫുർഖാ(ൻ)
ഹെ കെ ഇക് ആലം ഹെ
ജൊ സരൂരി ത്ഥാ
വൊ സബ് ഇസമെ മുഹയ്യാ നിക്ലാ
സബ് ജഹാ(ൻ) ഛാന് ചുകെ
സാരീ ദുകാനേ(ൻ) ദേഖീ(ൻ)
മയെ ഇർഫാ(ൻ) കാ
യഹീ ഏക് ഹീ ശീശാ നിക്ലാ
*********

## (5)
## ശാനെ ഇസ്ലാം
## (ഇസ്ലാമിന്റെ മഹത്വം)

ഹർ ത്വറഫ് ഫിക്റ് കൊ ദൗഡാ കെ ത്ഥകായാ ഹംനേ
കോയീ ദീ(ൻ) ദീനെ മുഹമ്മദ് സാ ന പായാ ഹംനെ

കോയീ മദ്ഹബ് നഹീ ഐസാ കെ നിശാ(ൻ) ദിഖ്‌ലായെ
യെ സമർ ബാഗെ മുഹമ്മദ് സെ ഹീ ഖായാ ഹംനേ

ഹംനെ ഇസ്ലാമ് കൊ ഖുദ് തജ്റുബാ കർ കെ ദേഖാ
നൂറ് ഹെ നൂർ ഉഠോ ദേഖോ സുനായാ ഹംനേ

ഔർ ദീനോ(ൻ) കൊ ജൊ ദേഖാ തൊ കഹീ(ൻ) നൂറ് ന ത്ഥാ
കോയീ ദിഖ്‌ലായെ അഗർ ഹഖ് കൊ ഛുപായാ ഹംനേ

ആഓ ലോഗോ കെ യഹീ(ൻ) നൂറെ ഖുദാ പാഓഗെ
ലോ തുംമേ(ൻ) തൗറെ തസല്ലീ കാ ബതായാ ഹംനേ

ആജ് ഇൻ നൂറോ(ൻ) കാ ഇക് സോർ ഹെ ഇസ് ആജിസ് മെ
ദിൽകൊ ഇൻ നൂറോ(ൻ) കാ ഹർ റംഗ് ദിലായാ ഹംനേ

ജബ് സെ യെ നൂറ് മിലാ നൂറെ പയമ്പർ സെ ഹമേ(ൻ)
ദാത് സെ ഹഖ് കീ വുജൂദ് അപ്നാ മിലായാ ഹംനേ

മുസ്ത്വഫാ പർ തേരാ ബേഹദ് ഹൊ സലാം ഔർ റഹ്മത്
ഉസ്സെ യെ നൂറ് ലിയാ ബാറെ ഖുദായാ ഹംനേ

റബ്ത് ഹെ ജാനെ മുഹമ്മദ് സെ മെരീ ജാ(ൻ) കൊ മുദാം
ദിൽകൊ വൊ ജാം ലബാലബ് ഹെ പിലായാ ഹംനെ

ഹം ഹുയെ ഖൈറെ ഉമം തുഝ്സെ ഹീ ഏ ഖൈറെ റുസുൽ
തേരെ ബഢ്നേസെ ഖദം ആഗേ ബഢായാ ഹംനേ

ആദ്മീ സാദ് തൊ ക്യാ ചീസ് ഫരിശ്തെ ഭീ തമാം
മദഹ് മെ തേരീ വൊ ഗാതെ ഹേ(ൻ) ജൊ ഗായാ ഹംനെ

*********

## (6)

## ഔലാദ് കേലിയേ ദർദ്മന്ദാനാ ദുആയേ(ൻ)

**(സന്താനങ്ങൾക്കായി ഉള്ളുരുകിയ പ്രാർത്ഥനകൾ)**

തൂനെ യെ ദിൻ ദിഖായാ മഹ്മൂദ് പഢ്കെ ആയാ
ദിൽ ദേഖ് കർ യെ ഇഹ്സാ(ൻ) തേരി സനാമെ ഗായാ
സദ് ശുക്ക്ർ ഹെ ഖുദായാ സദ് ശുക്ക്ർ ഹെ ഖുദായാ
യെ റോസ് കർ മുബാറക് സുബ്ഹാന മയ്യറാനീ

യെ തീൻ ജൊ പിസർ ഹേ(ൻ) തുഝ്സെ ഹീയെ സമർഹെ
യെ മേരേ ബറോബർ ഹേ(ൻ) തേരെ ഗുലാമെ ദർ ഹേ(ൻ)

തു സച്ചെ വഅ്ദോ(ൻ) വാലാ മുൻകിർ കഹാ(ൻ) കിധർഹെ
യെ റോസ് കർ മുബാറക് സുബ്ഹാന മയ്യറാനീ

കറ് ഉൻകോ നേക്ക്ഖിസ്മത് ദേ ഉൻകൊ ദീനൊ ദൗലത്ത്
കറ് ഉൻ കീ ഖുദ് ഹിഫാസത്ത് ഹോ ഉൻപേ തേരി റഹ്മത്ത്

ദേ റുശ്ദ് ഔർ ഹിദായത്ത് ഔർ ഉംറ് ഔർ ഇസ്സത്ത്
യെ റോസ് കർ മുബാറക് സുബ്ഹാന മയ്യറാനീ

ലഖ്തെ ജിഗർഹെ മേരാ മഹ്മൂദ് ബൻദ തേരാ
ദേ ഉസ്കോ ഉംറൊദൗലത്ത് കറ് ദൂറ് ഹർ അന്ധേരാ

ദിൻ ഹൊ മുറാദോ(ൻ) വാലെ പുർനൂറ് ഹോ സവേരാ
യെ റോസ് കർ മുബാറക് സുബ്ഹാന മയ്യറാനീ

ഉസ്കെ ഹെ(ൻ) ദൊ ബറാദർ ഉൻകൊ ഭീ റഖിയോ ഖുശ്തർ
തേരാ ബശീർ അഹ്മദ് തേരാ ശരീഫ് അസ്ഗർ

കർ ഫസ്ൽ സബ് പെ യക്സറ് റഹ്മത്ത് സെ കർ മുഅത്ത്വർ
യെ റോസ് കർ മുബാറക് സുബ്ഹാന മയ്യറാനീ

അഹ്ലെ വഖാറ് ഹോവേ(ൻ) ഫഖ്റെ ദിയാറ് ഹോവേ(ൻ)
ഹഖ് പർ നിസാറ് ഹോവേ(ൻ) മൗലാ കെ യാറ് ഹോവേ(ൻ)

ബാ ബർഗൊബാർ ഹോവേ(ൻ) ഇക് സെ ഹസാറ് ഹോവേ(ൻ)
യെ റോസ് കർ മുബാറക് സുബ്ഹാന മയ്യറാനീ

********

ഖുദായാ തേരെ ഫസ്ലോ(ൻ) കൊ കറൂ(ൻ) യാദ്
ബിശാറത് തൂനെ ദി ഔർ ഫിർ യെ ഔലാദ്

കഹാ ഹർഗിസ് നഹീ(ൻ) ഹോ(ൻ) ഗെ യെ ബർബാദ്
ബഢേ(ൻ) ഗെ ജൈസെ ബാഗോ(ൻ) മെ ഹോ(ൻ) ശംശാദ്

ഖബർ മുഝ്കൊ യെ തൂനെ ബാറ് ഹാ ദീ
ഫസുബ്ഹാനല്ലദീ അഖ്സൽ അആദീ

ബിശാരത്ത് ദീ കെ ഇക് ബേട്ടാ ഹെ തേരാ
ജൊ ഹോഗാ ഏക് ദിൻ മെഹ്ബൂബ് മേരാ

കറൂ(ൻ) ഗാ ദൂർ ഉസ് മെഹ് സെ അന്ധേരാ
ദിഖാഊ(ൻ)ഗാ കെ ഇക് ആലം കൊ ഫേരാ

ബിശാറത്ത് ക്യാഹെ ഇക് ദിൽ കി ഗിസാ ദി
ഫസുബ്ഹാനല്ലദീ അഖ്സൽ അആദീ

## ഹമാരാ ഖുദാ
## (നമ്മുടെ ദൈവം)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)

മേരീ രാത് ദിൻ ബസ് യഹീ ഇക് ദുആ ഹെ
കെ ഇസ് ആലമെ കൗന് കാ ഇക് ഖുദാ ഹെ

ഉസീനെ ഹെ പൈദാ കിയാ ഇസ് ജഹാ(ൻ) കൊ
സിതാരോ(ൻ) കൊ സൂരജ് കൊ ഔർ ആസ്മാ(ൻ) കൊ

വൊ ഹേ ഏക് ഉസ്കാ നഹീ(ൻ) കൊയി ഹംസർ
വൊ മാലിക് ഹെ സബ് കാ വൊ ഹാക്കിം ഹെ സബ്പർ

ഹർ ഇക് ശേ കൊ റോസി വൊ ദേതാഹെ ഹർദം
ഖസാനെ കഭീ ഉസ്കെ ഹോതെ നഹീ(ൻ) കം

വൊ സിന്ദാ ഹെ ഔർ സിന്ദഗീ ബഖ്ശ്താ ഹെ
വൊ ഖായിം ഹെ ഹർ ഏക് കാ ആസ്റാ ഹെ

കോയീ ശെ നസർ സെ നഹീ(ൻ) ഉസ്സെ മഖ്ഫീ
ബഡീ സെ ബഡീ ഹൊ കെ ഛോഠീ സെ ഛോഠീ

ദിലോ(ൻ) കി ഛുപീ ബാത് ഭീ ജാന്താ ഹെ
ബുരോ(ൻ) ഔർ നേക്കോ(ൻ) കൊ പഹ്ചാന്താ ഹെ

വൊ ദേതാ ഹെ ബന്ദോ(ൻ) കൊ അപ്നെ ഹിദായത്ത്
ദിക്കാതാത ഹെ ഹാത്ഥോ(ൻ) പെ ഉൻ കീ കറാമത്ത്

ഹെ ഫരിയാദ് മസ്ലൂമ് കീ സുൻനെ വാലാ
സ്വദാഖത്ത് ക കർത്താഹെ വോ ബോല് ബാലാ

ഗുനാഹോ(ൻ) കൊ ബഖ്ശിശ്സെ ഹെ ഢാൻപ് ദേതാ
ഗരീബോ(ൻ) കൊ റഹ്മത്ത് സെ ഹെ ത്ഥാമ്ലേതാ

യഹീ റാത്ത് ദിൻ അബ് തൊ മേരീ സ്വദാ ഹെ
യെ മേരാ ഖുദാ ഹെ യെ മേരാ ഖുദാ ഹെ.

## (9)

## അല്ലാമിയാ(ൻ) ക ഖത്ത്

## (അല്ലാഹുവിന്റെ കത്ത്)

ഹദ്റത്ത് ഡോക്ടർ മീർ മുഹമ്മദ് ഇസ്മായീൽ സാഹിബ്(റ)

ഖുർആന് സബ്സെ അഛാ
ഖുർആന് സബ്സെ പ്യാരാ

ഖുർആന് ദിൽകി ഖുവ്വത്ത്
ഖുർആന് ഹെ സഹാറാ
അല്ലാ(ഹ്) മിയാ(ൻ) കാ ഖത്ഹേ
ജൊ മേരെ നാമ് ആയാ
ഉസ്താനിജീ പഠാഓ
ജൽദീ മുഝെ സിപാരാ
പഹ്ലെ തൊ നാസിറേ സേ
ആംഖേ(ൻ) കറൂംഗി റോശൻ
ഫിർ തർജമാ സിഖാനാ
ജബ് പഠ് ഛുകൂ(ൻ) മേ സാരാ
മത്‌ലബ് ന ആയെ ജബ് തക്
ക്യൂ(ൻ)കർ അമൽ ഹെ മുംകിൻ
ബേതർജുമെ കെ ഹർഗിസ്
അപ്നാ നഹീ(ൻ) ഗുസാരാ
യാ റബ് തൂ റഹം കര്കെ
ഹം കൊ സിഖാദെ ഖുർആ(ൻ)
ഹർ ദുഖ് കി യെ ദവാ ഹോ
ഹർ ദറ്ദ് ക ഹൊ ചാരാ
ദിൽമേ ഹൊ മേരേ ഈമാ(ൻ)
സീനെ മെ നൂറെ ഫുറ്ഖാ(ൻ)
ബൻജാഊ(ൻ) ഫിർ തൊ സച്മുച്
മെ ആസ്മാ(ൻ) കാ താരാ

## (10)

## അഹ്മദി ബച്ചീ കീ ദുആ

**(അഹ്മദിയ്യാ ബാലികയുടെ പ്രാർത്ഥന)**

ഹദ്റത്ത് ഡോക്ടർ മീർ മുഹമ്മദ് ഇസ്മായീൽ സാഹിബ്(റ)

*(ഈ കവിത ഹദ്റത്ത് ഡോക്ടർ മീർ മുഹമ്മദ് ഇസ്മായീൽ സാഹിബ്(റ) തന്റെ പുത്രി ഹദ്റത്ത് സയ്യിദ ഉമ്മെ മതീൻ മറിയം സിദ്ദീഖ സാഹിബ (സല്ലമല്ലാഹുതആലാ)യുടെ ബാല്യ കാലത്തിൽ അവർക്കുവേണ്ടി രചിച്ചതാണ്. അവർ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)യുടെ ഭാര്യയായിരുന്നു.)*

ഇലാഹീ മുഝെ സീധാ രസ്താ ദിഖാദേ
    മെരീ സിന്ദഗീ പാക് വ ത്വയ്യിബ് ബനാദേ
മുഝെ ദീനൊ ദുൻയാ കീ ഖൂബീ അത്വാകർ
    ഹർ ഇക് ദർദ് ഔർ ദുഖ് സെ മുഝ്കോ ശിഫാ ദേ
സബാ(ൻ) പർ മേരീ ഝൂഠ് ആയെ ന ഹർഗിസ്
    കൂച്ച് ഐസാ സബക് രാസ്തീ കാ പഠാദേ
ഗുനാഓ(ൻ) സെ നഫ്റത്ത് ബദീ സെ അദാവത്ത്
    ഹമേശാ രഹേ(ൻ) ദിൽമെ അഛേ ഇരാദേ
ഹർ ഇക് കീ കറൂ(ൻ) ഖിദ്മത്ത് ഔർ ഖൈർഖ്വാഹി
    ജൊ ദേഖേ വൊ ഖുശ് ഹോകെ മുഝ്കൊ ദുആ ദേ
ബഡോ(ൻ) കാ അദബ് ഔർ ഛോഠോ(ൻ) പെ ശഫ്കത്ത്
    സറാസർ മുഹബ്ബത്ത് കീ പുത്‌ലീ ബനാദേ
ബനൂ(ൻ) നേക് ഔർ ദൂസരോ(ൻ) കൊ ബനാഊ(ൻ)
    മുഝെ ദീന് കാ ഇൽമ് ഇത്നാ സിഖാദേ
ഖുശീ തേരീ ഹൊ ജായെ മഖ്സൂദ് അപ്നാ
    കുഛ് ഐസീ ലഗൻ ദിൽമെ അപനീ ലഗാദേ
ഗിനാ ദേ സഖാ ദേ ഹയാ ദേ വഫാ ദേ
    ഹുദാ ദേ തഖാ ദേ ലിഖാ ദേ റിസാ ദേ
മെരാ നാമ് അബ്ബാനെ രഖാ ഹെ മറിയം
    ഖുദായാ തൂ സിദ്ദീഖാ മുഝ്കോ ബനാദേ

*********

## അദ്ധ്യായം-10

## ഖിലാഫത്തിന്റെ അനുഗ്രഹീത വ്യവസ്ഥ

ഏതെങ്കിലും ഒരു നബിയോ ദൈവനിയുക്തനോ വഫാത്തായാൽ അവരുടെ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടുപോകുന്നതിന് അദ്ദേഹത്തിന്റെ പിൻഗാമികളായി നിയോഗിക്കപ്പെടുന്നവരാണ് ഖലീഫമാർ. ഖലീഫയെ നിയോഗിക്കുന്നത് അല്ലാഹുവാണ്. അതുകൊണ്ട്തന്നെ ഖലീഫയെ തൽസ്ഥാനത്തുനിന്നും നീക്കുവാൻ ആർക്കും സാധ്യമല്ല. അവരെ പരിപൂർണ്ണമായി അനുസരിക്കേണ്ടതും അവർക്കു പിന്തുണ നല്കേണ്ടതും നിർബന്ധമാണ്. ഖലീഫയ്ക്ക് അല്ലാഹു എല്ലായ്പ്പോഴും പിന്തുണയും സഹായവും നല്കുന്നു. അതുകൊണ്ട് അവരെ പിന്തുടരുന്നതുമൂലം പുരോഗതിയും അനുഗ്രഹങ്ങളും ലഭ്യമാകുന്നു. മുസ്ലിംകളിൽ ഖിലാഫത്ത് വ്യവസ്ഥ നിലനിന്ന കാലത്തോളം അവർ അഭിവൃദ്ധിപ്പെട്ടുപോന്നു. അവർ ഖിലാഫത്തിന്റെനേരെ അവഗണന കാണിക്കുകയും ഖിലാഫത്ത് നഷ്ടപ്പെടുകയും ചെയ്തതിനുശേഷം മുസ്ലിംകൾ അധഃപതിച്ചുതുടങ്ങുകയും ചെയ്തു. നാം ഖിലാഫത്തിനെ ആദരിക്കുകയും അതാതുകാലത്തെ ഖലീഫയുടെ കല്പനകൾ പിന്തുടരുകയും ചെയ്യുന്ന പക്ഷം അല്ലാഹു എന്നെന്നും ഈ അനുഗ്രഹത്തെ നിലനിറുത്തുകയും അസാധാരണമായ നിലയിൽ നാം പുരോഗതി കൈവരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതാണ്. ഈ ഖിലാഫത്തിനെ ആദരിക്കാനും അതിന്റെ അനുഗ്രഹഫലങ്ങൾ അനുഭവിക്കുമാറാകാനും ഭാഗ്യമുണ്ടാകുന്നതിനു നാം പ്രാർത്ഥിച്ചുകൊണ്ടിരിക്കേണ്ടതാണ്.

ഖിലാഫത്തിന്റെ കാര്യത്തിൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) നല്കിയ ഉപദേശത്തെ അഹ്മദികുട്ടികൾ ഓർത്തിരിക്കേണ്ടതാണ്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) നല്കിയ

ഒസ്യത്ത് ഇപ്രകാരമാണ്:

"എന്റെ ഒടുവിലത്തെ ഉപദേശം ഇതാണ്. എല്ലാ അനുഗ്രഹങ്ങളും ഖിലാഫത്തിൽ അടങ്ങിയിരിക്കുന്നു. നുബുവ്വത്ത് ഒരു ബീജമാകുന്നു. അതിന്റെ സ്വാധീനഫലങ്ങൾ ഖിലാഫത്ത് മുഖേനയാണ് ലോകമെങ്ങും പരക്കുന്നത്. നിങ്ങൾ യഥാർത്ഥ ഖിലാഫത്തിനെ ശക്തിപൂർവ്വം മുറുകെപിടിക്കുക. അതിന്റെ അനുഗ്രഹങ്ങൾ ലോകത്തെങ്ങും എത്തിക്കുക."(അൽഫസൽ-1959 മെയ്,20)

*********

# ഭാഗം - 2

## പതിനൊന്ന് വയസ്സു മുതൽ പതിനഞ്ച് വയസ്സ് വരെയുള്ള കുട്ടികൾക്ക്

# അദ്ധ്യായം-1

## അഹ്മദിയ്യാ ജമാഅത്തിന്റെ സവിശേഷതകൾ

1. അഹ്മദികളുടെയും അനഹ്മദികളുടെയും വിശ്വാസങ്ങൾ തമ്മിലുള്ള പ്രധാന വത്യാസം ഇവയാകുന്നു. ഇസ്ലാമിന്റെയും വിശുദ്ധഖുർആന്റെയും പാഠങ്ങൾക്കു വിരുദ്ധമായി പ്രചരിച്ച ധാരാളം വിശ്വാസങ്ങൾ അനഹ്മദി മുസ്ലിംകളിൽ കാണപ്പെടുന്നു. എന്നാൽ അഹ്മദികൾ അത്തരം തെറ്റായ വിശ്വാസങ്ങൾ സ്വീകരിക്കുന്നില്ല. വിശുദ്ധ ഖുർആന്റെയും നബിതിരുമേനി(സ)യുടെയും അദ്ധ്യാപനങ്ങൾ അനുസരിച്ചുള്ള വിശ്വാസങ്ങൾ മാത്രം സത്യമാണെന്ന് അഹ്മദികൾ വിശ്വസിക്കുന്നു.

2. ഹദ്റത്ത് ഈസാ(അ) യുടെമേൽ ശത്രുക്കൾ അക്രമം അഴിച്ചുവിടുകയും അദ്ദേഹത്തെ കൊല്ലാൻ കുരിശിൽ കയറ്റുകയും ചെയ്തപ്പോൾ അല്ലാഹു അദ്ദേഹത്തെ ആക്രമണങ്ങളിൽ നിന്നും രക്ഷിക്കുവാനായി ജീവനോടുകൂടി ആകാശത്തേക്ക് ഉയർത്തിയെന്നും അവിടെ ഇപ്പൊഴും ജീവനോടെ ഇരിക്കുന്നുവെന്നുമാണ് അഹ്മദികളല്ലാത്ത മുസ്ലിംകൾ വിശ്വസിക്കുന്നത്. എന്നാൽ ഈ വിശ്വാസം വിശുദ്ധഖുർആന്റെ അദ്ധ്യാപനങ്ങൾക്ക് തികച്ചും വിരുദ്ധമാണെന്ന് അഹ്മദീ മുസ്ലീംകൾ വിശ്വസിക്കുന്നു. അതുകൊണ്ടുതന്നെ ഇതവർ അംഗീകരിക്കുന്നില്ല. ഏതുപ്രകാരം ലോകത്തവതരിച്ച മുഴുവൻ പ്രവാചകന്മാരും വഫാത്തായോ അതേപ്രകാരം ഈസാനബി(അ)യും

വഫാത്തായെന്ന് അഹ്മദീ മുസ്‌ലീംകൾ വിശ്വസിക്കുന്നു. എല്ലാ വരേക്കാളും കൂടുതൽ ദ്രോഹങ്ങൾ നമ്മുടെ നബിയായ ഹദ്റത്ത് മുഹമ്മദ് നബി(സ)യുടെ മേലാണ് ശത്രുക്കൾ അഴി ച്ചുവിട്ടിരുന്നത്. അല്ലാഹു അദ്ദേഹത്തെ ഈ ലോകത്തുതന്നെ ജീവിപ്പിച്ചു നിർത്തിയിരിക്കെ ഈസാ(അ)യെ ശത്രുക്ക ളിൽനിന്നും രക്ഷപ്പെടുത്താൻ ജീവനോടെ ആകാശത്തിലേക്ക് ഉയർത്തിയെന്നത് നമുക്ക് എങ്ങനെ അംഗീകരിക്കാനാവും?

3. എല്ലാ നൂറ്റാണ്ടിന്റെയും തലയ്ക്കൽ ഇസ്‌ലാമിനെ സംരക്ഷിക്കുവാനായി മുജദ്ദിദ് എന്ന് വിളിക്കപ്പെടുന്ന പരി ഷ്കർത്താക്കളെ അല്ലാഹു ഈ ലോകത്തേക്ക് അയക്കുമെന്ന് തിരുനബി(സ) നമുക്ക് അറിവ് നല്കിയിരികുന്നു. നബിതിരു മേനി(സ)യുടെ കാലശേഷം പതിമൂന്ന് നൂറ്റാണ്ടുവരെ മുജദ്ദിദു മാർ വന്നുകൊണ്ടരുന്നുവെന്നും പതിനാലാം നൂറ്റാണ്ടിൽ ഒരു മുജദ്ദിദും വന്നിട്ടില്ല എന്നും അനഹ്മദി മുസ്‌ലിംകൾ വിശ്വസി ക്കുന്നു. അങ്ങനെയാണെങ്കിൽ നബിതിരുമേനി(സ)യുടെ പ്രവ ചനം പതിനാലാം നൂറ്റാണ്ടിൽ പൂർത്തിയായില്ല എന്നു പറയേ ണ്ടിവരുന്നതാണ്. ***(നഊദുബില്ലാഹ്)***

ഏതുപ്രകാരം മുൻ നൂറ്റാണ്ടുകളിൽ മുജദ്ദിദുമാർ വന്നുവോ അപ്രകാരം പതിനാലാം നൂറ്റാണ്ടിലും മുജദ്ദിദ് വന്നിരുന്നു വെന്നും അദ്ദേഹം ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) ആണെന്നും അഹ്മദികൾ വിശ്വസിക്കുന്നു. അങ്ങിനെ ഈ നൂറ്റാ ണ്ടിലും റസൂൽ തിരുമേനി (സ)യുടെ പ്രവചനം പുലരുകയു ണ്ടായി.

4. ഒരുകാലത്ത് ലോകജനത അങ്ങേയറ്റം അധഃപതിക്കു മെന്നും മുസ്‌ലിംകൾക്കിടയിൽ വിവിധങ്ങളായ തിന്മകൾ ഉട ലെടുക്കുമെന്നും, കൃസ്തുമതം ധാർമ്മികപരമായും, മതപര മായും വളരെയധികം അധഃപതിക്കുമെന്നും, എന്നാൽ ഭൗതീക കാര്യങ്ങളിൽ വളരെയധികം പുരോഗതി പ്രാപിക്കുമെന്നും പുതിയ പുതിയ കണ്ടുപിടുത്തങ്ങൾ ഉണ്ടാകുമെന്നും, അപ്പോൾ അല്ലാഹു ലോകത്തെ പുനരുദ്ധരിക്കാനും ഇസ്‌ലാമിനെ അഭി വൃദ്ധിപ്പെടുത്തുന്നതിനുമായി മഹ്ദിയെന്നും മസീഹെന്നും വിളി ക്കുന്ന ഒരു മഹാത്മാവിനെ അയക്കുമെന്നും നബിതിരുമേനി(സ) പ്രവചിച്ചിരുന്നു.

ലോകജനത അങ്ങേയറ്റം അധഃപതിക്കുകയും കൃസ്തുമതം അങ്ങയറ്റം അഭിവൃദ്ധിപ്പെടുകയും അവർ അനേകം നവീന കണ്ടുപിടുത്തങ്ങൾ നടത്തുകയും അങ്ങനെ നബിതിരുമേനി(സ)യുടെ പ്രവചനപ്രകാരമുള്ള സകല അടയാളങ്ങളും പൂർത്തിയാവുകയും ചെയ്തിട്ടുണ്ടെങ്കിലും ലോകത്തെ പുനരുദ്ധരിക്കാൻ വരുമെന്ന് പ്രവചിക്കപ്പെട്ട വാഗ്ദത്ത മസീഹ് വന്നുകഴിഞ്ഞിട്ടില്ലായെന്നും ആകാശത്തിൽ ജീവനോടെയിരിക്കുന്ന ഈസാനബിതന്നെ ഏതെങ്കിലുമൊരുനാൾ ഇറങ്ങിവന്ന് ലോകത്ത് ധാർമ്മിക പരിവർത്തനമുണ്ടാക്കുമെന്നുമാണ് അനഹ്മദികൾ വിശ്വസിക്കുന്നത്. റസൂൽ തിരുമേനി(സ)യുടെ മറ്റെല്ലാ പ്രവചനങ്ങളും പൂർത്തിയായ സ്ഥിതിക്ക് വാഗ്ദത്ത മസീഹിനെ സംബന്ധിച്ച പ്രവചനവും പൂർത്തിയാകാതിരിക്കില്ലെന്നാണ് അഹ്മദിയ്യാ വിശ്വാസം. വരാനിരുന്ന മഹ്ദീമസീഹ് തക്കസമയത്ത് വന്നുകഴിഞ്ഞ ആ മസീഹാണ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ) എന്ന് അഹ്മദികൾ വിശ്വസിക്കുന്നു. റസൂൽ(സ) തിരുമേനിയെ പൂർണ്ണമായും അനുസരിച്ചതിന്റെ അനുഗ്രഹത്താലാണ് അദ്ദേഹത്തിന് ഈ മഹനീയ സ്ഥാനം നല്കപ്പെട്ടിരിക്കുന്നത്. ലോകത്തെ പുനരുദ്ധരിക്കാനായി മുസ്ലിംകളിൽ നിന്നു ആരും തന്നെ പ്രാപ്തരാകുന്നതല്ലെന്നും അന്യസമുദായത്തിൽപെട്ട ഒരു നബി, അതായത് ഈസാ(അ) വന്നിട്ട് ലോകത്തെ പ്രത്യേകിച്ച് മുസ്ലിംകളെ പുനരുദ്ധരിക്കുമെന്നുമാണെങ്കിൽ അഹ്മദികളുടെ കാഴ്ചപ്പാടിൽ അത് ഇസ്ലാമിനെയും റസൂൽതിരുമേനി(സ)യെയും അപമാനിക്കലാണ്. വരേണ്ടിയിരുന്ന മഹ്ദിയും മസീഹും മുസ്ലിംകളിൽ നിന്നുതന്നെ ആഗതനാകുമെന്നും ഈ പദവി റസൂൽ(സ) തിരുമേനിയെ അനുസരിക്കുന്നതുകൊണ്ട് ലഭിക്കുന്ന അനുഗ്രഹമാണെന്നും വിശ്വസിക്കുന്നതിലാണ് ഇസ്ലാമിന്റെ മഹത്വം നിലകൊള്ളുന്നത്.

5. എല്ലാ തരത്തിലുള്ള നുബുവ്വത്തും എന്നന്നേക്കുമായി അവസാനിച്ചുപോയിരിക്കുന്നുവെന്നും റസൂൽ(സ) തിരുമേനിക്കുശേഷം ഇനി ഒരു ഉമ്മത്തീനബിപോലും വരുന്നതല്ലെന്നും അഹ്മദികളല്ലാത്ത മുസ്ലിംകൾ വിശ്വസിക്കുന്നു. എന്നിരിക്കിലും നുബുവ്വത്തിന്റെ ആവശ്യകത നിലനിൽക്കുക

തന്നെ ചെയ്യുകയും മുസ്‌ലിംകൾ അധഃപതിക്കുകയും അവരെ ഉദ്ധരിക്കാൻ ഒരു പ്രവാചകന്റെ ആവശ്യകത വരികയും ചെയ്താൽ അല്ലാഹു ഒരു പഴയ നബിയെ അതായത് ഹദ്‌റത്ത് ഈസാ (അ)യെ ആകാശത്ത് നിന്നും ഇറക്കുമെന്നുമാണ് അവരുടെ വിശ്വാസം.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ വിശ്വാസമനുസരിച്ച് റസൂൽകരീം(സ) നിസ്സംശയം ഖാത്തമുന്നബിയ്യീൻ ആകുന്നു. എന്നാൽ ഇതിന്റെ അർത്ഥം അദ്ദേഹം എല്ലാ നബിമാരേക്കാളും ശ്രേഷ്ഠനും മുഴുവൻ നബിമാരുടെയും നായകനുമാണെന്നാതാകുന്നു. ഇനി മറ്റൊരു ഉമ്മത്തിൽ നിന്നും ഒരു പ്രവാചകനും വരുന്നതല്ല എന്നതിലും പുതിയ ഒരു ശരീഅത്തും വരുന്നതല്ല എന്നതിലും സംശയമില്ല. എന്നാൽ തിരുനബി(സ)യുടെ പിന്തുടർച്ചയിലും അവിടുത്തെ ദാസ്യത്വത്തിലും നുബുവ്വത്ത് സ്ഥാനം നേടുന്ന ഒരു നബി വിശുദ്ധഖുർആന്റെ അദ്ധ്യാപനം ലോകത്ത് പ്രചരിപ്പിക്കുന്നതിന്നായി തീർച്ചയായും വരാവുന്നതാണ്. നുബുവ്വത്തിന്റെ ആവശ്യകത നിലനില്ക്കുകയും തിരുനബി(സ)യുടെ പ്രവചനപ്രകാരം എല്ലാവിധത്തിലുള്ള തിന്മകളും ലോകത്ത് വെളിപ്പെടുകയും ചെയ്തിരിക്കെ അല്ലാഹു ഒരു നബിയേയും അയക്കാതിരിക്കുക സംഭവ്യമല്ല. എന്നാൽ തിരുനബി(സ) ഖാത്തമുന്നബിയ്യീൻ ആയിരിക്കയാൽ നബിതിരുമേനി(സ)യുടെ നുബൂവ്വത്തിനെ അനുധാവനം ചെയ്തുകൊണ്ടും അങ്ങയുടെ സേവകനായികൊണ്ടും മാത്രമേ ഇനി നബി വരികയുള്ളൂ.

6. അല്ലാഹു പണ്ട് തന്റെ ദാസന്മാരോട് സംസാരിക്കുകയും വരാൻ പോകുന്ന കാര്യങ്ങളെക്കുറിച്ച് പ്രവചനങ്ങൾ വെളിപ്പെടുത്തുകയും ചെയ്തിരുന്നുവെങ്കിലും പിന്നീട് തന്റെ ദാസരോടുള്ള ഭാഷണവും ഇൽഹാമുകളും എന്നെന്നേക്കുമായി നിലച്ചുപോയിരിക്കുന്നുവെന്നും അനഹ്മദികൾ വിശ്വസിക്കുന്നു. എന്നാൽ അല്ലാഹു അവന്റെ സാത്വികരായ ദാസരോട് സംസാരിക്കുന്നതും അവർക്ക് വെളിപാടുകൾ ഇറക്കുന്നതും പരോക്ഷകാര്യങ്ങൾ വെളിപ്പെടുത്തിക്കൊടുക്കുന്നതും നിലച്ചുപോയിട്ടില്ലെന്ന് അഹ്മദികൾ വിശ്വസിക്കുന്നു.

7. വിശുദ്ധഖുർആൻ ലോകത്തവതരിച്ച അവസാനത്തെ

ശരീഅത്ത് ഗ്രന്ഥമാണെന്നും അത് ഏതർത്ഥത്തിലും പൂർണ്ണ മാണെന്നും എന്നാൽ അതിലെ ചില ആയത്തുകളും വാക്യ ങ്ങളും ദുർബലപ്പെട്ടിരിക്കയാണെന്നും അവയനുസരിച്ച് ഇപ്പോൾ പ്രവർത്തിക്കേണ്ട ആവശ്യമില്ലായെന്നുമുള്ള അടി സ്ഥാനരഹിതമായ വിശ്വാസം അനഹ്മദി മുസ്‌ലിംകൾക്കിട യിൽ വേരൂന്നിയിരിക്കുന്നു. വിശുദ്ധഖുർആനിലെ ഏതെങ്കിലും ഒരു ആയത്ത് പ്രാമാണ്യമല്ലാതെ വരുന്നപക്ഷം മറ്റൊരു ആയ ത്തിലുംതന്നെ നമുക്ക് ആശ്രയം കൊള്ളാൻ സാധിക്കാതെവ രും. എന്നാൽ, ഇതിന്നെതിരിൽ ഖുർആനിലെ ഒരൊറ്റ ആയത്തും കല്പനയും മൻസൂഖായിട്ടില്ലാ, അതായത് കാല ഹരണപ്പെട്ടിട്ടില്ലായെന്നാണ് അഹ്മദികൾ അടിയുറച്ച് വിശ്വ സിക്കുന്നത്. വിശുദ്ധഖുർആനിലെ ആദ്യം മുതൽ അവസാനം വരെയുള്ള കൽപ്പനകളനുസരിച്ച് പ്രവർത്തിക്കേണ്ടത് അനി വാര്യമാകുന്നു. അവസാന നാൾവരെ വിശുദ്ധഖുർആനിലെ ഒരു കൽപ്പനയും കാലഹരണപ്പെടുന്നതല്ല.

8. മുസ്‌ലിംകളിൽ വിവാഹം, മരണം തുടങ്ങിയ അവസ രങ്ങളിലും മറ്റും പലതരത്തിലുള്ള ആചാരങ്ങളും നടക്കുന്നു ണ്ട്. അവ പൂർണ്ണമായും ഇസ്‌ലാമിക അദ്ധ്യാപനങ്ങൾക്ക് വിരു ദ്ധമായിട്ടുള്ളതാണ്. അഹ്മദികൾ ഇത്തരം എല്ലാ അനാചാര ങ്ങളിൽ നിന്നും സുരക്ഷിതരായിരിക്കുന്നു. ഇസ്‌ലാമിന്റെ ശരി യായ കല്പനകളനുസരിച്ച് പ്രവർത്തിക്കാൻ അവർ ശ്രമിക്കു ന്നു. അവർ നാവ് കൊണ്ടുമാത്രം മുസൽമാനാണെന്നും നബി തിരുമേനി(സ)യുടെ ഉമ്മത്തിയാണെന്നും പറയുന്നതുകൊണ്ട് തൃപ്തിപ്പെടുന്നവരല്ല. മറിച്ച് വിശുദ്ധഖുർആൻ നല്കിയ മുഴു വൻ കല്പനകളും അനുസരിച്ച് പ്രവർത്തിക്കുവാൻ അവർ ശ്രമി ക്കുകയും ചെയ്യുന്നവരാണ്. റസൂൽകരീം(സ) വിരോധിച്ചിട്ടുള്ള എല്ലാ കാര്യങ്ങളിൽ നിന്നും ഒഴിഞ്ഞിരിക്കുകയും ലോകം മുഴുവനും ഇസ്‌ലാമിനെ പ്രചരിപ്പിക്കുകയും ചെയ്യുന്നതിനു വേണ്ടി അവർ യത്നിക്കുകയും ചെയ്യുന്നു.

9. ഖിലാഫത്തിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യാ ജമാ അത്ത് ഒരൊറ്റ നേതൃത്വത്തിൻ കീഴിൽ ഒരുമിച്ചു കൂടിയിരിക്കു കയാണ്. ഖിലാഫത്തിന്റെ ഒട്ടേറെ അനുഗ്രഹങ്ങൾ അവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്നു. കാലത്തിന്റെ ഇമാമിനെ പിൻപറ്റേ

ണ്ടതും അനുസരിക്കേണ്ടതും തങ്ങളുടെ കടമയാണെന്ന് അഹ്മദികൾ വിശ്വസിക്കുന്നു. അതുകൊണ്ട് തന്നെ അവർ ഐക്യത്തോടെ ഇസ്‌ലാമിന്റെ പുരോഗതിക്കായി തങ്ങളുടെ ജീവൻ തന്നെ ബലിയർപ്പിക്കുവാൻ തയ്യാറായി നില്ക്കുന്നു. എന്നാൽ മറ്റു മുസ്‌ലിംകൾ അനുസരണയോടുകൂടി ഒരു ഇമാമിന്റെ കീഴിൽ ഒരുമിച്ചു നില്ക്കുന്നില്ല. അതിന്റെ ഫലമായി അവർക്കിടയിൽ ഭിന്നിപ്പും കലഹവും ഉടലെടുക്കുന്നു. അതുകൊണ്ടുതന്നെ അവരിൽ ഐക്യബോധത്തോടെ ഇസ്‌ലാമിക പുരോഗതിക്കായി പ്രവർത്തിക്കാനുള്ള പ്രയത്നങ്ങളും കാണുന്നില്ല.

## അദ്ധ്യായം-2

# അല്ലാഹുവിന്റെ സിഫത്തുകൾ

അല്ലാഹു എല്ലാ ഗുണങ്ങളുടെയും ഉടമസ്ഥനും എല്ലാതരത്തിലുള്ള ന്യൂനതകളിൽനിന്നും പരിശുദ്ധനുമാണ്. അവൻ എല്ലാ നന്മകളുടെയും അധിപനുമാകുന്നു. അവനിൽ ഒരു തരത്തിലുള്ള പോരായ്മയും ബലഹീനതയും ഇല്ലതന്നെ. അവന് പങ്കുകാരനായി ആരുമില്ല. അവന് ഭാര്യയോ പുത്രനോ ഇല്ല. അവൻ ആരുടെയും ആശ്രിതനല്ല. എന്നാൽ ബാക്കിഎല്ലാം അവനെ ആശ്രയിക്കുന്നു. അവനാണ് നമ്മെ സൃഷ്ടിച്ചത്. അവൻ തന്നെ നമ്മെ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. അവൻ എന്നെന്നും ജീവിച്ചിരിക്കുന്നവനാകുന്നു. അവൻ ഉറങ്ങുകയോ മയങ്ങുകയോ ചെയ്യുന്നില്ല. ആകാശഭൂമികളുടെയും അതിലെ ഓരോ വസ്തുവിന്റെയും ഉടമസ്ഥനാണവൻ. അവൻ എപ്പോഴും നമ്മെ കണ്ടുകൊണ്ടിരിക്കുന്നു. നമ്മുടെ എല്ലാ പ്രത്യക്ഷവും പരോ

ക്ഷവുമായ കാര്യങ്ങളും നമ്മുടെ എല്ലാ ചിന്തകളും ഉദ്ദേശങ്ങളും അവനറിയുന്നു. നമ്മെ ജനിപ്പിക്കുന്നതും മരിപ്പിക്കുന്നതും അവൻതന്നെയാണ്. അവൻ നമ്മുടെ സൽകർമ്മങ്ങൾക്ക് പ്രതി ഫലം നൽകുകയും ദുഷ്കർമ്മങ്ങൾക്ക് ശിക്ഷ നൽകുകയും ചെയ്യുന്നു. സൽക്കർമ്മങ്ങൾ ചെയ്യുന്നവരെ അവൻ സഹായിക്കുന്നു. നമ്മുടെ മാതാപിതാക്കളേക്കാൾ കൂടുതലായി അവൻ നമ്മെ സ്നേഹിക്കുന്നു. അവൻ തന്നെയാണ് ആരാധനക്കർഹൻ. വിഷമാവസ്ഥയിലും സന്തോഷാവസ്ഥയിലും അല്ലാഹുവിന്റെ മുമ്പിൽ തലകുനിക്കേണ്ടതാണ്. നമുക്ക് ചോദിക്കാനുള്ളത് അവനോട് ചോദിക്കുക.

വിശുദ്ധഖുർആനിൽ അല്ലാഹുവിന്റെ കുറെ നാമങ്ങൾ നമുക്ക് പറഞ്ഞുതന്നിട്ടുണ്ട്. അവയിലൂടെതന്നെ നമുക്ക് അവന്റെ ഗുണങ്ങൾ പ്രകടമാകുന്നു. ഈ പേരുകളെ ‘അസ്മാ ഉൽ ഹസന’ എന്നു പറയുന്നു. അല്ലാഹുവിന്റെ ചില അറിയ പ്പെടുന്ന ഗുണനാമങ്ങൾ താഴെ ചേർക്കുന്നു.

## അല്ലാഹുവിന്റെ സിഫത്തുകൾ

| | |
|---|---|
| اَللّٰهُ | (അല്ലാഹു) ഇത് അല്ലാഹുവിന്റെ തനതായ നാമമാകുന്നു. |
| اَلرَّبُّ | (അറ്റബ്ബ്) പരിപാലകൻ |
| اَلرَّحْمٰنُ | (അർറഹ്മാൻ) നിരുപാധികം നൽകുന്നവൻ |
| اَلرَّحِيْمُ | (അർറഹീം) വീണ്ടും വീണ്ടും കരുണ ചൊരി യുന്നവൻ |
| اَلْمَلِكُ | (അൽ മലിക്) രാജാവ് |
| اَلْقُدُّوْسُ | (അൽ ഖുദ്ദൂസ്) പരമ പരിശുദ്ധൻ |
| اَلسَّلَامُ | (അസ്സലാം) സമാധാനം നൽകുന്നവൻ |
| اَلْمُؤْمِنُ | (അൽ മുഅ്മിൻ) അഭയ ദാതാവ് |
| اَلْمُهَيْمِنُ | (അൽ മുഹയ്മിൻ) രക്ഷാ പരിപാലകൻ |

| | |
|---|---|
| اَلْعَزِيزُ | (അൽ അസീസ്) അതിജയിക്കുന്നവൻ |
| اَلْجَبَّارُ | (അൽ ജബ്ബാറ്) സർവ്വതും അടക്കി ഭരിക്കുന്നവൻ |
| اَلْمُتَكَبِّرُ | (അൽ മുതകബ്ബിറ്) മഹാ പ്രഭാവൻ |
| اَلْخَالِقُ | (അൽ ഖാലിക്ക്) സ്രഷ്ടാവ് |
| اَلْبَارِئُ | (അൽ ബാരിഉ) ഇല്ലായ്മയിൽ നിന്നും ഉണ്ടാക്കുന്നവൻ. |
| اَلْمُصَوِّرُ | (അൽ മുസവ്വിറ്) രൂപ സന്ദായകൻ |
| اَلْغَفَّارُ | (അൽ ഗഫ്ഫാറ്) കൂടുതൽ പൊറുത്തുകൊടുക്കുന്നവൻ |
| اَلْوَهَّابُ | (അൽ വഹ്ഹാബ്) അനുഗ്രഹ ദാതാവ് |
| اَلرَّزَّاقُ | (അർറസ്സാഖ്) ഉപജീവനം നൽകുന്നവൻ |
| اَلْعَلِيمُ | (അൽ അലീം) സർവജ്ഞൻ |
| اَلْبَصِيرُ | (അൽ ബസ്വീർ) എല്ലാം കാണുന്നവൻ |
| اَلْحَكَمُ | (അൽ ഹകം) വിധി കർത്താവ് |
| اَلْغَفُورُ | (അൽ ഗഫൂറ്) പൊറുത്തുകൊടുക്കുന്നവൻ |
| اَلشَّكُورُ | (അശ്ശുകൂറ്) വിലമതിക്കുന്നവൻ |
| اَلْحَفِيظُ | (അൽ ഹഫീള്) സംരക്ഷകൻ |
| اَلْمُجِيبُ | (അൽ മുജീബ്) ഉത്തരം നൽകുന്നവൻ |
| اَلْحَكِيمُ | (അൽ ഹകീം) യുക്തിജ്ഞൻ |
| اَلْمَتِيْنُ | (അൽ മത്തീൻ) ശക്തവാൻ |
| اَلْمُحْيِي | (അൽ മുഹ്യി) ജീവിപ്പിക്കുന്നവൻ |
| اَلْمُمِيْتُ | (അൽ മുമീത്തു) മരിപ്പിക്കുന്നവൻ |

| | |
|---|---|
| اَلْحَيُّ | (അൽ ഹയ്യു) ജീവിച്ചിരിക്കുന്നവൻ |
| اَلْقَيُّوْمُ | (അൽ ഖയ്യൂം) എല്ലാന്റിനേയും നിലനിറുത്തുന്നവൻ |
| اَلْوَاحِدُ | (അൽ വാഹിദ്) ഏകൻ |

## അദ്ധ്യായം-3
## സുന്നത്തായ ചില പ്രാർത്ഥനകൾ

**1. ഭക്ഷണം കഴിക്കാൻ ആരംഭിക്കുമ്പോൾ ചൊല്ലേണ്ട ദുആ**

بِسْمِ اللّٰهِ وَعَلٰى بَرَكَةِ اللّٰهِ "അല്ലാഹുവിന്റെ നാമത്തിലും അവന്റെ അനുഗ്രഹത്താലും (ആരംഭിക്കുന്നു)"

2. ഭക്ഷണം കഴിച്ചതിനു ശേഷം ചൊല്ലേണ്ട ദുആ

اَلْحَمْدُ لِلّٰهِ الَّذِىْ اَطْعَمَنَا وَسَقَانَا وَجَعَلَنَا مِنَ الْمُسْلِمِيْنَ

"ഞങ്ങൾക്ക് ആഹാരപാനീയങ്ങൾ നല്കുകയും ഞങ്ങളെ അനുസരണയുള്ളവരിൽ പെടുത്തുകയും ചെയ്ത അല്ലാഹുവിന്നാകുന്നു സർവ്വ സ്തുതിയും."

**3.രോഗശമനത്തിനായുള്ള ദുആ**

اَذْهِبِ الْبَأْسَ رَبَّ النَّاسِ وَاشْفِ اَنْتَ الشَّافِيْ لَا شِفَاءَ اِلَّا شِفَاؤُكَ شِفَاءً لَا يُغَادِرُ سَقَمًا

"ജനങ്ങളുടെ നാഥാ ഈ രോഗത്തെ നീ ദൂരപ്പെടുത്തേണമേ. ഈ രോഗം ശമിപ്പിക്കേണമേ. നീ തന്നെയാണ് രോഗശമനം നടത്തുന്നവൻ. നീ തരാതെ ഞങ്ങൾക്ക് ഒരാരോഗ്യവും ഉണ്ടാവില്ല. ഒരു ചെറിയ രോഗം പോലുമില്ലാതെ നീ ഞങ്ങൾക്ക് രോഗശമനം തരേണമേ."

**4. രാത്രി ഉറങ്ങുമ്പോഴുള്ള ദുആ**

اَللّٰهُمَّ بِاسْمِكَ اَمُوْتُ وَاَحْيٰى اَللّٰهُمَّ
اَسْلَمْتُ نَفْسِىْ اِلَيْكَ وَ وَجَّهْتُ وَجْهِىَ
اِلَيْكَ وَفَوَّضْتُ اَمْرِىْٓ اِلَيْكَ وَاَلْجَاْتُ
ظَهْرِىْٓ اِلَيْكَ رَغْبَةً وَّ رَهْبَةً اِلَيْكَ
لَا مَلْجَاَ وَلَا مَنْجٰى مِنْكَ اِلَّا اِلَيْكَ
اٰمَنْتُ بِكِتَابِكَ الَّذِىْٓ اَنْزَلْتَ
وَ نَبِيِّكَ الَّذِىْٓ اَرْسَلْتَ

"അല്ലാഹുവേ, ഞാൻ നിന്റെ നാമത്തിൽ മരിക്കുകയും ജീവിക്കുകയും ചെയ്യുന്നു. അല്ലാഹുവേ ഞാൻ എന്റെ ജീവൻ നിന്നിലർപ്പിച്ചിരിക്കുന്നു. ഞാനെന്റെ മുഖം നിന്റെ ഭാഗത്ത് തിരിക്കുന്നു. എന്റെ കാര്യങ്ങൾ നിന്നിലർപ്പിക്കുന്നു. പ്രതീക്ഷയോടും ഭയത്തോടും കൂടെ നിന്നോട് ഞാൻ സഹായമഭ്യർത്ഥിക്കുന്നു. നീയല്ലാതെ മറ്റൊരു അഭയകേന്ദ്രവും ഇല്ല. നീ ഇറക്കിയ ഗ്രന്ഥത്തിൽ ഞാൻ വിശ്വസിക്കുന്നു. നീ അയച്ച പ്രവാചകരിലും വിശ്വസിക്കുന്നു."

**5. ജനാസയുടെ ദുആ**

اَللّٰهُمَّ اغْفِرْ لَهُ وَارْحَمْهُ وَ عَافِهِ وَاعْفُ عَنْهُ وَ اَكْرِمْ نُزُلَهُ وَ
وَسِّعْ مَدْخَلَهُ وَاغْسِلْهُ بِالْمَآءِ وَ الثَّلْجِ وَالْبَرَدِ وُ نَقِّهِ مِنَ الْخَطَايَا
كَمَا يُنَقَّى الثَّوْبُ الْاَبْيَضُ مِنَ الدَّنَسِ وَ اَبْدِلْهُ دَارًا خَيْرًا مِّنْ
دَارِهِ وَ اَهْلًا خَيْرًا مِّنْ اَهْلِهِ وَ زَوْجًا خَيْرًا مِّنْ زَوْجِهِ وَ اَدْخِلْهُ
الجَنَّةَ وَ اَعِذْهُ مِنْ عَذَابِ الْقَبْرِ وَ مِنْ عَذَابِ النَّارِ

" അല്ലാഹുവേ നീ ഇദ്ദേഹത്തിന് പൊറുത്ത് കൊടുക്കേ

ണമേ. ഇദ്ദേഹത്തോട് കരുണ ചെയ്യേണമേ, സൗഖ്യം നൽകേണമേ. ഇദ്ദേഹത്തിന് മാപ്പ്ചെയ്ത് കൊടുക്കേണമേ, ഇദ്ദേഹത്തിന്റെ ആതിഥ്യം മാന്യമാക്കേണമേ. ഇദ്ദേഹത്തിന്റെ പ്രവേശനസ്ഥലം വിശാലമാക്കേണമേ. ഇദ്ദേഹത്തെ വെള്ളം കൊണ്ടും ഐസുകൊണ്ടും ആലിപ്പഴം കൊണ്ടും കുളിപ്പിക്കേണമേ. വെള്ളവസ്ത്രം അഴുക്കിൽ നിന്ന് നീ ശുദ്ധീകരിച്ചത്പൊലെ പാപങ്ങളിൽ നിന്ന് ഇദ്ദേഹത്തെ നീ ശുദ്ധീകരിക്കേണമേ. ഇദ്ദേഹത്തിന്റെ ഭവനത്തേക്കാൾ ഉത്തമമായ ഒരുഭവനവും, കുടുംബത്തേക്കാൾ ഉത്തമമായ ഒരു കുടുംബവും, ഇദ്ദേഹത്തിന്റെ ജീവിത സഖിയേക്കാൾ ഉത്തമമായ ഒരു ജീവിത സഖിയെയും ഇദ്ദേഹത്തിന് നീ നൽകേണമേ. ഇദ്ദേഹത്തെ സ്വർഗത്തിൽ പ്രവേശിപ്പിക്കേണമേ. ഖബ്റിലെ ശിക്ഷയിൽനിന്നും നരകശിക്ഷയിൽ നിന്നും ഇദ്ദേഹത്തെ നീ രക്ഷിക്കേണമേ.”

## 6. വിജയം കൈവരിക്കുന്നതിനുള്ള ദുആ

رَبَّنَا آتِنَا مِن لَّدُنكَ رَحْمَةً وَهَيِّئْ لَنَا
مِنْ أَمْرِنَا رَشَدًا ۝ رَبِّ اشْرَحْ لِي صَدْرِي
وَيَسِّرْ لِي أَمْرِي

“ഞങ്ങളുടെ നാഥാ നീ ഞങ്ങൾക്ക് നിന്റെ പക്കൽ നിന്നുള്ള കാരുണ്യം നല്കേണമേ. ഞങ്ങളുടെ കാര്യത്തിൽ നീ ഞങ്ങൾക്ക് വിജയത്തിനുള്ള വഴിയൊരുക്കിത്തരികയും ചെയ്യേണമേ. എന്റെ നാഥാ, നീ എനിക്ക് എന്റെ ഹൃദയത്തെ വികസിപ്പിച്ചുതരേണമേ. എന്റെ ബാധ്യതകൾ നിറവേറ്റുന്നതിന്നു എന്റെ കാര്യം എളുപ്പമാക്കിത്തരേണമേ.”

## അദ്ധ്യായം-4

# നബി(സ) തിരുമേനിയുടെ സ്വഭാവമാതൃകകൾ

ഹദ്റത്ത് മുഹമ്മദ് നബി(സ) തിരുമേനി എല്ലാ നന്മകളുടെയും വിളനിലമാണ്. ഓരോകാര്യങ്ങളിലും ആ മഹാത്മാവ് നമുക്ക് പരിപൂർണ്ണ മാതൃകയാണ്. അവിടുത്തെ മാതൃകകളെ പിൻപറ്റുകയും ആ സൽ ഗുണങ്ങളെ സ്വായത്തമാക്കുന്നതിന്നായി പരിശ്രമിക്കുകയും ചെയ്യുകയാണെങ്കിൽ അല്ലാഹു നമ്മിൽ തൃപ്തിപ്പെടുന്നതാണ്.

### സത്യം

എല്ലായ്പ്പോഴും സത്യം പറയണമെന്നതും എത്രതന്നെ കഷ്ടനഷ്ടങ്ങൽ സഹിക്കേണ്ടിവന്നാലും ഒരിക്കലും തന്നെ കളവ് പറയുരതെന്നതും ഇസ്ലാമിന്റെ ആജ്ഞയാണ്. നബി(സ) തിരുമേനി ചെറുപ്പം മുതൽക്ക് തന്നെ സത്യം പറയുന്നതിൽ പ്രസിദ്ധനായിരുന്നു. അദ്ദേഹത്തിന് നുബുവ്വത്ത് കിട്ടിയ സന്ദർഭത്തിൽ അദ്ദേഹം ഒരു മലമുകളിൽ കയറിനിന്ന് മക്കക്കാരെ വിളിച്ചുചേർത്തുകൊണ്ട് ഇപ്രകാരം പറയുകയുിണ്ടായി. അല്ലയോ മക്കാനിവാസികളേ! ഈ പർവ്വതത്തിന്റെ പിന്നിൽ നിങ്ങളെ ആക്രമിക്കാൻ ഒരു വലിയ സൈന്യം ഒരുമിച്ചുകൂടിയിട്ടുണ്ടെന്ന് ഞാൻ വിളിച്ചു പറഞ്ഞാൽ നിങ്ങൽ എന്റെ വാക്കുകൾ വിശ്വസിക്കുമോ? അപ്പോൾ എല്ലാവരും ഒരേ സ്വരത്തിൽ ഇങ്ങനെ പറയുകയുണ്ടായി. തീർച്ചയായും ഞങ്ങൾ വിശ്വസിക്കും. എന്തെന്നാൽ താങ്കൾ ചെറുപ്പത്തിൽപോലും കളവ് പറയുന്നതായി ഞങ്ങൾ കേട്ടിട്ടുമില്ല, കണ്ടിട്ടുമില്ല.

### വാഗ്ദത്ത നിർവ്വഹണം

നബിതിരുമേനി(സ) വാഗ്ദത്തം ചെയ്ത ഏതുകാര്യവും

പൂർത്തിയാക്കിയിരുന്നു. ബദർ യുദ്ധത്തിൽ ആയിരം പേരടങ്ങുന്ന ശത്രുസൈന്യത്തിനെതിരെ വെറും 313 പേരടങ്ങുന്ന മുസ്‌ലിം സൈന്യമാണുണ്ടായിരുന്നത്. അതുകൊണ്ടുതന്നെ അങ്ങേയ്ക്ക് ഇനിയും ആളുകളുടെ ആവശ്യം ഉണ്ടായിരുന്നു. ആ സമയത്ത് രണ്ടു മുസ്‌ലിം ചെറുപ്പക്കാർ നബിതിരുമേനിയുടെ അടുക്കൽ വന്നുകൊണ്ട് ഇപ്രകാരം പറയുകയുണ്ടായി. യാത്രാമദ്ധ്യേ നിഷേധികൾ ഞങ്ങളെ പിടിക്കുകയും ഈ യുദ്ധത്തിൽ മുസ്‌ലിം സൈന്യത്തോടൊപ്പം യുദ്ധം ചെയ്യുകയില്ലെന്ന കരാറിൻ മേൽ ഞങ്ങളെ വിട്ടയക്കുകയും ചെയ്തു. ഈ വാഗ്ദത്തം ഞങ്ങൾ നിർബന്ധിതാവസ്ഥയിൽ ചെയ്തതാണ്. അതുകൊണ്ട് ഹുസൂർ, ഞങ്ങളെ യുദ്ധം ചെയ്യാൻ അനുവദിക്കണം.'' ഇതുകേട്ട നബിതിരുമേനി(സ) ഇപ്രകാരം പറഞ്ഞു: ഒരിക്കലു മില്ല നമുക്കിപ്പോൾ ധാരാളം ആളുകളെ ആവശ്യമുണ്ട്. എങ്കിലും നിങ്ങൾ ചെയ്ത വാഗ്ദത്തം നിങ്ങൾ നിർബന്ധമായും പാലിക്കേണ്ടതുണ്ട്. അതിനാൽ നിങ്ങൾ ഈ യുദ്ധത്തിൽ പങ്കെടുക്കേണ്ടതില്ല.” അങ്ങനെ നബി(സ) ആ യുവാക്കളെ തിരിച്ചയച്ചു.

## കരുണ

കുട്ടികളോടും, വൃദ്ധരോടും, പുരുഷന്മാരോടും, സ്ത്രീകളോടും, മിത്രങ്ങളോടും, ശത്രക്കളോടുപോലും നബിതിരുമേനി(സ) ദയ കാണിച്ചിരുന്നു. മാത്രമല്ല പക്ഷികളോടും മൃഗങ്ങളോടും അദ്ദേഹം ദയ കാണിച്ചിരുന്നു. ഒരിക്കൽ നബി(സ) തിരുമേനി ഇങ്ങനെ അരുളുകയുണ്ടായി. “ഞാൻ എപ്പോഴും നമസ്കാരം ആരംഭിക്കുമ്പോൾ ദീർഘനേരം നമസ്കരിക്കണമെന്നാഗ്രഹിക്കാറുണ്ട്. എന്നാൽ പിന്നിൽ നിന്നും ഏതെങ്കിലും കുട്ടിയുടെ കരച്ചിൽ കേട്ടാൽ ആ കുട്ടിയെ വിചാരിച്ച് ഞാൻ നമസ്കാരം ചുരുക്കും.'' നബി(സ) സ്ത്രീകളോടും കുട്ടികളോടും പ്രത്യേക ദയകാണിച്ചിരുന്നു.

പെൺകുട്ടി ജനിച്ചാൽ അതിനെ ജീവനോടെ കുഴിച്ചുമൂടുന്ന സമ്പ്രദായം അറേബ്യയിലുണ്ടായിരുന്നു. നബി(സ) അതിനെ കഠിനമായി എതിർത്തുകൊണ്ട് ഇതൊരു വലിയ കുറ്റമാണെന്ന് പറയുകയുണ്ടായി. ജീവനുള്ള

മൃഗത്തിന്റെ തുടയിലെ മാംസം മുറിച്ചെടുത്ത് പൊരിച്ചുതിന്നുന്ന ഒരു സമ്പ്രദായവും അവിടെയുണ്ടായിരുന്നു. അത് മുഖേന മൃഗ ങ്ങൾക്ക് വളരേയേറെ വേദനയുണ്ടാകുമായിരുന്നു. അതിനെയും വിലക്കുകയുണ്ടായി.

## മാതാപിതാക്കളോടുള്ള അനുസരണവും സേവനവും

നബി(സ) തിരുമേനിയോട് ഒരാൾ ഇപ്രകാരം ചോദിക്കുകയുണ്ടായി. ഞാൻ ആരോടാണ് ഏറ്റവും നന്നായി പെരുമാറേണ്ടത്? നബിതിരുമേനി(സ)പറഞ്ഞു: നിന്റെ ഉമ്മയോട്. അയാൾ രണ്ടാമതും മൂന്നാമതും ചോദ്യം ആവർത്തിച്ചപ്പെഴും നബി(സ) നിന്റെഉമ്മയോട് എന്ന മറുപടി തന്നെ നല്കിക്കൊണ്ടിരുന്നു. നാലാമതും അയാൾ ചോദ്യം ആവർത്തിച്ചപ്പോൾ നിന്റെ പിതാവിനോട് എന്നു പറയുകയുണ്ടായി. മാതാപിതാക്കളെ സേവിക്കേണ്ടതും അനുസരിക്കേണ്ടതും കുട്ടികൾക്ക് എത്രത്തോളം നിർബന്ധമാണെന്ന് നബിതിരുമേനി ഇതിലൂടെ മനസ്സിലാക്കിത്തരുന്നു.

അല്ലാഹു തന്നെ അനുസരിക്കണമെന്ന് കൽപ്പിച്ചതോ ടൊപ്പം മാതാപിതാക്കളെ അനുസരിക്കേണ്ടതും അനിവാര്യ മാണെന്ന് പറഞ്ഞതു കൊണ്ടാണ് നബി(സ) ഇപ്രകാരം നമുക്ക് താക്കീത് നല്കിയത്. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു,

"അല്ലയോ ജനങ്ങളേ, നിങ്ങളുടെ നാഥനെ ആരാധിക്കുക. അവന്റെ കൂടെ യാതൊരു പങ്കുകാരനെയും ചേർക്കരുത്. മാതാപിതാക്കളോട് എപ്പോഴും അനുസരണയോടും നന്മയോടും കൂടി പെരുമാറുക.

നബി(സ) തിരുമേനിയുടെ മാതാപിതാക്കൾ അദ്ദേഹത്തിന് വളരെ ചെറുപ്പമായിരുന്നപ്പോൾ തന്നെ മരിച്ചുപോയിരുന്നുവെങ്കിലും അദ്ദേഹം തന്റെ പിതൃസഹോദരൻ അബൂതാലിബിനെയും വളർത്തുമ്മ ഹലീമയെയും തന്റെ മാതാപിതാക്കളെപ്പോലെ കരുതുകയും അവരെ അങ്ങേയറ്റം ആദരിക്കുകയും അവർ പറയുന്നത് അനുസരിക്കുകയും അവരെ സേവിക്കുകയും ചെയ്തിരുന്നു.

അദ്ധ്യായം-5

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഭാവ മഹിമകൾ

ഹദ്റത്ത് മസീഹ് മൗഊദ്(അ) ന് നബി(സ) തിരുമേനിയോട് അങ്ങേയറ്റം സ്നേഹമായിരുന്നു. ഒരിക്കൽ ആര്യസമാജനേതാവായ പണ്ഡിറ്റ് ലേഖ്റാം ഹുസൂറിന് സലാം പറയുകയുണ്ടായി. ഇദ്ദേഹം എപ്പോഴും നബി(സ)യെ അധിക്ഷേപിക്കുന്ന വ്യകതിയായിരുന്നു. ലേഖ്റാം സലാം പറഞ്ഞപ്പോൾ ഹുസൂർ മുഖംഒരു ഭാഗത്തേക്ക് തിരിച്ചു. അയാൾ വീണ്ടും സലാം പറഞ്ഞപ്പോഴും ഹുസൂർ ഒരു മറുപടിയും പറഞ്ഞില്ല. പിന്നീട്, ലേഖ്റാം സലാം പറഞ്ഞിരിക്കുന്നുവെന്ന് ആരോ ഹുസൂറിനോട് പറഞ്ഞപ്പോൾ കോപത്തോടെ ഹുസൂർ പ്രതികരിച്ചു."എന്ത്, എന്റെ യജമാനനെ എപ്പോഴും ചീത്തപറയുന്ന വ്യക്തി എനിക്ക് സലാം പറയുന്നോ? ഞാൻ എപ്രകാരമാണ് മറുപടി നല്കേണ്ടത്?

ചെറിയ കാര്യങ്ങളിൽ പോലും നബിതിരുമേനിയെ മാതൃകയാക്കി പ്രവർത്തിക്കാൻ മസീഹ് മൗഊദ് (അ) ശ്രദ്ധിച്ചിരുന്നു.

## അതിഥി സൽക്കാരം

മസീഹ് മൗഊദ്(അ) തന്നെ സന്ദർശിക്കാനെത്തുന്ന അതിഥികളെ പ്രത്യേക ഭക്ഷണം തയ്യാറാക്കി സ്നേഹത്തോടെ സൽക്കരിക്കുമായിരുന്നു. അവരുടെ വിശ്രമകാര്യത്തിൽ ശ്രദ്ധിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ഒരു സഹാബി ഇപ്രകാരം വിവരിക്കുന്നു. "ഒരിക്കൽ ഞാൻ ഖാദിയാനിൽ വന്നപ്പോൾ ഹുസൂറിന്റെ വീടിനടുത്ത് തങ്ങി. പാതിരാത്രി പന്ത്രണ്ട് മണിക്ക് ആരോ വാതിലിൽ മുട്ടിയപ്പോൾ ഞാൻ പുറത്ത് വന്ന്

നോക്കുകയുണ്ടായി. ഒരു കയ്യിൽ പാലിന്റെ പാത്രവും ഗ്ലാസ്സും മറുകയ്യിൽ വിളക്കുമേന്തി നില്ക്കുന്ന ഹുസൂറിനെയാണെനിക്ക് കാണാൻ കഴിഞ്ഞത്. അദ്ദേഹം എന്നിട്ടെന്നോട് പറഞ്ഞു: ഇതാ പാൽ. ഞാൻ താങ്കൾക്കുവേണ്ടി കൊണ്ടുവന്നതാണ്."

## വിശ്വസ്ഥത

ഒരു ദിവസം ഹദ്റത്ത് മസീഹ് മൗഊദ്(അ) സഹാബി മാരോടൊത്ത് ഖാദിയാനിൽ നിന്നും വടക്കോട്ട് പോവുകയായിരുന്നു. വഴിയിൽ ഒരു പാടത്തിനരികിലായി ഒരു പ്ലം മരം ഉണ്ടായിരുന്നു. അതിന്നടിയിൽ വീണുകിടന്നിരുന്ന ഒരു പഴുത്ത പഴം ഒരു സഹാബി തിന്നാനായി എടുത്തപ്പോൾ ഹുസൂർ ഇപ്രകാരം പറയുകയുണ്ടായി. "ഇതു കഴിക്കരുത് .എവിടെ നിന്നാണോ ഇതെടുത്തത് അവിടെതന്നെ വെക്കുക. ഇത് ആരുടേയോ ഉടമസ്ഥതിലുള്ളതാണ്. ഉടമസ്ഥന്റെ അനുവാദം കൂടാതെ ഇത് തിന്നുന്നത് ശരിയല്ല"

## ശുചിത്വം

ശുചിത്വത്തിന്റെ കാര്യത്തിൽ മസീഹ് മൗഊദ്(അ) അതീവ ശ്രദ്ധ കാണിച്ചിരുന്നു. തികച്ചും ലളിതവും വൃത്തിയുള്ളതുമായ വസ്ത്രങ്ങളാണ് ഹുസൂർ ധരിച്ചിരുന്നത്. പല്ലു വൃത്തിയാക്കുന്നതിന് അക്കേഷ്യാ മരത്തിന്റെ മിസ്വാക്കാണ് ഉപയോഗിച്ചിരുന്നത്. ഒരു സഹാബി ഇങ്ങനെ വിവരിക്കുകയുണ്ടായി. ഹുദൂർ അഴിച്ചുവെച്ച വസ്ത്രങ്ങൾ ഞാൻ മണത്തു നോക്കാറുണ്ടായിരുന്നു. അതിൽ നിന്നും ഒരിക്കലും വിയർപ്പു ഗന്ധം വരുന്നതായി എനിക്ക് അനുഭവപ്പെട്ടിരുന്നില്ല. ഇതിനു കാരണം ഹുദൂർ വസ്ത്രങ്ങൾ വൃത്തിയാക്കിവെക്കാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു എന്നതാണ്.

## സലാം ചൊല്ലൽ

മസീഹ് മൗഊദ്(അ) ന്റെ ഒരു പ്രധാന സഹാബിയുടെ വിവരണമാണ് ഇനി പറയുന്നത്. ഒരിക്കൽ ഹുദൂർ മസ്ജിദ് മുബാറക്കിൽ ഇരിക്കുകയായിരുന്നു. ഏതോ ചില ജോലിയുടെ ഭാഗമായി ഹുദൂറിന് ഇടയ്ക്കിടെ എഴുന്നേറ്റ് വീട്ടിലേക്ക് പോകേണ്ടതായി വന്നു. ഓരോ പ്രാവശ്യവും പുറത്തേക്ക് പോവുമ്പോഴും തിരികെ വരുമ്പോഴും അദ്ദേഹം '**അസ്സലാമു അലൈക്കും**'

എന്ന് പറഞ്ഞിരുന്നു.

## മറ്റുള്ളവരോടുള്ള സംബോധനാരീതി

ചെറിയവരായാലും വലിയവരായാലും ഹുദൂർ ഒരിക്കലും അവരെ 'നീ' എന്ന് സംബോധന ചോയ്തിരുന്നില്ല. ഇതദ്ദേഹത്തിന്റെ ഒരു സ്വഭാവമായിരുന്നു. ഒരു സഹാബി ഇപ്രകാരം പറഞ്ഞതായി റിപ്പോർട്ട് ചെയ്യുന്നു: 'ഞാൻ ചെറിയ കുട്ടിയായിരുന്നപ്പോൾ മിക്കവാറും ഹുദൂറിന്റെ വീട്ടിൽ പോകുമായിരുന്നു. പക്ഷെ ഒരിക്കൽ പോലും അദ്ദേഹം എന്നെ 'നീ' എന്ന് വിളിച്ച് സംബോധന ചെയ്തിരുന്നില്ല.'

## സ്വന്തംജോലി ചെയ്യൽ

വീട്ടുജോലിയിൽ ഹുദൂർ ഭാഗഭാക്കാകാരുണ്ടായിരുന്നു. കിടക്കാനുള്ള കട്ടിൽ സ്വന്തമായാണ് അദ്ദേഹം നീക്കിയിടുകയും വിരിക്കുകയും ചെയ്തിരുന്നത്. യാദൃശ്ചികമായി എപ്പോഴെങ്കിലും മഴപെയ്യുകയാണെങ്കിൽ പുറത്ത് കുട്ടികൾ ഉറങ്ങിക്കിടക്കുന്ന കട്ടിലുകൾ ഹുദൂർ ഒരുഭാഗത്ത് പിടിക്കുകയും മറുഭാഗത്തെ മറ്റാരെക്കൊണ്ടെങ്കിലും പിടിപ്പിച്ചുകൊണ്ട് അവയെ അകത്തേക്കെത്തിക്കുകയും ചെയ്യുമായിരുന്നു. അതിഥികൾക്കായി അകത്തുനിന്ന് സ്വന്തം നിലയിൽ ഭക്ഷണം കൊണ്ടുവരികയും ഒന്നിച്ചിരുന്ന് കഴിക്കുകയും ചെയ്തിരുന്നു.

# അദ്ധ്യായം-6

# ദീനീ പരമായ ചില പ്രധാന കാര്യങ്ങൾ

## കഅ്ബാ മന്ദിരം

ലോകത്ത് ആദ്യമായി നിർമ്മിച്ച അല്ലാഹുവിന്റെ ഭവനമാണ് കഅ്ബാ മന്ദിരം. ഇത് ലോകമുസ്‌ലിംകളുടെ ഏറ്റവും വലിയ കേന്ദ്രവും പവിത്രവുമായ സ്ഥലമാണ്. മുസ്‌ലിംകൾ എല്ലാ വർഷവും ഒത്തുചേർന്ന് ഹജ്ജ് കർമ്മം നിർവ്വഹിക്കുന്നതിവിടെയാണ്. 4500 വർഷങ്ങൾക്കുമുമ്പ് അല്ലാഹുവിന്റെ

ആജ്ഞപ്രകാരം അവനെ ആരാധിക്കുന്നതിന്നായി ഹദ്റത്ത് ഇബ്രാഹീം നബി(അ)യും അദ്ദേഹത്തിന്റെ മകൻ ഹദ്റത്ത് ഇസമായീൽ നബി(അ) യും ചേർന്ന് പുതിക്കിപ്പണിതതാണ് കഅ്ബ. കഅ്ബ പണിയുന്ന അവസരത്തിൽ ആ പ്രദേശം വിജനമായിരുന്നു. എന്നാൽ പിന്നീടത് ഒരു പട്ടണമായി തീർന്നു. ആ പട്ടണമാണ് പിൽക്കാലത്ത് പരിശുദ്ധമക്ക എന്ന പേരിലറിയപ്പെട്ടത്. ഈ പട്ടണത്തിലാണ് നമ്മുടെ യജമാനരായ ഹദ്റത്ത് മുഹമ്മദ് നബി(സ) ജനിച്ചത്.

## ഖിബ്‌ല

'അടുത്ത്', 'മുന്നിൽ' എന്നിങ്ങനെയാണ് ഖിബ്‌ല എന്ന പദത്തിന്റെ അർത്ഥം. നമസ്കാരത്തിനായി മുസ്‌ലിംകൾ കഅ്ബക്ക് അഭിമുഖമായിതന്നെ നില്ക്കണമെന്നത് അല്ലാഹുവിന്റെ ആജ്ഞയാണ്. അതിനാൽ മുസ്‌ലിംകളുടെ ഖിബ്‌ല കഅ്ബയാണ്.

## തിരുനബി(സ)യുടെ സഹധർമ്മിണികൾ

നബിതിരുമാനി(സ) യുടെ ഭാര്യമാരെ 'അസ്‌വാജെ മുതഹ്ഹറാത്ത്' (വിശുദ്ധ പത്നിമാർ) എന്നാണ് പറയുന്നത്. ചില പത്നിമാരുടെ പേരുകൾ താഴെ ചേർക്കുന്നു.

ഹദ്റത്ത് ഖദീജ(റ)
ഹദ്റത്ത് ആയിശ(റ)
ഹദ്റത്ത് സൈനബ(റ)
ഹദ്റത്ത് സൗദ(റ)
ഹദ്റത്ത് ഹഫ്സ(റ)
ഹദ്റത്ത് ഉമ്മു ഹബീബ(റ)

നബിതിരുമേനി(സ) യുടെ സഹധർമ്മിണിമാരെ 'ഉമ്മഹാത്തുൽ മുഅ്മിനീൻ' അഥവാ വിശ്വാസികളുടെ മാതാക്കൾ' എന്നും വിളിക്കുന്നു.

## നബിതിരുമേനി(സ)യുടെ സന്താനങ്ങൾ

നബിതിരുമേനിക്ക് നാല് ആൺമക്കളും നാല് പെൺമക്കളുമാണുണ്ടായിരുന്നത്. ചെറുപ്രായത്തിൽ തന്നെ ആൺമക്കൾ വഫാത്തായി. ഇബ്റാഹീം, ഖാസിം, ത്വാഹിർ, തയ്യിബ്

എന്നിവരാണവർ. റുഖിയ(റ), സൈനബ(റ), ഉമ്മുൽ ഖുൽസും(റ), ഫാത്തിമത്തുസ്സുഹ്റ(റ) എന്നിവരാണ് പെൺമക്കൾ. മക്കളിൽ ഏറ്റവും ഇളയവളായ ഫാത്തിമ(റ)യെ നബി തിരുമേനിക്ക് വളരെയധികം ഇഷ്ടമായിരുന്നു. ഇവരെ ഹദ്റത്ത് അലി(റ)വാണ് വിവാഹം ചെയ്തത്. ഇവരുടെ മക്കളാണ് ഇമാം ഹസ്സൻ(റ), ഇമാം ഹുസൈൻ(റ) എന്നിവർ. ഇമാം ഹുസൈൻ(റ) കർബലാ യുദ്ധത്തിൽ ശഹീദാവുകയാണുണ്ടായത്.

## യുദ്ധങ്ങൾ

നബിതിരുമേനി(സ)ക്ക് മക്കയിലെ നിഷേധികളുമായി നിരവധി യുദ്ധങ്ങൾ ചെയ്യേണ്ടതായി വന്നിട്ടുണ്ട്. നബിതിരുമേനി നേരിട്ടു പങ്കെടുത്ത ഈ യുദ്ധങ്ങളെ 'ഗസ്വാത്ത്' എന്നു പറയുന്നു. ബദ്ർ യുദ്ധം, ഉഹ്ദ് യുദ്ധം, തബൂക്ക് യുദ്ധം, ഹുനൈൻ യുദ്ധം എന്നിവ പ്രധാന യുദ്ധങ്ങളാണ്.

## സുന്നത്തും ഹദീസും

നബി(സ) തിരുമേനി ജീവിതത്തിൽ ചെയ്തിരുന്ന നടപടി ക്രമങ്ങളെ സുന്നത്ത് എന്ന് പറയുന്നു. നബി തിരുമേനി(സ) വിവരിച്ചിട്ടുള്ള കാര്യങ്ങളാണ് ഹദീസ്. അത്തരം കാര്യങ്ങൾ രേഖപ്പെടുത്തിയ ഗ്രന്ഥങ്ങളെ ഹദീസ് ഗ്രന്ഥങ്ങൾ എന്നു പറയുന്നു. ഏറ്റവും പ്രസിദ്ധമായ ഹദീസ് ഗ്രന്ഥമാണ് 'സഹീഹ് ബുഖാരി'. ഏറ്റവും പ്രഥമവും പ്രധാനവുമായ സ്ഥാനം ഖുർആനും അതിനു ശേഷം സുന്നത്തിനും അതിനു ശേഷം ഹദീസിനുമാണ് ഉള്ളത്.

## ഇസ്ലാമിലെ ചന്ദ്രമാസങ്ങൾ

മുഹറം, സഫർ, റബീയ്യുൽ അവ്വൽ, റബീയ്യുൽ ആഖർ, ജമാദുൽ അവ്വൽ, ജമാദുൽ ആഖിർ, റജബ്, ശഅബാൻ, റമദാൻ, ശവ്വാൽ, ദുൽഖഅദ്, ദുൽഹജ്ജ് എന്നിവയാണ് ഇസ്ലാമിലെ ചന്ദ്ര മാസങ്ങൾ. നബിതിരുമേനിയുടെ ഹിജ്റ സംഭവം മുതൽ ആരംഭിച്ച വർഷമായതിനാൽ മുസ്ലിം വർഷത്തെ ഹിജ്റ വർഷം എന്നു പറയുന്നു.

## ഹിജ്രി ശംസീ മാസങ്ങൾ

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ആണ് ഹിജ്രി

ശംസീ വർഷത്തിന് രൂപകല്പന നൽകിയത്. നബി(സ) തിരുമേനിയുടെ ജീവചരിത്രവുമായി ബന്ധപ്പെട്ട 12 സുപ്രധാന സംഭവങ്ങളെ ആസ്പദമാക്കിയാണ് അതിലെ മാസങ്ങൾക്ക് പേര് നല്കിയിരിക്കുന്നത്. പ്രസ്തുത സംഭവങ്ങളെല്ലാം ഇസ്ലാമിക ചരിത്രത്തിന്റെ കേന്ദ്രബിന്ദുക്കളാണ്. ഹിജ്രി ശംസീ മാസങ്ങളുടെ പേരും ആ പേര് വരാനുള്ള കാരണങ്ങളും താഴെ ചേർക്കുന്നു.

1. **സുൽഹ്** (ജനുവരി):- ഹുദൈബിയ്യ എന്ന സ്ഥലത്തു വെച്ച് മക്കക്കാരുമായി മുസ്ലിംകൾ സന്ധിയുണ്ടാക്കിയതും തൽഫലമായി ആളുകൾ കൂടുതലായി ഇസ്ലാം മതം സ്വീകരിക്കാൻ തുടങ്ങിയതും ഈ മാസത്തിലാണ്. ഈ സംഭവത്തിന് അല്ലാഹു **ഫത്ഹെ മുബീൻ** എന്ന പേര് നല്കപ്പെട്ടിരിക്കുന്നു.

2.**തബ്ലീഗ്**(ഫെബ്രുവരി):- ചക്രവർത്തിമാർക്ക് തബ്ലീഗ് കത്തുകളയച്ചുകൊണ്ട് നബിതിരുമേനി(സ) അവരെ ഇസ്ലാമിലേക്ക് ക്ഷണിച്ചത് ഈ മാസത്തിലാണ്.

3.**അമാൻ**(മാർച്ച്): - ഈ മാസവും പരിശുദ്ധമക്കാപട്ടണവും പവിത്രമാക്കപ്പെട്ടതുപോലെ നിങ്ങളുടെ ജീവനും സമ്പത്തും അന്തസും പവിത്രമാക്കപ്പെട്ടിരിക്കുന്നു എന്ന് നബി തിരുമേനി(സ) ഹജ്ജത്തുൽ വിദായുടെ അവസരത്തിൽ വിളംബരപ്പെടുത്തിയത് ഈ മാസത്തിലാണ്.

4.**ശഹാദത്ത്** (ഏപ്രിൽ): - ഈ മാസത്തിലാണ് ഇസ്ലാമിന്റെ ശത്രുക്കൾ രണ്ട് പ്രാവശ്യം ചതിയിലൂടെ 77 ഓളം ഹാഫിളുമാരായ സഹാബിമാരെ ക്രൂരമായി ശഹീദാക്കിയത്.

5. **ഹിജ്റത്ത്(മെയ്):-** നബിതിരുമേനി(സ) മക്കയിൽ നിന്നും മദീനയിലേക്ക് ഹിജ്റത്ത് ചെയ്തത് ഈ മാസത്തിലാണ്

6. **ഇഹ്സാൻ**(ജൂൺ): - ഹാതിംതായി ഗോത്രത്തലവന്റെ നേതൃത്വത്തിലുള്ള യുദ്ധത്തടവുകാരെ നബിതിരുമേനി(സ) സഹാനുഭൂതിയോടെ നിരുപാധികം വിട്ടയച്ച മാസമാണിത്.

7. **വഫാ**(ജൂലായ്): -സാത്തുരിഖാഅ് യുദ്ധം നടന്നത് ഈ മാസത്തിലാണ്. പ്രസ്തുത യുദ്ധത്തിൽ വരിഷ്ഠരായ സഹാബാക്കൾ (റ) കൊടും ചൂടിലും നീണ്ട യാത്ര ചെയ്തുകൊണ്ട് തങ്ങളുടെ ആത്മാർത്ഥതയുടെയും കൂറിന്റെയും അനുസരണ

ത്തിന്റെയും സംതൃപ്തിയുടെയും മാതൃകകൾ കാണിക്കുകയു ണ്ടായി. ഈ യാത്രയിൽ ചിലരുടെ പാദങ്ങൾ വിണ്ടുകീറുകയും നഖങ്ങൾപോലും ഇളകിപ്പോവുകയും ചെയ്തിരുന്നു. തൽസന്ദർഭത്തിലാണ് നബി(സ) തിരുമേനിക്ക് സ്വലാത്തുൽ ഖൗഫിന്റെ(ഭയാവസ്ഥയിലുള്ള നമസ്ക്കാരം) ആജ്ഞ ഇറങ്ങി യത്.

8. **സുഹൂർ** (ആഗസ്ത്):- അറേബ്യക്ക് പുറത്ത് ഇസ്ലാ മിക പ്രചരണത്തിന്റെയും വിജയത്തിന്റെയും അസ്ഥിവാരമി ട്ടത് ഈ മാസത്തിലാണ്. മുഅ്ത്തഎന്ന സ്ഥലത്ത് നബി(സ)യുടെ ദൂതനായ ഹാരിസിബ്നു ഉമൈർ(റ) ശഹീദാ ക്കപ്പെടുകയും തുടർന്ന് യുദ്ധമുണ്ടാവുകയും ചെയ്തു. നബി(സ)നാൽ നിയമിക്കപ്പെട്ട മൂന്ന് നേതാക്കന്മാർ ഒന്നിനുപുറകേ മറ്റൊന്നായി ഈ യുദ്ധത്തിൽ ശഹീദാവുകയുണ്ടായി.

9. **തബൂക്ക്** (സെപ്തമ്പർ): - സഹാബിമാർ തബൂക്ക് യുദ്ധസമയത്ത് അവരുടെ ആത്മാർത്ഥതയുടെ വിവിധങ്ങളായ മാതൃകകൾ പ്രകടിപ്പിച്ചുകൊണ്ട് ഉന്നതമായ വിശ്വാസ വെണ്മ വെളിപ്പെടുത്തിയത് ഈ മാസത്തിലാണ്.

10. **ഇഖാഅ്** (ഒക്ടോബർ): - നബി(സ) ഓരോ മുഹാ ജിറിനും ഓരോ അൻസാറിനുമിടയിൽ സാഹോദര്യബന്ധം ഉറപ്പിക്കുകയും തന്മൂലം സ്വന്തം സഹോദരനെക്കാൾ ഉപരി യായനിലയിൽ അവരുടെ ബന്ധം സുദൃഢമാക്കപ്പെടുകയും ചെയ്തത് ഈ മാസത്തിലാണ്.

11. **നുബുവ്വത്ത്** (നവമ്പർ): - നബി(സ) തിരുമേനിക്ക് അല്ലാഹു നുബുവ്വത്ത് പദവി നൽകിയനുഗ്രഹിച്ച മാസമാണി ത്.

12. **ഫത്ഹ്** (ഡിസമ്പർ): - മക്കാവിജയത്തിനു ശേഷം നബി(സ)തിരുമേനി തന്റെ രക്ത ദാഹികളായ ശത്രുക്കൾക്ക് ലാതസ്രീബ അലൈകുമുൽ യൗം എന്ന് പറഞ്ഞുകൊണ്ട് പൊതുമാപ്പ് നല്കിയ മാസമാണിത്.

## അദ്ധ്യായം-7

## ചില പ്രധാന പ്രയോഗങ്ങളും അതിന്റെ അർത്ഥവും

1. صَلَّى اللهُ عَلَيْهِ وَسَلَّمَ

"അല്ലാഹുവിന്റെ അനുഗ്രഹവും സലാമും അദ്ദേഹത്തിന് ഇറങ്ങട്ടെ." നബി(സ)തിരുമേനിയുടെ പേര് ഉച്ചരിക്കുമ്പോഴും കേൾക്കുമ്പോഴും മാത്രമാണ് ഈ വാക്യം പ്രയോഗിക്കുന്നത്.

2. عَلَيْهِ السَّلَامُ

"അദ്ദേഹത്തിന് അല്ലാഹുവിന്റെ ഭാഗത്തുനിന്നും ശാന്തി ലഭിക്കട്ടെ." അല്ലാഹുവിന്റെ നബിമാരുടെ പേരിനൊപ്പം ഈ വാക്യം പ്രയോഗിക്കുന്നു.

3. إِنْ شَآءَ اللهُ

"അല്ലാഹു ഇച്ഛിച്ചെങ്കിൽ". ഏതെങ്കിലും ഒരു പ്രവൃത്തി ചെയ്യുവാനുള്ള ആഗ്രഹം ഉണ്ടാകുമ്പോഴോ ആരോടെങ്കിലും ഏതെങ്കിലും തരത്തിലുള്ള വാഗ്ദാനം ചെയ്യുമ്പോഴോ ഈ വചനം നിർബന്ധമായും ഉച്ചരിക്കേണ്ടതാണ്. ഉദാ:- ഇൻശാ അല്ലാഹ്, ഈ ജോലി ഞാൻ തീർച്ചയായും ചെയ്യുന്നതാണ്. ഇൻശാഅല്ലാഹ് ഞാനെന്റെ വാഗ്ദാനം പൂർത്തിയാക്കുന്നതാണ്.

4. اَلْحَمْدُ لِلّٰهِ

"സർവ്വസ്തുതികൾക്കും അർഹൻ അല്ലാഹുമാത്രമാകുന്നു." അല്ലാഹുവിനോടുള്ള നന്ദി സൂചകമായി ഈ വാക്യം ഉച്ചരിക്കേണ്ടതാണ്. സൂറ ഫാത്തിഹ ആരംഭിക്കുന്നത് ഈ വാക്യത്തോടുകൂടിയാണ്. ഭക്ഷണം കഴിച്ചതിനുശേഷവും തുമ്മി

ക്കഴിഞ്ഞാലും ഈ വാക്യം ഉച്ചരിക്കണം.

5. يَرْحَمُكُمُ اللهُ

"അല്ലാഹു നിങ്ങളിൽ കരുണ ചൊരിയട്ടെ" ആരെങ്കിലും തുമ്മിക്കഴിഞ്ഞതിനുശേഷം **അൽഹംദുലില്ലാഹ്** എന്നുപറഞ്ഞാൽ കേൾക്കുന്നവർ **യർഹമുക്കുല്ലാഹ്** എന്നു പറയേണ്ടതാണ്.

6. جَزَاكَ اللهُ خَيْرًا

"അല്ലാഹു നിങ്ങൾക്ക് നന്മനിറഞ്ഞ പ്രതിഫലം നല്കട്ടെ." ആരോടെങ്കിലും നന്ദി പറയുമ്പോഴാണ് ഈ വാക്യം ഉച്ചരിക്കുന്നത്.

7. مَاشَاءَ اللهُ

"അല്ലാഹു ഇച്ഛിച്ചതെന്തോ അത്" ഏതെങ്കിലും നല്ല കാര്യത്തെ സംബന്ധിച്ച് പ്രകീർത്തിക്കുമ്പോഴാണ് ഈ വാക്യം ചൊല്ലുന്നത്. ഉദാ: താങ്കളുടെ പുത്രൻ മാശാഅല്ലാഹ് നല്ല ബുദ്ധിമാനാണ്.

8. اِنَّا لِلّٰهِ وَ اِنَّآ اِلَيْهِ رَاجِعُوْنَ

''ഞങ്ങൾ അല്ലാഹുവിൻ നിന്നുള്ളവരാണ്. അവനിലേക്കു തന്നെ മടങ്ങുകയും ചെയ്യുന്നു." ഈ വാക്യം വിശുദ്ധഖുർആനിലുള്ളതാണ്. മരണവാർത്ത കേൾക്കുമ്പോഴോ അപകടവാർത്ത കേൾക്കുമ്പോഴോ, മോശപ്പെട്ട വാർത്തകൾ കേൾക്കുമ്പോഴോ ഈ വാക്യം ചൊല്ലുന്നു.

അദ്ധ്യായം-8

## അഹ്മദിയ്യാ ജമാഅത്തിനെ സംബന്ധിച്ച് അറി ഞ്ഞിരിക്കേണ്ട കാര്യങ്ങൾ

### ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിവാഹവും സന്താനങ്ങളും

**ആദ്യവിവാഹം:-** ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആദ്യവിവാഹം കുട്ടിക്കാലം കഴിഞ്ഞയുടൻ തന്നെ മാതാപിതാക്കൾ നടത്തുകയായിരുന്നു. ആദ്യഭാര്യയുടെ പേര് ഹുർമത്ത് ബീവി എന്നായിരുന്നു. അവർ അദ്ദേഹത്തിന്റെ കുടുംബത്തിൽ പെട്ടവരായിരുന്നു. എന്നാൽ ഭിന്നപ്രകൃതമായ കാരണത്താൽ ഈ വിവാഹ ബന്ധം വിജയിച്ചില്ല. ആദ്യ വിവാഹത്തിൽ വാദ്ഗത്ത മസീഹ്(അ) ന് രണ്ട് ആൺകുട്ടികളാണുണ്ടായിരുന്നത്. മിർസാ സുൽത്താൻ അഹ്മദ് സാഹിബ്, മിർസാ ഫസൽ അഹ്മദ് സാഹിബ് എന്നിവരാണവർ. മിർസാ ഫസൽ അഹ്മദ് സാഹിബ് യുവത്വത്തിൽ തന്നെ മരണമടഞ്ഞു. ഹദ്റത്ത് മിർസാ സുൽത്താൻ അഹ്മദ്(റ)ന് അല്ലാഹു ദീർഘായുസ് നൽകി. രണ്ടാം ഖിലാഫത്ത് കാലഘട്ടത്തിലാണ് ഇദ്ദേഹം അഹ്മദിയ്യാ മുസ്ലിം ജമാഅത്തിൽ ബൈഅത്ത് ചെയ്ത് പ്രവേശിച്ചത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇദ്ദേഹത്തിന്റെ എല്ലാ സന്താനങ്ങളും ആത്മാർത്ഥരായ അഹ്മദികളാണ്.

**രണ്ടാം വിവാഹം:-** ഹദ്റത്ത് അഹ്മദ്(അ)1884-ന്റെ അവസാനത്തിൽ അല്ലാഹുവിന്റെ സുവാർത്തയനുസരിച്ച് ഡൽഹിയിലെ സയ്യിദ് കുടുംബത്തിൽപെട്ട ഒരു പെൺകുട്ടിയെ വിവാഹം ചെയ്തു. വളരെ അനുഗൃഹീതമായ ഒരു ബന്ധമായിരുന്നു ഇത്. ഹദ്റത്ത് നുസ്രത്ത് ജഹാൻ ബീഗം സാഹിബ(റ)യാണ് രണ്ടാ

മത്തെ ഭാര്യ. ഇവർ അഹ്മദിയ്യാ ജമാഅത്തിൽ ഉമ്മുൽ മുഅ്മിനീൻ എന്നും ഹദ്റത്ത് അമ്മാജാൻ എന്നും അറിയപ്പെടുന്നു. സൽസ്വഭാവത്തിലും, മറ്റുള്ളവരോടുള്ള സ്നേഹപൂർണ്ണമായ പെരുമാറ്റത്തിലും ഇവർ മുഴുവൻ അഹ്മദീ സ്ത്രീകൾക്കും മാതൃകയായിരുന്നു. 1953 ഏപ്രിൽ 20-ന് റബ്വയിൽവെച്ച് വഫാത്തായ ഇവരുടെ ഖബറിടം റബ്വയിലെ ബിഹ്ശ്തി മഖ്ബറയിലാണ്.

ഹദ്റത്ത് അമ്മാജാന്റെ പിതാവ് ഹദ്റത്ത് മീർ നാസിർ നവാബ് സാഹിബ്(റ)ആകുന്നു. അമ്മാജാന്റെ രണ്ടു സഹോദരന്മാരായ ഡോ:മീർ മുഹമ്മദ് ഇസ്മായീൽ സാഹിബും, ഹദ്റത്ത് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബും ജമാഅത്തിലെ ഉന്നതനിലയിലുള്ള വ്യക്തികളും ദീനീ സേവനത്തിന് പ്രത്യേക തൗഫീഖ് ലഭിച്ചവരുമായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ)മിനുണ്ടായ സന്താനങ്ങളെ സംബന്ധിച്ച് വളരെയധികം സുവാർത്തകൾ നൽകപ്പെട്ടിട്ടുണ്ട്. അവർ നന്മനിറഞ്ഞവരും അനുഗ്രഹീതരും സ്വീകാര്യരും ദീനിന്റെ പ്രത്യേക സേവകരും ആയിരിക്കും. ഈ സുവാർത്തകളെല്ലാം പുലരുകയുണ്ടായി. ജനിക്കുകയും ദീർഘായുസ്സ് ലഭിക്കുകയും ചെയ്ത സന്താനങ്ങളുടെ പേരുകൾ ഇപ്രകാരമാണ്.

### 1.ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖലീഫത്തുൽ മസീഹ് സാനി(റ)

"അല്ലാഹുവിന്റെ പ്രത്യേക സുവാർത്ത പ്രകാരം 1889 ജനുവരി 12-നാണ് അദ്ദേഹം ജനിച്ചത്. 1914 മാർച്ച് 14-ന് അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ടു. ദീർഘായുഷ്മാനായ ഇദ്ദേഹത്തിന്റെ വിജയപ്രദമായ ഖിലാഫത്ത് കാലഘട്ടം 51 വർഷക്കാലം നീണ്ടുനിന്നു. ദീർഘകാലത്തെ ഇസ്ലാമിക സേവനത്തിനുശേഷം 1965 നവമ്പർ 8-ന് വഫാത്തായി.

### 2.ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)

1893 ഏപ്രിൽ 20-ന് ജനിച്ചു. ഈ മകനെ സംബന്ധിച്ചും അല്ലാഹു അനേകം സുവാർത്തകൾ ഹദ്റത്ത് മസീഹ്

മൗഊദ്(അ)ന് നല്കിയിരുന്നു. ഈദ്ദേഹത്തിനും ജമാഅത്തിന്റെ ഉന്നതസ്ഥാനങ്ങൾ അലങ്കരിക്കാനും സേവനമനുഷ്ഠിക്കാനും ഭാഗ്യം സിദ്ധിച്ചിരുന്നു. ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ ഇദ്ദേഹം രണ്ടാം ഖലീഫയുടെ വലംകൈയായി പ്രവർത്തിച്ചു. നിരവധി അമൂല്യങ്ങളായ ഗ്രന്ഥങ്ങളും ലേഖനങ്ങളും രചിച്ചിട്ടുണ്ട്. 1963 സെപ്തമ്പർ 2-ന് വഫാത്തായി. ഭൗതീക ശരീരം റബ്വയിലെ ബിഹ്ശ്തി മഖ്ബറയിൽ സംസ്കരിച്ചു.

## 3.ഹദ്റത്ത് മിർസാ ശരീഫ് അഹ്മദ് സാഹിബ്(റ)

1895 മെയ് 24-ന് അദ്ദേഹം ദൈവീക സുവാർത്തയനുസരിച്ച് തന്നെ ജനിച്ചു. ഇസ്ലാമിനുവേണ്ടി നിരവധി സേവനങ്ങൾ ചെയ്യാനുള്ള ഭാഗ്യം ഇദ്ദേഹത്തിനുണ്ടായിട്ടുണ്ട്. 1961 ഡിസമ്പർ 26-ന് വഫാത്തായി. ഇദ്ദേഹത്തിന്റെ ഖബർ റബ്വയിലെ ബിഹ്ശ്തി മഖ്ബറയിൽ സ്ഥിതിചെയ്യുന്നു.

## 4.ഹദ്റത്ത് നവാബ് മുബാറക്ക ബീഗം സാഹിബ(റ:അ)

ദൈവീക സുവാർത്തയനുസരിച്ച് തന്നെ 1897 മാർച്ച് 6-ന് ഇവർ ജനിച്ചു. ഹദ്റത്ത് നവാബ് മുഹമ്മദ് അലിഖാൻ സാഹിബ്(റ) ആണ് ഭർത്താവ്. 1977 മെയ് 23-ന് വഫാത്തായി. ഇവരുടെ അമ്യൂല്യങ്ങളായ ലേഖനങ്ങളും പദ്യങ്ങളും അധിക അഹ്മദീ കുട്ടികളും വായിക്കുന്നുണ്ടാവും.

## 5.ഹദ്റത്ത് നവാബ് അമത്തുൽ ഹഫീസ് ബീഗം സാഹിബ(റ:അ)

ഇവരും ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ വാഗ്ദത്ത സന്താനങ്ങളിൽ ഉൾപ്പെടുന്നു. 1904 ജൂൺ 25-ന് ജനിച്ചു. ഹദ്റത്ത് നവാബ് അബ്ദുല്ലാഖാൻ സാഹിബാണ് ഇവരുടെ ഭർത്താവ്. 1987 മെയ് 6-ന് റബ്വയിൽ വഫാത്തായി.

## ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ:-

ഹദ്റത്ത് മസീഹ് മൗഊദ്(അ) എൺപതോളം ഗ്രന്ഥങ്ങൾ രചിക്കുകയുണ്ടായി. ഇസ്ലാമിന്റെ സത്യതക്കുള്ള ശക്തിമത്തായ തെളിവുകളാണ് അദ്ദേഹം തന്റെ ഈ ഗ്രന്ഥങ്ങളിൽ വിവരിച്ചിട്ടുള്ളത്. ഈ ഗ്രന്ഥങ്ങളിലൂടെ അല്ലാഹുവിന്റെ പുതിയ അടയാളങ്ങൾ വെളിപ്പെടുത്തുകയും വിശുദ്ധഖുർആന്റെ മഹിമകൾ വിവരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ചില പ്രസിദ്ധ

ഗ്രന്ഥങ്ങൾ ഇവയാണ്.

ബറാഹീനെ അഹ്മദിയ്യ
ഹഖീഖത്തുൽ വഹ്യ്
ആയിനയെ കമാലാത്തെ ഇസ്‌ലാം
കശ്തീ നൂഹ്
അൽവസിയ്യത്ത്
ഇസ്‌ലാമീ ഉസൂൽ കീ ഫിലോസഫി
ബർക്കാത്തെ ദുആ
തരിയാഖുൽ ഖുലൂബ്

## വാഗ്ദത്ത മസീഹിന്റെ ചില പ്രധാന സഹാബിമാർ

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില പ്രധാന സഹാബിമാർ ഇവരാണ്.

ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ്(റ) ഖലീഫസ്സുൽ മസീഹ് അവ്വൽ

ഹദ്റത്ത് മൗലവി അബ്ദുൽകരീം സാഹിബ് സിയാൽക്കോട്ടി (റ)

ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് (റ)

ഹദ്റത്ത് ശേഖ് യാഖൂബ് അലി സാഹിബ് ഇർഫാനി(റ)

ഹദ്റത്ത് നവാബ് മുഹമ്മദ് അലിഖാൻ സാഹിബ്(റ)

ഹദ്റത്ത് മൗലവി ശേർ അലി സാഹിബ്(റ)

ഹദ്റത്ത് മൗലവി സയ്യിദ് മുഹമ്മദ് സർവ്വർശാഅ് സാഹിബ് (റ)

ഹദ്റത്ത് മൗലവി ബുർഹാനുദ്ദീൻ സാഹിബ് ജഹ്ലമി(റ)

ഹദ്റത്ത് മൗലവി ഗുലാം റസൂൽ സാഹിബ് രാജകി(റ)

ഹദ്റത്ത് ഹാഫിസ് മുഖ്താർ അഹ്മദ് സാഹിബ് ശാഹ്ജഹാൻപൂരി(റ)

## ഖാദിയാനും അവിടുത്തെ പവിത്രസ്ഥലങ്ങളും

ഖാദിയാൻ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ശാശ്വതസിരാകേന്ദ്രവും പാവനസ്ഥലവുമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ജനിച്ച സ്ഥലമാണ് ഖാദിയാൻ. മസീഹ് മൗഊദ്(അ) തന്റെ ജീവിതത്തിന്റെ ഭൂരിഭാഗവും കഴിച്ചുകൂട്ടിയതും അദ്ദേഹത്തിന്റെ ഖബർ സ്ഥിതിചെയ്യുന്നതും ഇവിടെ

യാണ്. ഹുസൂർ(അ) താമസിച്ച വീടും അദ്ദേഹം നമസ്കാരമനുഷ്ഠിച്ച പള്ളിയും അഹ്മദികളെ സംബന്ധിച്ചിടത്തോളം അനുഗ്രഹീതമായ സ്ഥലങ്ങളാണ്. മറ്റു ചരിത്ര സ്മാരകങ്ങളായ ബിഹ്ശ്തി മഖ്ബറ, മസ്ജിദ് മുബാറക്, മസ്ജിദ് അഖ്സ, മിനാരത്തുൽ മസീഹ് എന്നിവ സ്ഥിതിചെയ്യുന്നത് ഇവിടെയാണ്. വളരെ ഭംഗിയുള്ളതും വെളുത്തനിറമുള്ളതുമായ മിനാരത്തുൽ മസീഹ് മസ്ജിദ് അഖ്സയിലാണ് സ്ഥിതിചെയ്യുന്നത്. ഇതിന്റെ തറക്കല്ലിട്ടത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ആണ്. വരാനിരിക്കുന്ന മഹ്ദി വെള്ളമിനാരത്തിന്റെയടുത്ത് ഇറങ്ങുന്നതാണ് എന്ന നബിതിരുമേനി(സ)യുടെ പ്രവചനം ഇതിലൂടെ പൂർത്തിയായി.

## ബിഹ്ശ്തി മഖ്ബറ

അല്ലാഹുവിന്റെ കല്പനയാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) നിർമ്മിച്ച ഒരു ഖബർസ്ഥാൻ ആണ് ബിഹ്ശ്തി മഖ്ബറ. ദൈവദൃഷ്ടിയിൽ സ്വർഗ്ഗ പ്രാപ്തരായിരിക്കും ഇവിടെ അടക്കം ചെയ്യുക എന്ന് അല്ലാഹു ഹുദൂർ(അ) വെളിപാട് നല്കുകയുണ്ടായി. ഇവിടെ ഖബറടക്കം ചെയ്യപ്പെടുന്നതിന് തിന്മകളിൽ നിന്നും അകന്നു നില്ക്കുകയും നമസ്കാരം കൃത്യമായി അനുഷ്ഠിക്കുകയും സൽപ്രവൃത്തികൾ ചെയ്യുകയും തന്റെ സ്വത്തിൽ നിന്നും വരുമാനത്തിൽ നിന്നും കുറഞ്ഞത് പത്തിലൊരുഭാഗം ജമാഅത്തിന് നല്കുകയും ചെയ്യേണ്ടത് അനിവാര്യമാകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ), ഹദ്റത്ത് ഖലീഫ അവ്വൽ(റ), പ്രമുഖരായ സഹാബിമാർ ദീനിൽ പ്രത്യേകമായും സേവനം ചെയ്ത അഹ്മദികൾ തുടങ്ങിയവരുടെ ഖബറുകളാണ് ഇവിടെയാണ് സ്ഥിതി ചെയ്യുന്നത്.

## ദാറുൽ മസീഹ്

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വീടാണിത്. ഹുസൂർ നമസ്കരിക്കുന്നതിന്നും പ്രാർത്ഥനകളിൽ മുഴുകുന്നതിനുമായി ഉപയോഗിച്ചിരുന്ന മുറിയും ഈ വീട്ടിനുള്ളിലുണ്ട്. ഖാദിയാനിൽ പോയി ഈ പവിത്രസ്ഥലങ്ങൾ സന്ദർശിച്ചുകൊണ്ട് തങ്ങളുടെ ഈമാൻ പുതുക്കുന്നതിന് ഓരോ അഹ്മദിയും ശ്രമിക്കേണ്ടതാണ്.

## ഖാദിയാനിലെ ദർവേശുമാർ

അഹ്മദികൾക്ക് ഭാവിയിൽ ഖാദിയാനിൽ നിന്നും ഹിജ്റത്ത് ചെയ്യേണ്ടിവരുമെന്ന് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് "**ദാഗെ ഹിജ്റത്ത്**" (ഹിജ്റത്തിന്റെ അടയാളം) എന്ന ഇൽഹാമിലൂടെ അറിയിപ്പ് നല്കിയിരുന്നു. 1947 ൽ ഇന്ത്യ രണ്ടായി വിഭജിക്കപ്പെട്ടു. ഇന്ത്യാവിഭജനകാലത്ത് പഞ്ചാബിന്റെ കിഴക്കൻ പ്രവിശ്യയിൽ ഭയാനകമായ കുഴപ്പങ്ങൾ ആരംഭിക്കുകയും തുടർന്ന് മുസ്ലിംകൾക്ക് രാജ്യം വിടേണ്ടതായി വരികയും ചെയ്തു. ഖാദിയാനിലും ഈ കുഴപ്പങ്ങൾ ഉണ്ടായി. ഈ സന്ദർഭത്തിൽ ജമാഅത്തിലെ ഭൂരിഭാഗം അംഗങ്ങൾക്കും ഖാദിയാൻ വിട്ടുപോകേണ്ടിവന്നു. അല്ലാഹുവിന്റെ നിരവധി അടയാളങ്ങൾ വെളിപ്പെട്ടതും പരിശുദ്ധ സ്ഥലങ്ങൾ സ്ഥിതി ചെയ്യുന്നതും മസീഹ് മൗഊദ്(അ)ന്റെ പരിശുദ്ധഖബർ സ്ഥിതിചെയ്യുന്നതുമായ ഒരു സ്ഥലമാണ് ഖാദിയാൻ. അത് അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ശാശ്വത കേന്ദ്രവുമാണ്. ആയതിനാൽ ഖാദിയാന്റെ സംരക്ഷണത്തിനും ഈ പ്രദേശത്തെ ജനബാഹുല്യമാക്കുന്നതിനുംവേണ്ടി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) നിർണിത എണ്ണമാളുകളോട് ഖാദിയാനിൽതന്നെ തങ്ങുന്നതിന് നിർദ്ദേശിക്കുകയുണ്ടായി. അവർക്ക് ഖാദിയാനിൽ തന്നെ താമസത്തിനുള്ള സംവിധാനവും ഏർപ്പെടുത്തുകയുണ്ടായി. ഈ വ്യക്തികളെയാണ് **ദർവേശാനെ ഖാദിയാൻ** എന്ന പേരിലറിയപ്പെടുന്നത്. ആരംഭത്തിൽ 313 പേരാണ് ദർവേശുമാരായി ഉണ്ടായിരുന്നത്. കുറച്ചു വർഷക്കാലം ഇവർക്ക് ഒറ്റപ്പെട്ട ജീവിതം നയിക്കേണ്ടിവന്നു. പിന്നീട് യുവാക്കളുടെ വിവാഹം നടന്നു, ഖാദിയാനിൽ നിന്ന് പുറത്തുപോയ പലരും തിരിച്ചുവരികയും സ്ഥിരതാമസമാക്കുകയും ചെയ്തു. ഇന്ന് ഖാദിയാൻ വീണ്ടും ജനബാഹുല്യമായ ഒരുസ്ഥലമായി മാറിയിരിക്കുന്നു.

## ഖാദിയാനിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളും മറ്റു ഓഫീസുകളും

മൂന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് ഇപ്പോൾ ഖാദിയാനിൽ പ്രവർത്തിച്ചു വരുന്നത്. 10-ാംക്ലാസ്സ് വരെയുള്ള

തഅ്ലീമുൽ ഇസ്ലാം സ്കൂൾ, നുസ്രത്ത് ഗേൾസ് സ്കൂൾ എന്നിവയും മതപഠനത്തിന്നായുള്ള മദ്രസ്സ അഹ്മദിയ്യാ എന്നിവയുമാണ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ. ഇവിടെ നിന്ന് മൗലവി ഫാസിൽ വരെയുള്ള അറബി വിദ്യാഭ്യാസം നൽകുന്നു. ഇസ്ലാംമത ചരിത്രങ്ങൾ വളരെ വിശദമായി പഠിപ്പിക്കുകയും മറ്റു മതങ്ങളുമായുള്ള താരതമ്യപഠനങ്ങൾ നടത്തുകയും ചെയ്യുന്നു. ഇസ്ലാമിക പ്രബോധനത്തിനുള്ള മുബല്ലിഗുമാരെ വളർത്തിയെടുക്കുന്നത് ഈ മദ്രസ്സ അഹ്മദിയ്യായിലൂടെയാണ്.

## ആശുപത്രി

1947 ലെ ഇന്ത്യാവിഭജനത്തിനുശേഷം സദർ അഞ്ചുമൻ അഹ്മദിയ്യാ അതിന്റെ പരിമിതമായ വരുമാനമുപയോഗിച്ചുകൊണ്ട് ഒരു ആശുപത്രി ആരംഭിക്കുകയുണ്ടായി. അന്നുമുതൽ ഈ ആശുപത്രിയിൽ എല്ലാ മതവിഭാഗങ്ങളിൽപെട്ടവർക്കും സൗജന്യ ചികിത്സ നല്കിവരുന്നു.

മിനാരത്തുൽ മസീഹ്, മസ്ജിദ് മുബാറക്ക്, മസ്ജിദ് അഖ്സ,ബിഹ്ശ്തി മഖ്ബറ എന്നിവയുടെ സന്ദർശനാർത്ഥം അഹ്മദികൾക്കു പുറമെ ധാരാളം അനഹ്മദികളും ഖാദിയാൻ സന്ദർശിച്ചുവരുന്നു. ഈ അനഹ്മദി സഹോദരങ്ങൾക്ക് ഇസ്ലാമിന്റെയും അഹ്മദിയ്യത്തിന്റെയും സന്ദേശം നല്കുന്നതിന്നായി ഇവിടെ ഒരു ഇൻഫർമേഷൻ ഓഫീസ് പ്രവർത്തിച്ചുവരുന്നു.

ദഅ്വത്തെ തബ്ലീഗിന്റെ നിയന്ത്രണത്തിൽ ഖാദിയാനിൽ നിന്ന് ഇസ്ലാമിനെയും അഹ്മദിയ്യത്തിനെയും സംബന്ധിച്ച വിവിധ ഭാഷകളിലുള്ള സാഹിത്യങ്ങളും വിശുദ്ധഖുർആന്റെ പരിഭാഷകളും പ്രസിദ്ധപ്പെടുത്തിവരുന്നുണ്ട്. ഭാരിച്ച ചെലവുകളിൽ വിശുദ്ധഖുർആന്റെ ഇംഗ്ലീഷ് പരിഭാഷ പ്രസിദ്ധപ്പെടുത്തികൊണ്ട് ഇന്ത്യയിലേയും വിദേശങ്ങളിലേയും അമുസ്ലീങ്ങൾക്കും മഹത്വ്യക്തികൾക്കും ആത്മീയ ഉപഹാരമെന്നനിലയിൽ ഖുർആനിക ജ്ഞാനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള സൗഭാഗ്യം ജമാഅത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നു. ഖാദിയാനിൽ നിന്നും ഉർദുവിലുള്ള വാരികയായ ബദർ പ്രസിദ്ധീകരിച്ചുവരുന്നുണ്ട്.

## ജൽസ സാലാന (വാർഷിക സമ്മേളനം)

ഇതിന് തുടക്കമിട്ടത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ആണ്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആദ്യ ജൽസ 1891 ഡിസമ്പറിൽ ഖാദിയാനിൽ നടന്നു. ഈ പ്രഥമ ജൽസ യിൽ 75 പേരാണ് പങ്കെടുത്തിരുന്നത്. 1892 ലെ ജൽസയിൽ 1327 ആളുകൾ പങ്കെടുത്തു. പിന്നീട് ഓരോ വർഷവും ജൽസ യിൽ പങ്കെടുക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) അസ്ഥിവാരമിട്ട ജൽസയെ പിന്തുടർന്നു കൊണ്ട് ലോകത്തിന്റെ നാനാ ഭാഗങ്ങളിലും ഇപ്പോൾ ജൽസ കൾ നടന്നുകൊണ്ടിരിക്കുന്നു.

## റബ്‌വ

ഖാദിയാനിൽ നിന്നുള്ള ഹിജ്റക്ക്ശേഷം 1948-സെപ്തം ബറിൽ അഹ്മദിയ്യാ ജമാഅത്തിന്റെ പുതിയ കേന്ദ്രം പാക്കി സ്ഥാനിലെ ജങ്ക്ജില്ലയിൽ ചിനാബ് നദീതീരത്ത് സ്ഥാപിതമാ യി. അതിന് റബ്‌വ എന്നു നാമകരണം ചെയ്തു. ഖലീഫത്തുൽ മസീഹ് സാനി(റ)യാണ് ഈ കേന്ദ്രത്തിന് തറക്കല്ലിട്ടത്. ജമാ അത്തിന്റെ മുഴുവൻ ഓഫീസുകളും, സ്കൂളുകളും, കോളേജു കളും ഇവിടെയാണ് പ്രവർത്തിക്കുന്നത്. ലോകത്തിന്റെ വിവി ധഭാഗങ്ങളിലേക്ക് മതപ്രചാരണത്തിന്നായി മുബല്ലിഗുമാരെ അയക്കുന്നതും ഇവിടെ നിന്നുമാണ്.

ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ നുസ്രത്ത് ജഹാൻ ബീഗം സാഹിബ(റ:അ), ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ), ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) എന്നിവരുടെ ഖബറിടങ്ങൾ റബ്‌വയിലെ ബഹ്ശ്തീ മഖ്ബറയിലാണ് സ്ഥിതി ചെയ്യുന്നത്.

## പത്രങ്ങൾ

അഹ്മദിയ്യാ ജമാഅത്തിന്റെ ആദ്യ മുഖപത്രമാണ് 'അൽഹക്കം' ഇത് 1897 ൽ അമൃത്സറിൽ നിന്നാണ് പ്രസിദ്ധീ കരണം ആരംഭിച്ചത്. പിന്നീട് 1898 മുതൽ ഖാദിയാനിൽനിന്നും പ്രസിദ്ധീകരിച്ചു തുടങ്ങി. ഹദ്റത്ത് ശേഖ് യാഖൂബ് അലി സാഹിബ് ഇർഫാനി(റ)ആയിരുന്നു ഇതിന്റെ ആദ്യ പത്രാധി പർ.

## അദ്ധ്യായം-9

# ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ ചില പ്രവചനങ്ങൾ

ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിൽ നിന്നും ലഭിച്ച വെളിപാടുപ്രകാരം ധാരാളം പ്രവചനങ്ങൾ ചെയ്തിട്ടുണ്ട്. ഈ പ്രവചനങ്ങളെല്ലാം യഥാസമയങ്ങളിൽ പുലരുകയുണ്ടായി. അദ്ദേഹത്തിന്റെ ചില പ്രവചനങ്ങൾ തുടർന്ന് വിവിരിക്കുന്നു.

### മുസ്ലിഹ് മൗഊദിനെ സംബന്ധിച്ചുള്ള പ്രവചനം

ഒൻപത് വർഷക്കാലയളവിനുള്ളിൽ ഒരു പുത്രൻ ജനിക്കുമെന്ന് അല്ലാഹു മസീഹ് മൗഊദ്(അ) ന് 1886 ൽ സുവാർത്ത നല്കുകയുണ്ടായി. അവൻ ലോകത്തിന്റെ ഓരോ കോണിലും പ്രശസ്തിയാർജ്ജിക്കും. അവനിലൂടെ ഇസ്ലാം വളരെയധികം പുരോഗതി പ്രാപിക്കും. വിശുദ്ധഖുർആന്റെ അദ്ധ്യാപനങ്ങൾ ലോകം മുഴുവൻ വ്യാപിപ്പിക്കും. അഹ്മദിയ്യാ ജമാഅത്ത് അവനിലൂടെ കൂടുതൽ പുരോഗതി പ്രാപിക്കും.

ഈ പ്രവചനം അത്ഭുതകരമായ രീതിയിൽ പുലരുകയുണ്ടായി. അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ്അഹ്മദ്(റ) ഈ പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ 1889 ൽ ഭൂജാതനായി. അദ്ദേഹം പിന്നീട് ശക്തമായ എതിർപ്പുകളെ അതിജീവിച്ചുകൊണ്ട് അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫയായി തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. ഇസ്ലാമിനെയും അഹ്മദിയ്യാ ജമാഅത്തിനെയും അദ്ദേഹം പുരോഗതിയിലേക്ക് നയിച്ചു. അദ്ദേഹത്തിന്റെ പ്രശസ്തി മുഴുലോകത്തും വ്യാപിച്ചതായി ശത്രുക്കൾപോലും സമ്മതിക്കുന്നു.

## പണ്ഡിറ്റ് ലേഖ്റാമിനെ സംബന്ധിച്ച പ്രവചനം

ആര്യസമാജ നേതാവായിരുന്നു പണ്ഡിറ്റ് ലേഖ്റാം. ലേഖ്റാം ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ആക്ഷേപിച്ചുകൊണ്ടിരുന്നയാളാണ്. ഇസ്‌ലാമിനെ കടുത്ത രീതിയിൽ എതിർത്തുവന്ന ലേഖ്റാം വേദങ്ങളാണ് സത്യം എന്നു സ്ഥാപിക്കാൻ പാടുപെടുകയുണ്ടായി. എന്നാൽ ബറാഹീനെ അഹ്മദിയ്യാ എന്ന ഗ്രന്ഥത്തിലൂടെ മസീഹ് മൗഊദ്(അ) ഉന്നയിച്ച വാദങ്ങളെ ഖണ്ഡിക്കാൻ അദ്ദേഹത്തിനായില്ല. എന്നാലും നബി തിരുമേനി(സ)യെയും മസീഹ് മൗഊദ്(അ)നേയും കഠിനമായി ആക്ഷേപിച്ചുകൊണ്ട് ലേഖനങ്ങൾ എഴുതുകയും ചെയ്തുകൊണ്ടിരുന്നു. അയാളുടെ കുല്ലിയാത്തെ ആര്യ മുസാഫിർ എന്ന ഗ്രന്ഥം നോക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് സത്യതക്ക് അടയാളം നല്കാൻ അയാൾ നിരന്തരമായി ആഹ്വാനം ചെയ്തുകൊണ്ടിരുന്നു. തനിക്കെതിരെ അടയാളം കാണിക്കുവാനും ആവശ്യപ്പെടുകയുമുണ്ടായി.

അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ) ന് നിരന്തരം ഇൽഹാം നല്കിക്കൊണ്ട് ഇങ്ങനെ അറിയിച്ചു. "ഈ വ്യക്തി നാശമടയും" ലേഖ്റാമിനെതിരായി അല്ലാഹു നല്കിയ ഇൽഹാമുകൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) ആയിനെ കമാലാത്തെ ഇസ്‌ലാം, ബർക്കാത്തു ദുആ, കറാമത്തെ സാദിഖീൻ എന്നീ ഗ്രന്ഥങ്ങളിൽ വിവരിച്ചിട്ടുണ്ട്. ഇത് പണ്ഡിറ്റ് ലേഖറാമിന്റെ പ്രവചനമായ മീർസാ മൂന്നുവർഷത്തിനുള്ളിൽ നശിക്കുന്നതാണ്.......... അവന്റെ സന്തതികളിൽ നിന്ന് ആരും അവശേഷിക്കുന്നതല്ല എന്നതിന് മറുപടിയായിട്ടായിരുന്നു. അവസാനം അല്ലാഹു ലേഖ്റാമിനെ കുറിച്ച് വിധി നടത്തുകയും അതിനനുസരിച്ച് അയാൾ പ്രവചനപ്രകാരം കൊല്ലപ്പെടുകയും വാഗ്ദത്ത മസീഹിന്റെ വിജയം ലോകം കാണുകയുമുണ്ടായി.

## ഖാദിയാനിൽ നിന്നും പലായനം ചെയ്യുന്നതിനെ സംബന്ധിച്ച പ്രവചനം

'ദാഗെ ഹിജ്റത്ത്' എന്ന ഇൽഹാമിലൂടെ അഹ്മദിയ്യാ ജമാഅത്തിന് ഹിജ്റത്ത് ചെയ്യേണ്ടതായി വരുമെന്ന് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് മുന്നറിയിപ്പ് നല്കിയിരുന്നു.

ഒരു കാലഘട്ടത്തിൽ അഹ്മദിയ്യാ ജമാഅത്തിന് ഖാദിയാൻ വിട്ട് തരിശായി കിടക്കുന്ന ഒരു ഉയർന്ന പ്രദേശത്ത് രണ്ടാമതൊരു കേന്ദ്രം സ്ഥാപിക്കേണ്ടിവരുമെന്ന് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന് സ്വപ്ന ദർശനവുമുണ്ടായി. 1947 ൽ ഇന്ത്യാവിഭജന കാലത്ത് ഈ പ്രവചനം പുലർന്നു. പാക്കിസ്ഥാനിലെ ഒരു ഉയർന്ന പ്രദേശമായ റബ്വ അഹ്മദിയ്യാ കേന്ദ്രമായി സ്ഥാപിച്ചു. ഇതുമായി ബന്ധപ്പെട്ട് മസീഹ് മൗഊദ്(അ)ന് മറ്റൊരു ഇൽഹാം കൂടി ഉണ്ടായിട്ടുണ്ട്. അതിപ്രകാരമാണ്.

"നിനക്കും നിന്റെ അനുചരന്മാർക്കും ഉത്തരവാദപ്പെട്ട ഭരണാധികാരികളിൽനിന്നും പരീക്ഷണം ഉണ്ടാകും. ആ പരീക്ഷണം വെറും ഭീഷണിമാത്രമായിരിക്കും. ഖുർആന്റെ സേവനം നിന്നിൽ അർപ്പിച്ച ആ അല്ലാഹുതന്നെ നിന്നെ വീണ്ടും ഖാദിയാനിൽ തിരിച്ചെത്തിക്കും. ഞാൻ എന്റെ മലക്കുകളിലൂടെ അപ്രതീക്ഷിതമായ സഹായങ്ങൾ നിനക്കു തന്നുകൊണ്ടിരിക്കും. എന്റെ സഹായം നിന്നിലേക്ക് എത്തിക്കൊണ്ടിരിക്കും. ഞാൻ പ്രതാപവാനും മഹത്വമുടയവനുമായ കരുണാമയനാകുന്നു." (തദ്ക്കിറ, പേജ്: 295)

ഹിജ്റത്ത് താൽക്കാലീകമാണെന്നുള്ളത് ഇതിൽ നിന്നും വ്യക്തമാണ്. ഹിജ്റത്തിനെ സംബന്ധിച്ചുള്ള പ്രവചനം പുലർന്നത് പോലെതന്നെ മടങ്ങിവരുമെന്നുള്ള പ്രവചനവും യഥാസമയം പൂർത്തിയാവുക തന്നെ ചെയ്യുന്നതാണ്.

## അദ്ധ്യായം-10

# അഹ്മദിയ്യാ ജമാഅത്തിന്റെ നിലവിലുള്ള സംവിധാനം

അഹ്മദിയ്യാ ജമാഅത്തിന്റെ സംവിധാനത്തെ നല്ലനിലയിൽ മുന്നോട്ടുകൊണ്ടു പോകുന്നതിന് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) വിവിധ വകുപ്പുകളും വ്യവസ്ഥിതികളുമായി തിരിച്ചിട്ടുണ്ട്. അവയിൽ ചിലത് ഇവയാണ്.

**സദ്ർ അഞ്ചുമൻ അഹ്മദിയ്യാ-** ജമാഅത്തിന്റെ ഏറ്റവും വലിയ സംവിധാനമാണിത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ആണ് ഇത് സ്ഥാപിച്ചത്. 1947ൽ ഇന്ത്യ പാക്ക് വിഭജനത്തിനുശേഷവും സദ്ർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാൻ മുമ്പത്തെപ്പോലെ തുടർന്നുകൊണ്ട് പോകുന്നു. അതിന്റെ കടമകൾ പൂർണ്ണ പരിശ്രമത്തോടും ആത്മാർഥതയോടും സധൈര്യം അത് നിർവ്വഹിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതുപോലെ പാക്കിസ്താനിൽ കേന്ദ്ര സദ്ർ അഞ്ചുമൻ അഹ്മദിയ്യ റബ്വ പാക്കിസ്ഥാൻ എന്ന പേരിൽ വേരെയും പ്രവർത്തിച്ചു വരുന്നു. ഖലീഫത്തുൽ മസീഹിന്റെ നിർദ്ദേശങ്ങളനുസരിച്ച് പാക്കിസ്താനിലെ അഹ്മദികളുടെ ശിക്ഷണം, വിദ്യാഭ്യാസം എന്നിവയ്ക്കും പ്രചാരണ പ്രവർത്തനങ്ങൾക്കും ആ സംഘടന നേതൃത്വം നൽകി വരുന്നു.

ഇന്ത്യൻ ജമാഅത്തുകളുടെ മേൽനോട്ടം വഹിക്കുന്നതും തബ്ലീഗ് പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നതും സദ്ർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാനാണ്. അതിൽ ഒരോ വകുപ്പിനായി പ്രത്യേകം നാസിർമാരുണ്ട്. അവരുടെ കീഴിൽ ഓരോ വകുപ്പിനും ജമാഅത്ത് ഭാരവാഹികളുമുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ പ്രവർത്തനവും വളരെ ഭംഗിയായി നടന്നു വരുന്നു.

ഇന്ത്യാ പാക്ക് വിഭജനത്തിനു ശേഷം സദ്ർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാന്റെ പ്രഥമ നാസിർ അഅ്ലാ ഹദ്റത്ത് മിർസാ ശരീഫ് അഹ്മദ് സാഹിബ് (റ) ന്റെ മകൻ ഹദ്റത്ത് സാഹിബ് സാദാ സഫർ അഹ്മദ് സാഹിബ് ആയിരുന്നു. അദ്ദേഹത്തിന് ശേഷം 1948 മാർച്ച് 5 മുതൽ ജനാബ് അൽഹാജ് അബ്ദുർറഹ്മാൻ സാഹിബ് ഫാസിൽ(റ) ആയിരുന്നു നാസിർ അഅ്ലായായി സേവനമനുഷ്ഠിച്ചിരുന്നത്. 1977ജനുവരി 21ന് അദ്ദേഹം വഫാത്തായപ്പോൾ ഖലീഫത്തുൽ മസീഹ് സാനി (റ)ന്റെ മകൻ സാഹിബ് സാദാ ഹദ്റത്ത് മീർസാ വസീം അഹ്മദ് സാഹിബ് നാസിർ അഅ്ലയായി. (അദ്ദേഹത്തിന്റെ വഫാത്തിനു ശേഷം മൗലാന മുഹമ്മദ് ഇനാം സാഹിബ് ഗോറിയാണ് ഇപ്പോഴത്തെ നാസിർ അഅ്ല. 2011 റിവ്യൂ കമ്മിറ്റി കേരള)

**നസാറത്ത് ഖിദ്മത്തെ ദർവേശാൻ-** വിഭജനാനന്തരം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ഖാദിയാനിലെ ദർവേസുമാരെ സഹായിക്കുന്നതിനും അവർക്കു പ്രയോജനമെത്തിക്കുന്നതിനും പാക്കിസ്താനിലുള്ള അവരുടെ ബന്ധുക്കളുടെ മേൽനോട്ടത്തിനുമായി ഏർപ്പെടുത്തിയ ഒരു സംവിധാനമാണ് നസാറത്ത് ഖിദ്മത്തെ ദർവേശാൻ. ഖമറുൽ അമ്പിയാ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)നെയാണ് പ്രഥമ നാസിർ ഖിദ്മത്തെ ദർവേശാനായി നിയമിച്ചത്. അദ്ദേഹത്തിന്റെ വഫാത്തിന് ശേഷം ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സഹാബിയും പൗത്രനും ഹദ്റത്ത് മിർസാ സുൽത്താൻ അഹ്മദ് സാഹിബ് (റ) ന്റെ മകനുമായ ഹദ്റത്ത് മിൻസാ അസീസ് അഹ്മദ് (റ) കുറേ കാലം ഇതിന്റെ സാരഥ്യം വഹിക്കുകയുണ്ടായി. അദ്ദേഹത്തിനു ശേഷം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) തന്റെ അവസാന കാലത്ത് ഹദ്റത്ത് സാഹിബ് സാദാ മിർസാ നാസിർ അഹ്മദ് സാഹിബിനെ (ഖലീഫത്തുൽ മസീഹ് സാലിസ്) നിയമിച്ചു. ഖലീഫത്തുൽ മസീഹ് സാലിസ് ഖലീഫ ആയതിനു ശേഷം ഹദ്റത്ത് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബ് (റ)ന്റെ മകൻ ഹദ്റത്ത് മീർ ദാവൂദ് അഹ്മദ് സാഹിബിനെ നാസിർ ഖിദ്മത്തെ ദർവേശാനായി നിയമിച്ചു.

**അഞ്ചുമൻ അഹ്മദിയ്യ തഹ്രീകെ ജദീദ്:-** ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇസ്ലാംമത പ്രചരണ പ്രവർത്തനങ്ങൾ

ശക്തിപ്പെടുന്നതിന് വേണ്ടി 1934-ൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) അടിത്തറയിട്ട മഹത്തായ പദ്ധതിയാണ് തഹ്‌രീകെ ജദീദ്. അഹ്മദിയ്യാ ജമാഅത്തിനെ ഈ ലോകത്ത്നിന്നും തുടച്ച് നീക്കുന്നതാണെന്ന വീരവാദവുമായി അഹ്‌രാറി പ്രസ്ഥാനം ശക്തമായി രംഗത്തു വന്നപ്പോൾ ഈ പദ്ധതി സ്ഥാപിച്ചുകൊണ്ട് ആഗോള വ്യപകമായ മിഷണറി പ്രവർത്തനത്തിനുള്ള സമാരംഭംകുറിക്കുകയാണ് അദ്ദേഹം ചെയ്തത്.

ഖാദിയാനിൽ **അഞ്ചുമൻ തഹ്‌രീഖ് ജദീദ്** എന്ന പേരിൽ ഇത് പ്രവർത്തിച്ചു വരുന്നു. ഇതുകൂടാതെ 1947 നുശേഷം പാക്കിസ്താനിൽ തഹ്‌രീഖ് ജദീദ് **അഞ്ചുമൻ അഹ്മദിയ്യ റബ്‌വ പാക്കിസ്താൻ** എന്ന പേരിൽ അവിടെയും പ്രവർത്തിച്ചു വരുന്നുണ്ട്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമന്റെ നിർദ്ദേശമനുസരിച്ച് ഇന്ത്യക്കു പുറത്തുള്ള തബ്‌ലീഗ് പ്രവർത്തനങ്ങളെല്ലാം നടത്തുന്നത് അഞ്ചുമൻ തഹ്‌രീഖ് ജദീദ് പാക്കിസ്താനാണ്. ഒരോ വർഷവും തഹ്‌രീഖ് ജദീദ് എന്ന പേരിൽ ചന്ദ പിരിക്കാറുണ്ട്. അതുമുഖേന ഇസ്‌ലാമിലെ മുബല്ലിഗുമാരെ തയ്യാറാക്കുന്നു. അവർ തങ്ങളുടെ ജീവിതം ഇസ്‌ലാമിനുവേണ്ടി സമർപ്പിക്കുന്നു. അവർ ഹുസൂറിന്റെ എല്ലാ കല്പനകളും അനുസരിക്കുന്നു. ഈ പ്രസ്ഥാനം ലോകത്തുള്ള വിവിധ ഭാഷകളിൽ വിശുദ്ധ ഖുർആന്റെ തർജമ പ്രസിദ്ധീകരിക്കുന്നു. ഇപ്പോൾ ഈ അഞ്ചുമന്റെ കീഴിൽ ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ മുബല്ലിഗുമാർ പ്രവർത്തിച്ചു വരുന്നു. ഉദാഹരണമായി ആഫ്രിക, അമേരിക്ക, ഇംഗ്ലണ്ട്, ജർമനി, സ്വിക്സർലാന്റ്, സ്പെയിൻ, ഹോളണ്ട്, ഇന്റോനേഷ്യ, സിങ്കപ്പൂർ, ബർമ്മ തുടങ്ങിയവ. ഈ നാടുകളിൽ തബ്‌ലീഗ് പ്രവർത്തനത്തോടൊപ്പം മസ്ജിദുകളും നിർമ്മിക്കുന്നുണ്ട്. ലോകത്തുള്ള മുസ്‌ലീം വിഭാഗങ്ങളിൽ അഹ്മദി മുസ്‌ലീങ്ങൾ മാത്രമാണ് ലോകം മുഴുവനും ഇസ്‌ലാമിക പ്രബോധനം നടത്തിക്കൊണ്ടിരിക്കുന്നത്.

1947 വരെ പ്രത്യേകിച്ച് ഖലീഫത്തുൽ മസീഹ് രണ്ടാമന്റെ കാലത്ത് അഹ്മദിയ്യാ ജമാഅത്ത് ഖാദിയാൻ മുഖേനയാണ് ലോകം മുഴുവനും അഹ്മദിയ്യാ ജമാഅത്ത് വ്യാപിച്ചത്. എന്നാൽ 1947 ന് ശേഷം സ്ഥിതികളെല്ലാം മാറിമറിഞ്ഞു. ഇപ്പോൾ പാക്കിസ്താനിൽ നിന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക്

നമ്മുടെ മുബല്ലിഗുമാർ പോകുന്നുണ്ട്. ഇതേപോലെ ഇന്ത്യയിൽ സദ്ർ അഞ്ചുമന്റെ മേൽനോട്ടത്തിൽ ഇന്ത്യയിലെ കോണുകളോളം ഇസ്‌ലാമിന്റെ നാമം മുഴങ്ങിക്കൊണ്ടിരിക്കുകയാണ്. എല്ലാവരെയും തൗഹീദിലേക്ക് ക്ഷണിച്ചുകൊണ്ടിരിക്കുകയാണ്. കശ്മീർ മുതൽ കന്യാകുമാരിവരെയും കൽകത്ത മുതൽ ബോംബെ വരെയും കേരള തീരങ്ങൾവരെയും അഹ്മദീ പ്രവർത്തകരും മുബല്ലിഗുമാരും അല്ലാഹുവിന്റെ ദീനിന്റെ പ്രചാരണം നടത്തിക്കൊണ്ടിരിക്കുകയാണ്.

**അഞ്ചുമൻ അഹ്മദിയ്യാ വഖഫെ ജദീദ്:-** 1958-ൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ആണ് ഈ പദ്ധതിക്കും അടിത്തറ പാകിയത്. ഈ സംവിധാനത്തിന് കീഴിൽ ഗ്രാമപ്രദേശങ്ങളിലെല്ലാം ജമാഅത്തിന്റെ ശിക്ഷണവും പ്രചരണപരവുമായ പ്രവർത്തനങ്ങൾ ഭംഗിയായ നിലയിൽ നടന്നു കൊണ്ടിരിക്കുന്നു. ഇന്ത്യയിൽ വഖ്ഫ് ജദീദ് അഞ്ചുമൻ അഹ്മദിയ്യാ ഭാരത് എന്ന പേരിലാണ് ഇത് പ്രവർത്തിക്കുന്നത്. ഈ സംഘടനയുടെ കീഴിൽ മുഅല്ലിമീങ്ങൾ തബ്‌ലീഗ്, തർബിയ്യത്ത്, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ എന്നിവ ചെയ്തുകൊണ്ടിരിക്കുന്നു.

## അഹ്മദിയ്യാ ജമാഅത്തിന്റെ അഭ്യന്തര സംവിധാനം

ജമാഅത്തിലെ എല്ലാ വിഭാഗങ്ങളിൽപ്പെട്ടവർക്കും ശരിയാംവിധം ശിക്ഷണം ലഭിക്കുന്നതിനും പ്രവർത്തന സൗകര്യത്തിനുമായി വ്യത്യസ്ത സംവിധാനങ്ങളുണ്ട്.

**മജ്‌ലിസ് അൻസാറുല്ലാഹ്:-** ജമാഅത്തിലെ ഒരു കീഴ്ഘടകമാണിത്. 40 വയസ്സിന് മുകളിലുള്ള പുരുഷ ജമാഅത്തി സംഘടനയാണ് മജ്‌ലിസ് അൻസാറുല്ലാഹ് അവരുടെ വൃത്തത്തിൽ നിന്നു കൊണ്ട് വിവിധതരം കർമ്മ പദ്ധതികൾ ചെയ്തുകൊണ്ടിരിക്കുന്നു. 1940-ലാണ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ഇതിന് രൂപം നൽകുന്നത്.

**മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ:-** 15 മുതൽ 40 വരെ പ്രായമുള്ള ജമാഅത്തിലെ യുവാക്കളുടെ സംഘടനയാണ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ. 1938-ലാണ് ഹദ്റത്ത് മുസ്‌ലിഹ്

മൗഊദ് (റ) ഈ സംഘടന സ്ഥാപിച്ചത്. മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ അവരുടെ പ്രവർത്തന രൂപരേഖ അനുസരിച്ച് ശിക്ഷണപരവും വൈജ്ഞാനികപരവും പ്രചരണപരവുമായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു.

**അത്ഫാലുൽ അഹ്മദിയ്യാ-** ജമാഅത്തിലെ 7 മുതൽ 15 വരെ പ്രായമുള്ളവരുടെ ബാലസംഘടനയാണ് അത്ഫാലുൽ അഹ്മദിയ്യാ. ഖുദ്ദാമുൽ അഹ്മദിയ്യായുടെ മേൽനോട്ടത്തിൽ ഇത് പ്രവർത്തിക്കുന്നു.

**ലജ്നാ ഇമാഇല്ലാഹ്-** സ്ത്രീകൾ സമുദ്ധരിക്കപ്പെടാതെ സമൂഹപുരോഗതി അസാദ്ധ്യമാണെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) 1922-ൽ ജമാഅത്തിലെ സ്ത്രീകൾക്കായി രൂപം കൊടുത്ത സംഘടനയാണ് ലജ്ന ഇമാഇല്ലാഹ്. ഈ സംഘടന മുഖേന ജമാഅത്തിലെ സ്ത്രീകൾക്കും വിവധ തരത്തിൽ ദീനീ സേവനം ചെയ്യാനുള്ള സൗഭാഗ്യം ലഭിച്ചു കൊണ്ടിരിക്കുന്നു. സ്ത്രീകളുടെ വിദ്യാഭ്യാസം, ശിക്ഷണം എന്നീ പ്രവർത്തനങ്ങൾ ഈ സംഘടനമുഖേന ചെയ്തുവരുന്നു. വർഷത്തിൽ ഖാദിയാനിൽ വെച്ച് ഇവരുടെ വാർഷിക ഇജ്തിമാഅ് നടക്കാറുണ്ട്.

**നാസിറാത്തുൽ അഹ്മദിയ്യാ-** ലജ്നാ ഇമാഇല്ലായുടെ കീഴിൽ പ്രവർത്തിക്കുന്ന 7 മുതൽ 15 വയസ്സു വരെ പ്രായമുള്ള ബാലികമാർക്കായി രൂപീകരിക്കപ്പെട്ട സംഘടനയാണ് നാസിറാത്തുൽ അഹ്മദിയ്യാ. പെൺകുട്ടികൾക്ക് ശിക്ഷണം നൽകുക, അവർക്ക് ഉത്തമ സ്വഭാവഗുണങ്ങൾ പഠിപ്പിക്കുക എന്നിവ ഈ സംഘടന മുഖേന നടന്നു വരുന്നു. അഹ്മദി കുട്ടികളുടെ മീറ്റിങ്ങുകളും ഇതിന്റെ കീഴിൽ നടത്തി വരുന്നു. അതിൽ പ്രസംഗം, പദ്യ പാരായണം, ദീനീ അറിവ് വർദ്ധിപ്പിക്കാനുള്ള മറ്റു പ്രവർത്തനങ്ങൾ എന്നിവ നടത്താറുണ്ട്. കുട്ടുകളുടെ പരീക്ഷയും നടത്താറുണ്ട്. അതിൽ ഉന്നത സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്ക് സമ്മാനവും നൽകുന്നു.

## അദ്ധ്യായം-11

## അഹ്മദിയ്യാ പ്രസ്ഥാനവുമായി ബന്ധപ്പെട്ട സുപ്രധാന ചരിത്രസംഭവങ്ങൾ

1835 ഫെബ്രുവരി 13: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജനനം

1876 : ഖാദിയാനിലെ മസ്ജിദ് അഖ്സയുടെ നിർമ്മാണം

1882 മാർച്ച് : ദൈവ നിയോഗത്തെ കുറിച്ചുള്ള ആദ്യത്തെ വെളിപാട്

1889 മാർച്ച 23 : ലുധിയാനയിൽവെച്ച് ആദ്യത്തെ ബൈഅത്ത്

1889 ജനുവരി 12 : ഖലീഫത്തുൽ മസീഹ് സാനി(റ)ന്റെ ജനനം

1891 ഡിസമ്പർ : ആദ്യത്തെ വാർഷിക ജൽസ

1898 : തഅ്ലീമുൽ ഇസ്ലാം ഹൈസ്കൂളിന്റെ സ്ഥാപനം

1903 മാർച്ച് : മിനാരത്തുൽ മസീഹിന് അടിസ്ഥാനമിട്ടു.

1906 : മദ്രസ്സ അഹ്മദിയ്യയുടെ സ്ഥാപനം

1908 മെയ് 26 : ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിയോഗം ലാഹോറിൽവെച്ച്

1908 മെയ് 27 : അഹ്മദിയ്യാ ജമാഅത്തിൽ ഖിലാഫത്തിന്റെ തുടക്കം.

1909 നവമ്പർ 16 : മൂന്നാം ഖലീഫ ഹദ്റത്ത് നാസിർ അഹ്മദ് (റ:അ)ന്റെ ജനനം

1913 ജൂൺ 19: അൽഫസൽ പത്രം ആരംഭിച്ചു.

1914 മാർച്ച 13 : ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഒന്നാമന്റെ വിയോഗം.

1914 മാർച്ച 14 : ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമന്റെ തിരഞ്ഞെടുപ്പ്.

1922 : മജ്ലിസ് **മുശാവറ** യുടെ ആരംഭം.

1922 : ലജ്ന ഇമായില്ലാഹ് സ്ഥാപിതമായി.

1924 : ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമന്റെ ആദ്യത്തെ യൂറോപ്യൻ പര്യടനം.

1938 : ഖുദ്ദാമുൽ അഹ്മദിയ്യായുടെ സ്ഥാപനം

1939 : ഖിലാഫത്ത് രജത ജൂബിലി.

1940 : അൻസാറുല്ലായുടെ സ്ഥാപനം.

1947 : ഖാദിയാനിൽ നിന്നും ഹിജ്റത്ത് നടത്തി.

1948 സെപ്തമ്പർ 20: റബ്വയിൽ അഹ്മദിയ്യാ ജമാഅത്തിന്റെ പുതിയ കേന്ദ്രത്തിന് അടിത്തറയിട്ടു.

1965 നവമ്പർ 8 : ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനിയുടെ വേർപാട്.

1965 നവമ്പർ 8 : ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനിയുടെ വേർപാട്. മൂന്നാം ഖിലാഫത്തിന്റെ ആരംഭം

1967 ജൂലായ് 6 മുതൽ ആഗസ്ത് 24 വരെ: ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസിന്റെ യൂറോപ്യൻ പര്യടനം

1967 ജൂലൈ 21: ഡൻമാർക്കിലെ കോപ്പൻ ഹേഗിലുള്ള നുസ്റത്ത് ജഹാൻ പള്ളിയുടെ ഉദ്ഘാടനം.

1970 ഏപ്രിൽ 4: ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസിന്റെ ചരിത്രപരമായ പശ്ചിമാഫ്രിക്കൻ പര്യടനം

1971 ഒക്ടോബർ 13 : ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) റബ്വയിലെ ഖിലാഫത്ത് ലൈബ്രറി ഉദ്ഘാടനം ചെയ്തു.

1972 മാർച്ച് 31 : ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമൻ റബ്വയിൽ മസ്ജിദ് അഖ്സയുടെ അതിവിശാലമായ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

1973 ഫെബ്രുവരി 18 : ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമൻ റബ്വയിൽ പുതിയ പ്രിന്റിങ് പ്രസ്സിന് തറക്കല്ലിട്ടു.

1973 ജൂലായ് 13 മുതൽ സെപ്തമ്പർ 26 വരെ : ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് യൂറോപ്യൻ രാജ്യങ്ങളായ ഹോളണ്ട്, സ്വിറ്റ്സർലാന്റ്, ജർമ്മനി, ഡെൻമാർക്ക്, ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങളിൽ പര്യടനം നടത്തി.

1975 ആഗസ്ത് 15 മുതൽ ഒക്ടോബർ 29 വരെ : ഹദ്റത്ത്

ഖലീഫത്തുൽ മസീഹ് സാലിസിന്റെ യൂറോപ്യൻ പര്യടനം.

1975 സെപ്തമ്പർ 27 : ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമൻ യൂറോപ്യൻ പര്യടനവേളയിൽ സ്വീഡനിലെ ഗോട്ടൻബർഗിൽ ആദ്യത്തെ പള്ളിയുടെ തറക്കല്ലിട്ടു.

1976 മാർച്ച 4 : ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) റബ്വയിലെ സദ്ർഅഞ്ചുമൻ അഹ്മദിയ്യായുടെ ഗസ്റ്റ് ഹൗസിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

1976 ജൂലായ് 30 മുതൽ ഒക്ടോബർ 20 വരെ : ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് അമേരിക്ക, കനഡ, യൂറോപ്പ് തുടങ്ങിയ രാജ്യങ്ങളിൽ ചരിത്രപ്രധാനമായ പര്യടനം നടത്തി.

1976 ആഗസ്ത് 25 : ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് യൂറോപ്യൻ പര്യടനവേളയിൽ സ്വീഡനിലെ ഗോട്ടൻബർഗിലുള്ള മസ്ജിദ് നാസറിന്റെ ഉദ്ഘാടനം നിർവഹിച്ചു.

1978 ജൂൺ 2 മുതൽ 4 വരെ : ലണ്ടനിലെ അന്താരാഷ്ട്ര 'കസ്റെ സലീബ്' കോൺഫറൻസ്.

1980 ഒക്ടോബർ 9 : ഹജ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമൻ 700 കൊല്ലത്തിനുശേഷം സ്പെയിനിൽ മസ്ജിദ് ബിശാറത്തിന് തറക്കല്ലിട്ടു.

1982 ജൂൺ 8 : ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമൻ വഫാത്തായി.

1982 ജൂൺ 10 : സയ്യിദുനാ ഹദ്റത്ത് മിർസാ താഹിർ അഹ്മദ് സാഹിബ് നാലാം ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ടു.

(1928 ഡിസമ്പർ 18 ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമന്റെ ജനനം)

1982 സെപ്തമ്പർ 10 : ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ സ്പെയിനിലെ ബിശാറത്ത് പള്ളി ഉദ്ഘാടനം ചെയ്തു.

1983 സെപ്തമ്പർ 30 : ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ആസ്ത്രേലിയയിലെ ആദ്യത്തെ അഹ്മദിയ്യാ പള്ളിയായ മസ്ജിദ് 'ബൈത്തുൽ ഹുദാ' യുടെ തറക്കല്ലിട്ടു.

1983 സെപ്തമ്പർ 8 മുതൽ ഒക്ടോബർ 13 വരെ : ഹദ്റത്ത്

ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) വിദൂര പൂർവ്വ ദേശ പര്യടനം.

1984 ഏപ്രിൽ 30 : ഹദ്റത്ത് റാബിഅ്ന്റെ ലണ്ടനിലേക്കുള്ള ഹിജ്റത്ത്.

1986 സെപ്തമ്പർ 20 : ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) കാനഡയിലെ ആദ്യത്തെ അഹ്മദിയ്യാ പള്ളിക്ക് തറക്കല്ലിട്ടു.

### അദ്ധ്യായം-12

## വിശുദ്ധഖുർആനിലെ ചില സുപ്രധാന പാഠങ്ങൾ

1. അല്ലാഹു ഏകനാണ്. അവനെ മാത്രം ആരാധിക്കുകയും അവനോട് മാത്രം സഹായം അഭ്യർത്ഥിക്കുകയും ചെയ്യുക.

2. അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും എല്ലാ ആജ്ഞകളും അനുസരിക്കുക.

3. മാതാപിതാക്കളെ ബഹുമാനിക്കുകയും അവരെഅനുസരിക്കുകയും ചെയ്യുക.

4.തെറ്റുകൾക്കും പാപങ്ങൾക്കും അല്ലാഹുവിനോട് പൊറുക്കലിനെ തേടുക.

5. പ്രയാസങ്ങളിലും ആപൽസമയങ്ങളിലും ക്ഷമയോടെ പ്രവർത്തിക്കുക.

6. വാഗ്ദാനങ്ങൾ പൂർത്തീകരിക്കുക.

7. എല്ലാ മുസ്ലിംകളും സഹോദരന്മാരാണ്. ആരെയും ചെറുതായി കാണാതിരിക്കുക.

8. പരസ്പരം കലഹവും സ്പർദ്ദയും ഉണ്ടാവരുത്. ഐക്യത്തോടെ പ്രവർത്തിക്കുക.

9. അല്ലാഹു തന്ന അനുഗ്രഹങ്ങൾക്ക് അവനോട് നന്ദി പ്രകടിപ്പിക്കുക.

10. ഇസ്ലാമിനെ ലോകം മുഴുവൻ പ്രചരിപ്പിക്കുന്നതിന്നായി പരിശ്രമിക്കുക

## പ്രധാന നബിവചനങ്ങൾ

1. അതിരാവിലെ ഉറക്കമുണരുക. ഇത് ശ്രേഷ്ഠമായ പുണ്യകർമ്മമാണ്.

2. ഏതൊരാളെ അല്ലാഹു നിന്ദ്യനാക്കാൻ ആഗ്രഹിക്കുന്നുവോ അവൻ ജ്ഞാനത്തിൽ നിന്ന് അകറ്റപ്പെടുന്നു.

3. നിങ്ങൾ ആരിൽ നിന്നാണോ വിദ്യ അഭ്യസിച്ചത് അവരെ ബഹുമാനിക്കുക.

4. മാതാപിതാക്കളുടെ ആജ്ഞകൾ അനുസരിക്കാത്തവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല.

5. സ്വർഗ്ഗം മാതൃപാദത്തിൻ കീഴിലാണ്.

6. മൂത്ത സഹോദരന്റെ സ്ഥാനം പിതാവിന് തുല്യമാണ്.

7. സംഭാഷണം ആരംഭിക്കുന്നതിന് മുമ്പ് നിർബന്ധമായും സലാം പറയുക.

8. ഭക്ഷണം കഴിക്കാനിരിക്കുമ്പോൾ 'ബിസ്മില്ലാഹ്' എന്ന് ചൊല്ലുക.

9. ഇടതു കൈകൊണ്ട് ഭക്ഷിക്കുന്നയാളുടെകൂടെ ശൈത്താനും ഭക്ഷണം കഴിക്കുന്നു.

10.വഴിയിൽ ബുദ്ധിമുട്ടുണ്ടാക്കുന്ന വസ്തുക്കൾ കണ്ടാൽ അതിനെ അവിടെ നിന്നും മാറ്റുക.

11. ഒരു മൃഗത്തിനെയും വേദനിപ്പിക്കരുത്.

12. സത്യം മോക്ഷവും കളവ് നാശവും തരുന്നു.

13. സ്വന്തം തെറ്റുകൾ അംഗീകരിക്കുന്നതിൽ ആശങ്ക കാണിക്കരുത്.

14. വൃത്തിയിൽ ജീവിക്കുക. കാരണം ഇസ്ലാം വിശുദ്ധിയുടെ മതമാകുന്നു.

## വാഗ്ദത്ത മസീഹിന്റെ ചില ഉപദേശങ്ങൾ

1. ബാഹ്യമായി ഞങ്ങൾ ബൈഅത്ത് ചെയ്തിരിക്കുന്നുവെന്നതിൽ സംതൃപ്തരാകരുത്. ബാഹ്യം ഒന്നുമല്ല. അല്ലാഹു മനസ്സിനെയാണ് ശ്രദ്ധിക്കുന്നത്. അതനുസരിച്ചാണ് നീ ചോദ്യം ചെയ്യപ്പെടുന്നത്.

2. പാപം വിഷമാണ്. അതു ഭക്ഷിക്കരുത്. അല്ലാഹുവിനെ അനുസരിക്കാതിരിക്കൽ ഒരു നിന്ദ്യമായ മരണമാണ്. അതിൽ നിന്ന് രക്ഷതേടുക.

3. കളവും വഞ്ചനയും വെടിയാത്തവൻ എന്റെ ജമാഅത്തിൽ പെട്ടവനല്ല.

4. അഞ്ചുനേര നമസ്കാരം കൃത്യമായി അനുഷ്ഠിക്കാത്തവൻ എന്റെ ജമാഅത്തിൽ പെട്ടവനല്ല.

5. സ്വന്തം മാതാപിതാക്കളെ ബഹുമാനിക്കാത്തവൻ, അവരെ സേവിക്കാത്തവൻ എന്റെ ജമാഅത്തിൽ പെട്ടവനല്ല.

## ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)ന്റെ ചില പ്രധാന നിർദ്ദേശങ്ങൾ

### നമസ്കാരം ഒരിക്കലും ഉപേക്ഷിക്കരുത്:

ഏതൊരു വ്യക്തിയാണോ നമസ്കാരം ഉപേക്ഷിക്കുന്നത് അവർക്ക് ഒരിക്കലും ഈമാനോടുകൂടിയ മരണം ഉണ്ടാവുകയില്ല എന്ന് അവരെ ബോധ്യപ്പെടുത്താൻ ആഗ്രഹിക്കുന്നു. ....നമസ്കാരം ഉപേക്ഷിക്കുക എന്നത് നിസ്സാര കാര്യമല്ല. തോന്നുമ്പോൾ നമസ്കരിക്കുകയും തോന്നുമ്പോൾ ഉപേക്ഷിക്കുകയും ചെയ്യുന്നവർ ഒരാചാരമെന്ന നിലയിലും മറ്റുള്ളവരെ കാണിക്കുന്നതിനുമാണ് നമസ്കരിക്കുന്നത്.

### ഒരഹ്മദിയും സിനിമ കാണരുത്

സിനിമ, സർക്കസ്, തിയേറ്റർ തുടങ്ങിയ സ്ഥലങ്ങളിൽ പോകരുതെന്ന് ഞാൻ ജമാഅത്തിനോട് ആജ്ഞാപിക്കുകയാണ്. ഇവയിൽ നിന്നും പൂർണ്ണമായും വിട്ടുനിൽക്കുക. എന്നോട് ചെയ്ത ബൈഅത്തിനെ വിലമതിക്കുന്ന ആത്മാർഥരായ അഹ്മദികൾക്ക് സിനിമയോ മറ്റു തമാശകളോ സ്വയം കാണുന്നതും മററുള്ളവരെ കാണിക്കുന്നതും അനുവദനീയമല്ല. സിനിമയെ സംബന്ധിച്ച് എന്റെ അഭിപ്രായം അത് ദോഷകരമായ ഒന്നാണ്. ഇക്കാലത്തെ സിനിമ കാണുന്നത് രാജ്യത്തിനും അതിന്റെ ധാർമ്മികതയ്ക്കും വിനാശകരമാകുന്നു.

## അദ്ധ്യായം-13

## ഇസ്‌ലാം മതത്തിന്റെ ഏറ്റവും വലിയ ഒരു മഹത്വം

ഏതൊരു മാർഗ്ഗത്തിലൂടെ ചലിച്ചു കൊണ്ട് നമുക്ക് ദൈവത്തിലേക്കെത്തിച്ചേരാൻ സാധിക്കുന്നുവോ ആ മാർഗ്ഗത്തിനാണ് മതം എന്നു പറയുന്നത്. അഥവാ നമ്മെ സൃഷ്ടിച്ചു പാലിക്കുന്നവനായ ദൈവത്തെ നാം തൃപ്തിപ്പെടുത്തുകയും അവനെ നമ്മുടെ സ്നേഹിതനും സഹായിയുമായി തീർക്കുകയും ചെയ്യണം.

ലോകത്ത് നിരവധി മതങ്ങളുണ്ടെന്നത് നിങ്ങൾക്കറിയാമല്ലോ. ഉദാഹരണത്തിന് കൃസ്തുമതം,ഹിന്ദുമതം, ജൂതമതം, ബുദ്ധമതം മുതലായവ. ഈ എല്ലാ മതങ്ങളും മനുഷ്യനെ ദൈവത്തിലേക്കെത്തിക്കുന്നതാണെന്ന വാദമുന്നയിക്കുന്നു. എന്നാൽ ദൈവവുമായി സമ്പർക്കം സ്ഥാപിക്കുന്നതിനുള്ള സുദൃഢവും യഥാർത്ഥവുമായ ദൃഷ്ടാന്തങ്ങൾ ഇസ്‌ലാമിൽ മാത്രമാണ് കാണപ്പെടുന്നത്. മറ്റു മതാനുയായികൾ തങ്ങളുടെ മതം നല്ലതും അതു മുഖേന ദൈവവുമായി ബന്ധം സ്ഥാപിതമാകുന്നതുമാണെന്ന വാദമുന്നയിക്കുന്നുണ്ടെങ്കിലും അതോടൊപ്പം തന്നെ അവർ പറയുന്നത്, മുൻകാലങ്ങളിൽ ദൈവം തന്റെ പ്രീതദാസരോട് സംസാരിക്കുകയും അവർക്കുത്തരം നൽകുകയും അടയാളങ്ങൾ കാണിക്കുകയും ചെയ്തിരുന്നു. പക്ഷേ, ഇക്കാലത്ത് അവൻ തന്റെ ദാസരോട് സംസാരിക്കുന്നതും അവർക്കുത്തരം നൽകുന്നതും നിർത്തലാക്കിയിരിക്കുന്നുവെന്നാണ്.

എന്നാൽ ഇതിനെതിരിൽ നമ്മുടെ മതമായ ഇസ്‌ലാം പറയുന്നത് നമ്മുടെ ദൈവം മുമ്പ് സംസാരിച്ചിരുന്നതു പോലെ ഇപ്പോഴും സംസാരിക്കുന്നു. അവൻ തന്റെ ദാസരുടെ പ്രാർഥനകൾ കേൾക്കുകയും അവർക്കായി തന്റെ അടയാളങ്ങളും അത്ഭുതദൃഷ്ടാന്തങ്ങളും ചെയ്തു കൊണ്ടിരിക്കുന്നു എന്നാണ്.

ഇക്കാലത്ത് അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരായ

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) ഇസ്ലാമിന്റെ ഉന്നത മായ ഈ മഹിമാവിലാസം ലോകസമക്ഷം പ്രത്യേകം ഊന്നി പറയുകയുണ്ടായി. അദ്ദേഹം പറയുകയാണ്, അല്ലയോ കേൾക്കു ന്നവരേ , നമ്മുടെ ദൈവം മുമ്പ് ജീവിച്ചിരുന്നത് പോലെ ഇപ്പോഴും ജീവിച്ചിരിക്കുന്നവനാണ്. അവൻ മുമ്പ് സംസാരിച്ചി രുന്നതുപോലെ ഇപ്പോഴും സംസാരിക്കുന്നു. മുമ്പ് കേട്ടിരുന്ന തുപോലെ ഇപ്പോഴും കേൾക്കുന്നവനാണ്. ഇക്കാലത്ത് അവൻ കേൾക്കുന്നുണ്ടെങ്കിലും സംസാരിക്കുന്നില്ലെന്നത് വ്യർത്ഥ വിച ാരമാകുന്നു. അവൻ കേൾക്കുകയും സംസാരിക്കുകയും ചെയ്യു ന്നവനാകുന്നു. അതിനാൽ നല്ലവണ്ണം ഓർത്തു കൊള്ളുക, ഇസ്ലാം ജീവനുള്ള ദൈവത്തെ അവതരിപ്പിക്കുന്നു എന്നകാ രണത്താലാണ് നാം ഇസ്ലാം മതം സ്വീകരിച്ചത്. അതുതന്നെ യാണ് ഇസ്ലാമിന്റെ ഏറ്റവും വലിയ മഹത്വവും.

ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) ഉം അവി ടുത്തെ ഖുലഫാക്കളും മുഖേന അവൻ ആയിരക്കണക്കിനുള്ള അത്ഭുത ദൃഷ്ടാന്തങ്ങൾ വെളിപ്പെടുത്തുകയുണ്ടായി. ഇന്നും മുസ്ലിംകൾ സത്യഹൃദയത്തോടെ സ്വപരിവർത്തനത്തിനായി യത്നിക്കുകയും അതോടൊപ്പം അവനോട് പ്രാർത്ഥിക്കുകയും ചെയ്യുകയാണെങ്കിൽ ദൈവം തീർച്ചയായും അവരുടെ അർത്ഥ നകൾ ശ്രവിക്കുകയും അവർക്കായി അടയാളങ്ങൾ കാണിക്കു കയും ചെയ്യുന്നതാണ്.

അഹ്മദി കുട്ടികളെ, നിങ്ങളിൽ ഓരോരുത്തരും തങ്ങ ളുടെ രക്ഷിതാവുമായി ബന്ധം സ്ഥാപിക്കുന്നതിന് പരിശ്രമി ച്ചുകൊണ്ടിരിക്കേണ്ടതാണ്. നിങ്ങൾ അധികമായി അവനോട് പ്രാർത്ഥിച്ചുകൊണ്ടിരിക്കുക. തങ്ങളുടെ എല്ലാ ആവശ്യങ്ങളും അവനോട് ചോദിക്കേണ്ടതാണ്. നിങ്ങൾ അപ്രകാരം ചെയ്യുന്ന പക്ഷം തീർച്ചയായും നിങ്ങളുടെ പ്രാർത്ഥനകൾ ദൈവം കേൾക്കുന്നതും നിങ്ങളുടെ പരിദേവനങ്ങൾക്ക് മറുപടി നൽകു ന്നതുമാണ്. നിങ്ങൾക്കായി അവന്റെ പല അടയാളങ്ങളും വെളി പ്പെടുത്തുന്നതുമായിരിക്കും.

## അദ്ധ്യായം-14

# അഹ്മദി കുട്ടികളുടെ സ്ഥാനം

അഹ്മദി കുട്ടികളേ! നിങ്ങളുടെ പദവിയും സ്ഥാനവും എന്താണെന്ന് നിങ്ങൾ എപ്പോഴെങ്കിലും ആലോചിച്ചിട്ടുണ്ടോ ? നിങ്ങൾ മുസ്ലിം കുട്ടികളാണ്. അതായത് ഇസ്ലാമിനെ അംഗീകരിക്കുന്നവരും ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയുടെ അനുയായികളുമാണ്. ഇസ്ലാം ലോകത്തിലെ എല്ലാ മതങ്ങളെക്കാളും ഉപരി നല്ലതും, വിശിഷ്ടപ്പെട്ടതും, പൂർണ്ണവുമായ മതമാണ്. ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) പ്രവാചക ശ്രേഷ്ഠനും ഉന്നതസ്ഥാനീയനുമാണ്. ഏറ്റവും ശ്രേഷ്ഠമായ മതത്തെ അംഗീകരിക്കുകയും ഏറ്റവും ശ്രേഷ്ഠനായി നബിയുടെ അനുയായിയാവുകയും ചെയ്തതിലൂടെ തീർച്ചയായും നിങ്ങളുടെ പ്രവൃത്തിയും സ്വഭാവവും ലോകത്തിലെ മറ്റെല്ലാ കുട്ടികളേക്കാളും മികവുറ്റതാണ്. നിങ്ങൾ കേവലം മുസ്ലിം കുട്ടികൾ മാത്രമല്ല മറിച്ച് അഹ്മദീ മുസ്ലിം കുട്ടികളുമാകുന്നു. അഹ്മദിയാണ് എന്നതിലൂടെ നിങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്നത് മറ്റെല്ലാ മുസ്ലിം കുട്ടികളേക്കാളും നിങ്ങൾ ഇസ്ലാമിന്റെ എല്ലാ ആജ്ഞകളെയും ശിരസ്സാ വഹിക്കുന്നവരും അത് പ്രാവർത്തികമാക്കുന്നവരുമാണ് എന്നതുമാണ്. ഇക്കാരണത്താൽ നിങ്ങളുടെ സ്ഥാനവും പദവിയും ഒന്നുകൂടെ ഉയർന്നതാണ്.

ഒരു മഹാനായ മുസ്ലിം പണ്ഡിതനാണ് ഹദ്റത്ത് ഇമാം അബൂ ഹനീഫ(റ). ഒരു ദിവസം അദ്ദേഹം വൃത്തിഹീനമായ ഒരു തെരുവിലൂടെ സഞ്ചരിക്കുകയായിരുന്നു. ഒരു കുട്ടി അശ്രദ്ധനായി ചെളിയിലൂടെ നടക്കുന്നത് അദ്ദേഹം കാണാനിടയായി. അദ്ദേഹം പറഞ്ഞു. കുട്ടീ, അവിടെ ചെളിയാണ്. കുറച്ച് ശ്രദ്ധിച്ച് നടക്കുക. അല്ലെങ്കിൽ നീ കാൽ വഴുതി അതിലേക്ക്

വീഴും. ഉടൻ കുട്ടി മറുപടി പറഞ്ഞു.: ശരി, ഞാൻ ശ്രദ്ധിച്ചു നടന്നുകൊള്ളാം. പക്ഷെ താങ്കൾ എന്നെക്കാൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ ഞാൻ വീണാൽ നഷ്ടം എനിക്കുമാത്രമാണ്. എന്നാൽ താങ്കൾ വീണുകഴിഞ്ഞാൽ അത് മുഴുസമുദായത്തിനും ബാധിക്കുന്നതാണ്. കുട്ടിയുടെ അവസരോചിതവും അർത്ഥഗർഭവുമായ ഈ മറുപടിയിലൂടെ വിരൽ ചൂണ്ടുന്നത് ഏതൊരാളുടെ സ്ഥാനവും പദവിയും ഉയർന്നതാണോ അയാൾ തെറ്റുചെയ്താൽ അതിന്റെ നഷ്ടം വളരേയധികമാണ് എന്നത്രെ. ഞങ്ങൾക്കും എല്ലാ അഹ്മദികുട്ടികളോടും പറയാനുള്ളത്, കുട്ടികളെ! നിങ്ങളുടെ സ്ഥാനം മറ്റെല്ലാ കുട്ടികളേക്കാളും ഉയർന്നതാണ്. നിങ്ങളിൽ ദൈവത്തിന്റെ കല്പനയ്ക്ക് നിരക്കാത്ത വല്ല തെറ്റായ പ്രവൃത്തിയോ പ്രവണതയോ ഉണ്ടെങ്കിൽ അതിന്റെ കാരണത്താൽ നിങ്ങൾക്കു മാത്രമല്ല, ഇസ്‌ലാമിനും ചീത്തപ്പേരുണ്ടാകും. അഹ്മദിയ്യത്തിന് ചീത്തപ്പേരുണ്ടാകും. ലോകം പറയും. നോക്കൂ, ആ കുട്ടി ഒരു അഹ്മദിയ്യാ മുസ്‌ലിം കുട്ടിയായിട്ടുകൂടി ഈ ചീത്ത പ്രവൃത്തി ചെയ്തു.

ഇസ്‌ലാമിന്റെയും അഹ്മദിയ്യത്തിന്റെയും തളിർചെടികളേ, നിങ്ങളുടെ ഈ ഉന്നത സ്ഥാനത്തെ എന്നും കാത്തുകൊൾക. ഇസ്‌ലാമിനും അഹ്മദിയ്യത്തിനും എതിരായ ഒരു പ്രവൃത്തിയും ചെയ്യരുത്. നിങ്ങളുടെ പ്രവർത്തനങ്ങളിലൂടെ ഇസ്‌ലാമിന്റെ യശസ്സ് ഉയർത്തുകയും അഹ്മദിയ്യത്തിന്റെ അഭിമാനം വളർത്തുകയും ചെയ്യുക. അതിലൂടെ ജനങ്ങൾ നിങ്ങളെ പുകഴ്ത്തിപ്പറയും.

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)ന്റെ വാക്കിലുള്ള പ്രതിജ്ഞ എല്ലാ അഹ്മദി കുട്ടികളും ഓർക്കുക. അത് എന്തെന്നാൽ

'അഹ്മദിയ്യത്തിന്റെ തൂണാണ് ഞാനെന്ന് എപ്പോഴും മനസ്സിലാക്കുന്നു. ഞാൻ കുറച്ചൊന്നു തെന്നിയാൽ അല്ലെങ്കിൽ എന്റെ പാദമൊന്നു വിറച്ചാൽ ഞാൻ മനസ്സിലാക്കും,അഹ്മദിയ്യത്തിന് പരിക്ക് പറ്റിയിരിക്കുന്നുവെന്ന്!

### അദ്ധ്യായം-15

## ഇസ്‌ലാമിന്റെ വിജയത്തെ സംബന്ധിച്ചുള്ള സുവാർത്തകൾ

ഇസ്‌ലാമിനെതിരെ ആക്രമണം പരന്നിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അല്ലാഹു ഈ ലേകത്ത് അയച്ചത്. എല്ലാ മതങ്ങളും ഇസ്‌ലാമിനെ ഇല്ലാതാക്കാൻ വേണ്ടി ഒരുങ്ങിയിരിക്കുകയാണ്. ഒരു കാലത്ത് ലോകം മുഴുവൻ പ്രതാപത്തോടെ വിരാചിച്ച മുസ്‌ലിംകൾ ഇന്ന് എല്ലാ മേഖലയിലും പരാജയപ്പെടുന്നതാണ് കാണാൻ കഴിയുന്നത്.

ഈ കാരണത്താൽ മുസ്‌ലിംകളിൽ വളരെയധികം നിരാശയും ഉദാസീനതയും ഉടലെടുക്കുകയും ഇത്തരത്തിലുള്ള ശോചനീയ കാലഘട്ടത്തിലാണ് അല്ലാഹു മസീഹ് മൗഊദ്(അ)നെ അയച്ചത്. അദ്ദേഹം ഈ ലോകത്ത് അവതരിച്ച് ഇസ്‌ലാമിന്റെ എല്ലാ എതിരാളികൾക്കും തെളിവുകളും ദൃഷ്ടാന്തങ്ങളും മുഖേന ഇസ്‌ലാമിന്റെ സത്യത വെളിപ്പെടുത്തി. അവരുടെ വിമർശനങ്ങൾക്കും ആക്ഷേപങ്ങൾക്കും മറുപടി പറഞ്ഞു. ഇസ്‌ലാമിനെതിരായി തങ്ങളുടെ മതങ്ങളുടെ സത്യാവസ്ഥ തെളിയിക്കാൻ വെല്ലുവിളിച്ചു. അദ്ദേഹം ഇതിന്നായി ലക്ഷക്കണക്കിന് രൂപ സമ്മാനമായി നിശ്ചയിച്ചു. എന്നിട്ട് ഇങ്ങനെ ആഹ്വാനം ചെയ്തു. ഏതൊരു വ്യക്തി ഇസ്‌ലാമിന്റെ സത്യത്തിലേക്കുള്ള തെളിവുകൾ ഖണ്ഡിച്ചുകാട്ടുന്നുവോ അയാൾക്ക് ഈ തുക സമ്മാനമായി നൽകുന്നതാണ്. പക്ഷെ അടിക്കടി ചെയ്ത ഈ വെല്ലുവിളി നേരിടാൻ ഒരൊറ്റയാൾപോലും എത്തുകയുണ്ടായില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു ഭാഗത്ത് ഇസ്‌ലാമിന്റെ എതിരാളികളെ നേരിടുകയും അതിനോടൊപ്പം തന്നെ മറുഭാ

ഗത്ത് മുസ്‌ലിംകളുടെ നിരാശയെ ദൂരീകരിക്കുകയും ചെയ്തു. അല്ലാഹുവിന്റെ ആജ്ഞാനുസരണം ജനങ്ങൾക്ക് സന്തോഷ വാർത്ത അറിയിച്ചുകൊണ്ട് പറഞ്ഞു. ഇസ്‌ലാമിക സാമ്രാജ്യ ത്തിന് ഈ ആക്രമണങ്ങളിൽ ഒരു ഭയവും ആശങ്കയുമില്ല. അതിന്റെ സ്വീകാര്യതയുടെ നാൾ സമീപസ്ഥമാണ്. ആകാശ ത്തിൽ അതിന്റെ അടയാളം ദൃശ്യമായിരിക്കുന്നത് ഞാൻ കാണു ന്നു. (ആയിനെ കമാലാത്തെ ഇസ്‌ലാം)

ഈ സുവാർത്ത അല്ലാഹുവിന്റെ അനുഗ്രഹത്താൽ മെല്ലെ മെല്ലെ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവരിച്ച തെളിവുകളുമായി അഹ്മദിയ്യാ മുബ ല്ലിഗുമാർ ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ എത്തിയപ്പോൾ അവിടങ്ങളിലെല്ലാം ഇസ്‌ലാമിന്റെ വിജയക്കൊടി പറക്കാൻ തുടങ്ങി. എല്ലാ വിഭാഗത്തിലുംപെട്ട നല്ലവരായ ജനങ്ങൾ മുസ്‌ലികളാകാൻ തുടങ്ങി. മുസ്ലിംകൾ എല്ലാ രംഗത്തും പരാ ജിതരായിരുന്ന അവസ്ഥയിൽ നിന്നും മാറി അഹ്മദി മുബല്ലി ഗുമാരിലൂടെ ലോകം മുഴുവൻ ഇസ്‌ലാം വ്യാപിക്കാനും അഭി വൃദ്ധിപ്പെടാനും തുടങ്ങി. ഇത് ഇസ്‌ലാമിന്റെ വലിയവലിയ ശത്രുക്കൾപോലും അംഗീകരിച്ചിരിക്കുന്നു. തങ്ങളുടെ നിരാശ കൾ ദൂരീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു എന്ന് മുസ്‌ലിംകൾ സ്വയം ഇപ്പോൾ അംഗീകരിക്കാൻ തുടങ്ങിയിരിക്കുന്നു.

അഹ്മദി കുഞ്ഞുങ്ങളേ, തീർച്ചയായും ഇസ്‌ലാമിന്റെ വിജയം സുനിശ്ചിതമാണെന്ന് നിങ്ങളും ഉറച്ചുവിശ്വസിക്കുക. ഞങ്ങളും വലുതായാൽ ഇസ്‌ലാമിന്റെ സേവകരാകുമെന്നും ഇസ്‌ലാമിന്റെ വിജയത്തിൽ ഭാഗവാക്കാകുമെന്നും ഇസ്‌ലാമിനു വേണ്ടി ഏതൊരു തരത്തിലുള്ള ത്യാഗത്തിനുവേണ്ടിയാണോ ഹുസൂർ നമ്മോട് കല്പിച്ചിരിക്കുന്നത് നിശ്ചയമായും അത് പ്രാവർത്തികമാക്കുന്നതുമാണെന്ന് മനസ്സിൽ തീരുമാനിച്ചുറപ്പി ക്കുക.

## (11) അഹ്ലെഖാദിയാൻ കെ നാം പൈഗാം

### (ഖാദിയാൻ നിവാസികൾക്കൊരു സന്ദേശം)
### ഹദ്റത്ത് സയ്യിദ നവാബ് മുബാറക്ക ബേഗം സാഹിബ(റ:അ)

ഖുശാ നസ്വീബ് കെ തും ഖാദിയാ(ൻ) മെ രഹ്തെഹൊ
ദയാരെ മഹ്ദിയെ ആഖിർ സമാ(ൻ) മെ രഹ്തേഹൊ

ഖദം മസീഹ് കെ ജിസ്കൊ ബനാ ചുകേ ഹെ(ൻ) ഹറം
തും ഉസ് സമീനെ ഖറാമത് നിശാ(ൻ) മെ രഹ്തെഹൊ

ഖുദാനെ ബക്ഷിഹെ 'അദ്ദാർ' നഗഹ്ബാനീ
ഉസീ കെ ഹിഫ്സ് ഉസീ കീ അമാ(ൻ) മെ രഹ്തെഹൊ

ഫരിശ്തെ നാസ് കരേ(ൻ) ജിസ് കീ പഹരാദാരീ പർ
ഹം ഉസ്സെ ദൂർ ഹെ(ൻ) തും ഉസ് മകാ(ൻ) മെ രഹ്തെ ഹൊ

ഫസാഹെ ജിസ്കീ മുഅത്തർ നഫൂ സെ ഈസാസെ
ഉസീ മഖാമെ ഫലക് ആസ്താ(ൻ) മെ രഹ്തെഹൊ

ന ക്യു(ൻ) ദിലോ(ൻ) കൊ സകൂനൊ സുറൂർ ഹൊ ഹാസ്വിൽ
കെ ഖുർബെ ഖിത്വയെ റശ്കെ ജനാ(ൻ) മെ രഹ്തെഹൊ

തുമെ(ൻ) സലാം വ ദുആ ഹെ നസ്വീബ് സുബ്ഹൊ മസാ
ജവാരെ മർകദെ ശാഹെ സമാ(ൻ) മെ രഹ്തെഹൊ

ശബേ(ൻ) ജഹാ(ൻ) കീ 'ശബേ ഖദർ' ഔർ ദിൻ ഇദേ(ൻ)

ജൊ ഹംസെ ഛുറ് ഗയാ ഉസ് ജഹാ(ൻ) മെ രഹ്തെഹൊ

കുഛ് ഐസെ ഗുൽ ഹെ(ൻ) ജൊ പഴ് മുർദാ ഹേ(ൻ) ജുദാ ഹോകർ
ഉൻഹേ(ൻ) ഭീ യാദ് രഖോ ഗുലിസ്താ(ൻ) മെ രഹ്തോഹൊ

തുംഹാരെ ദംസെ ഹമാരെ ഘരോ(ൻ) കി ആബാദി
തുംഹാരി ഖൈദ് പെ സ്വദ്കെ ഹസാർ ആസാദി

ബുൽ ബുൽ ഹൂ(ൻ) സ്വിഹനേ ഭാഗ് സെ ദൂർ ഔർ ശികസ്താ പർ
പർവാന ഹൂ(ൻ) ചീറാഗ് സെ ദൂർ ഔർ ശികസ്താ പർ

# സത്യവാചകം

## നാസിറാത്തുൽ അഹ്മദിയ്യാ,

**അശ്ഹദു അല്ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹൂ ലാ ശരീകലഹൂ വ അശ്ഹദു അന്ന മുഹമ്മദൻ അബ്ദൂഹൂ വ റസൂലുഹൂ**

മെ ഇക്റാർ കർതീ ഹൂ(ൻ) കെ അപ്നെ മദ്ഹബ് ഖൗം ഔർ വത്വൻ കീ ഖിദ്മത്ത് കെ ലിയേ ഹർ വഖ്ത് തയ്യാർ രഹൂ(ൻ) ഗീ ഔർ സച്ചായീ പർ ഹമേശാ ഖായിം രഹൂ(ൻ)ഗീ (ഇൻശാ അല്ലാഹ്)

“ ആരാധനക്കർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് നബി(സ) അവന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. എന്റെ മതത്തിന്റെയും സമുദായത്തിന്റെയും രാജ്യത്തിന്റെയും സേവനത്തിന്നായി ഞാൻ എപ്പോഴും തയ്യാറായിരിക്കുന്നതാണ്. ഞാൻ എന്നെന്നും സത്യത്തിൽ ഉറച്ചിരിക്കുന്നതാണ്.

## അത്ഫാലുൽ അഹ്മദിയ്യാ

**അശ്ഹദു അല്ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹൂ ലാ ശരീകലഹൂ വ അശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹൂ വ റസൂലുഹൂ**

മെ വഅദാ കർതാ ഹൂ(ൻ) കെ ദീനെ ഇസ്ലാം ഔർ അഹ്മദിയ്യത്ത് ഖൗം ഔർ വതൻ കീ ഖിദ്മത്ത് കെ ലിയേ ഹർ ദം തയ്യാർ രഹൂ(ൻ) ഗാ. ഹമേശാ സച്ച് ബോലൂ(ൻ) ഗാ. കിസീകോ ഗാലി നെഹി ദൂ(ൻ)ഗാ, ഔർ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് കെ തമാം ഹുക്മോ(ൻ) പർ അമൽ കർനേ കീ കോശിശ് കറൂ(ൻ)ഗാ .(ഇൻശാ അല്ലാഹ്)

" ആരാധനക്കർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് നബി(സ) അവന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. ഇസ്ലാമിന്റെയും അഹ്മദിയ്യത്തിന്റെയും സമുദായത്തിന്റെയും രാജ്യത്തിന്റെയും സേവനത്തിന്നായി ഞാൻ എപ്പോഴും തയ്യാറായിരിക്കുന്നതാണ്. ഞാൻ എന്നെന്നും സത്യം മാത്രമേ പറയുകയുള്ളൂ. ആരെയും ചീത്ത വിളിക്കുന്നതല്ല. ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ എല്ലാ ആജ്ഞകളും പ്രാവർത്തികമാക്കുന്നതിന്നായി ഞാൻ എപ്പോഴും പരിശ്രമിക്കുന്നതാണ്.